# സുന്നി അഫ്കാർ

2011 ഫെബ്രുവരി 09 | 6 റബീഉൽ അവ്വൽ 1432 | പുസ്തകം 01 ലക്കം 22

20/മുഹമ്മദ്സലീം ദാരിമി ചെർള
സൂക്ഷ്മത പുലർത്തേണ്ട നിരീക്ഷണങ്ങൾ

24/ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി
രണഭൂമിയിൽ നിന്ന് പ്രിയതമക്കൊരു കത്ത്

## നരകത്തിൽ നിന്ന് വീണ്ടുമൊരാൾ കൂടി...

08



ഇഹ്തിഷാം ഖുതുബുദ്ദീൻ സിദ്ദീഖി

ഇസ്‌ലാഹുൽ ഉലൂം

## ഊർജ്ജപ്രതാപങ്ങളെ ആവാഹിച്ച അറിവുകേന്ദ്രം



14

മുഹമ്മദ് ആരിഫ് പുതുപ്പള്ളി

## സൗഹൃദബന്ധത്തിന്റെ ആത്മീയ-വൈജ്ഞാനിക തലങ്ങൾ

17



പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ

വായനക്കാരുടെ എഴുത്തുകൾ
എഡിറ്റോറിയൽ
വാർത്തകൾ
വിചാരപഥം

28/ബഷീർ കാട്ടുമുണ്ട
നാട്ടിലെ കുടിയൻമാരെ എന്തുചെയ്യും

30/ജലീൽ ഫൈസി പുല്ലങ്കോട്
മുറിഞ്ഞുപോകാത്ത ബന്ധങ്ങൾ

വില 5 രൂപ
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# ഹിന്ദുത്വ ചരിത്രത്തിന് വർത്തമാനം നിറപ്പകിട്ടേകുന്നു

**ഹാഫിസ് റാസിഖ്**
പേരാൽ, വയനാട്

മഹാത്മാ ഗാന്ധിയുടെ ഹൈന്ദവതയും ഗോൾവാൾക്കറിന്റെ ഹിന്ദുത്വവും അഹിംസ-ഹിംസ എന്നത് പോലെ വിപരീതങ്ങളാണ്. ഉദാഹരത്തിന് ചരിത്രം പഠിക്കേണ്ടതില്ല, സമകാലിക സംഭവ വികാസങ്ങൾ തന്നെ ധാരാളം. ഹിന്ദുത്വ ചരിത്രത്തിന് വർത്തമാനം കൂടുതൽ നിറപ്പകിട്ട് നൽകുന്നു. ഹിന്ദുത്വത്തിന് പല്ലും നഖവുമുണ്ടെന്നത് പൊതുവർത്തമാനമാണെങ്കിൽ അതിന്റെ ചെയ്തികൾ മറനീക്കി പുറത്തുവരുമ്പോൾ മതേതരത്വത്തെയോർത്ത് നമുക്ക് സഹതപിക്കാം.

രാജ്യത്തെ മുസ്‌ലിംകളുടെമേൽ കെട്ടിവച്ചിരുന്ന സ്ഫോടന പരമ്പരകളുടെ നഗ്നയാഥാർത്ഥ്യങ്ങൾ ചുരുളഴിഞ്ഞുവരുന്നതിനെക്കുറിച്ച് സുന്നി അഫ്കാർ ലക്കം ശ്രദ്ധയിൽപെട്ടു. മക്കാ മസ്ജിദ്, അജ്മീർ, സംഝോത എക്സ്പ്രസ്, മലേഗാവ് തുടങ്ങിയ സ്ഫോടനങ്ങളെല്ലാം ഫാഷിസ്റ്റുകൾ നടത്തിയത് മുസ്‌ലിംകളെ മാത്രം ഉന്നം വെച്ചായിരുന്നുവെന്നത് പറയേണ്ടതു തന്നെയാണ്. മുസ്‌ലിംകളെ തമ്മിലടിപ്പിച്ച് ഹിന്ദു രാഷ്ട്രമുണ്ടാക്കുകയാണ് അവരുടെ സ്വപ്നം. ഇപ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ കേസ് ഫയലുകൾ തിരുത്തലിന്റെ തിരക്കിലാണ്. കാരണം, മുസ്‌ലിം പേരുകൾ മാറ്റി യഥാർത്ഥ പേരുകൾ ചേർക്കണമല്ലോ.

ആർ.എസ്.എസ്. നേതാവ് ഇന്ദ്രേഷ്കുമാർ, സ്വാമി അസിമാനന്ദ, ലോകേഷ്ഷർമ്മ, ദേവേന്ദ്ര ഗുപ്ത, സുരേഷ് നായർ, ശ്രീകാന്ത് പുരോഹിത്, പ്രജ്ഞാസിംഗ് ഠാക്കൂർ, സുനിൽജോഷി തുടങ്ങി ഭീകരരുടെ പ്രതിപ്പട്ടിക നീളുകയാണ്. ഗൂഢാലോചന പുറത്താവുന്നതിന്

സുനിൽജോഷിയെ സഹപ്രവർത്തകർ തന്നെ കൊലപ്പെടുത്തുകയായിരുന്നു. ഉപയോഗിച്ചതിനുശേഷം ഉപേക്ഷിക്കുക എന്നത് അവർക്ക് പുതുമയൊന്നുമല്ലല്ലോ.

'മുസ്‌ലിം രാഷ്ട്രീയ മഞ്ച്' എന്ന കൂട്ടായ്മയുണ്ടാക്കി മുസ്‌ലിംകളെ വലവീശിപ്പിടിച്ചുവെന്നും അതിലൂടെ പാക്ചാര സംഘടനയായ ഐ.എസ്.ഐയുമായി ബന്ധപ്പെട്ടുവെന്നതും അന്വേഷണത്തിലൂടെ പുറത്തായിരിക്കുകയാണ്. മാത്രമല്ല, കാവിഭീകരതയുടെ വേരുകൾ കേരളത്തിലുമുണ്ടെന്നതും തെളിയിക്കപ്പെട്ടു. മലയാളികൾ കാശ്മീരിൽ സൈന്യത്തിന്റെ വെടിയേറ്റ് മരിച്ചപ്പോൾ കേരളം തീവ്രവാദത്തിന്റെ നേഴ്സറിയായെന്ന് ആക്രോഷിച്ച മുത്തശ്ശിപത്രങ്ങൾ ഈ സംഭവങ്ങളൊന്നും കണ്ട മട്ടേയില്ല.

'കാവിഭീകരത' എന്ന വാക്ക് ഉപയോഗിക്കുന്നത് അവർക്ക് മധുരിക്കുന്നില്ലത്രെ. ആഭ്യന്തരമന്ത്രി ചിദംബരത്തിന്റെ 'കാവിഭീകരതയെന്ന പദപ്രയോഗത്തിനെതിരെ ബി.ജെ.പി നേതൃത്വവും ഉറഞ്ഞുതുള്ളി. വിക്കിലീക്സ് രഹസ്യച്ചെപ്പ് തുറന്നതോടെ രാഹുൽഗാന്ധിയും കുടുക്കിലായി. ആർ.എസ്.എസ്. രാഷ്ട്രത്തിന് ഭീഷണിയാണെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. സത്യം പറഞ്ഞാൽ അത് പെറ്റ ഉമ്മക്കും പിടിക്കൂലെന്നാണല്ലോ ചൊല്ല്.

മുംബൈ ഭീകരാക്രമണത്തിനിടെ വെടിയേറ്റു മരിച്ച കർക്കറെയുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണം മൂടിവെച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് സംശയിക്കുകപോലുമരുതെന്നാണ് ചിലരുടെ ന്യായം. 9/11-ലും ഹോളോകോസ്റ്റിലും സ്വീകരിച്ച അമേരിക്കയുടെ അതേ നിലപാട്. കർക്കരെ വിഷയത്തിൽ, കുറച്ചു മുമ്പ് ആന്തുലെയാണ് വിവാദങ്ങൾക്കിരയായതെങ്കിൽ ഇപ്പോൾ ദിഗ്‌വിജയ്സിംഗാണ് കഥാനായകൻ. മരണത്തിന്റെ രണ്ടു മണിക്കൂർ മുമ്പ് അദ്ദേഹം തനിക്ക് വിളിച്ചു ഭീഷണിയുണ്ടെന്നു പറഞ്ഞിരുന്നെന്ന് തെളിവുകൾ കാണിച്ച് സിംഗ് സമർത്ഥിച്ചു. നീതിക്കായുള്ള അദ്ദേഹത്തിന്റെ പോരാട്ടം വിജയം കാണുമെന്ന് പ്രതീക്ഷിക്കാം.

ജർമനിയിലെ നാസിസ്റ്റുകൾ ജൂതരെ കണ്ടിരുന്നതു പോലെയാണ് ഇന്ത്യയിൽ ബി.ജെ.പി. മുസ്‌ലിംകളെ കാണുന്നതെന്ന സത്യവും സിംഗ് തുറന്നു പറഞ്ഞു. ഇതിലുമുണ്ടായി മറുപക്ഷത്തിന്റെ ഒളിയമ്പുകൾ. നേരെ ചൊവ്വെ പറഞ്ഞാൽ രാജ്യത്ത് സത്യത്തിന് നിൽക്കപ്പൊറുതിയില്ലാതിരിക്കുകയാണ്. അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുന്നെന്നു അരുന്ധതി റോയ് പറഞ്ഞത് വെറും വികാരവാക്കാവാനിടയില്ല.

തീവ്രവാദക്കുറ്റം ചുമത്തപ്പെട്ട ബാംഗ്ലൂരിലെ ഡോ. ഹനീഫിനോട് മാപ്പ് പറയുകയും പാരിതോഷികം നൽകുകയും ചെയ്തത് ആസ്ട്രേലിയയുടെ മാനുഷിക നീതിയായിക്കാണാം. നേരെ മറിച്ച്, അതേ പൗരന്റെ രാജ്യത്തെ നിരവധി മുസ്‌ലിം നിരപരാധികൾ (ഭീകരതക്ക് കാവി മുഖം തെളിഞ്ഞെങ്കിലും) അഴികൾക്കുള്ളിലാണിന്നും. അവരെന്നാണാവോ മോചിപ്പിക്കപ്പെടുക?

# മറച്ചുവച്ച വിവരങ്ങൾ പുറത്തുവരുന്നു എന്നതു കാര്യമാണ്

**എം. അശ്റഫ് ഫൈസി**
കാവനൂർ മലപ്പുറം

**വി**വര സാങ്കേതികതയുടെ ഈ യുഗത്തിൽ ഒരു വിവരവും രഹസ്യമല്ല എന്ന അറിവാണ് വിക്കിലീക്സിന്റെ വെളിപ്പെടുത്തലുകൾ നൽകുന്നത്. മനുഷ്യന്റെ എല്ലാ കർമങ്ങളും ചെയ്തികളും ചിന്തകളും മലക്കുകൾ രേഖപ്പെടുത്തിവെക്കുന്നു എന്നത് ഇസ്‌ലാമിക വിശ്വാസമാണ്. പരലോകത്ത് ദൈവസമക്ഷം ഈ രേഖകളായിരിക്കും മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് സാക്ഷിയാവുക എന്നതും നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ്. ഇതിന്റെ യുക്തിസാധ്യതയെക്കുറിച്ച് സംശയമുള്ളവർക്ക് വിവരസാങ്കേതിക രംഗത്തുണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങളും അത്ഭുതങ്ങളും തങ്ങളുടെ സംശയനിവാരണത്തിന് സഹായകമായിട്ടുണ്ട്.

ഒളിച്ചുവച്ച വിവരങ്ങൾ എല്ലാം പുറത്തു കൊണ്ടുവരാനും പ്രസിദ്ധീകരിക്കാനും അങ്ങനെ ഒളിച്ചുവച്ചവരെ നാണംകെടുത്താനും കഴിയുമെന്നാണ് വിക്കിലീക്സിന്റെ വെളിപ്പെടുത്തലുകൾ തെളിയിക്കുന്നത്. ഈ വെളിപ്പെടുത്തലുകൾ പല രാജ്യങ്ങളെയും രാഷ്ട്രീയ പ്രമുഖരെയും വലിയ കെണിയിൽ വീഴ്ത്തിയിട്ടുണ്ട്.

ഇതേ അവസരത്തിൽ തന്നെയാണ് ഇന്ത്യയിലെ പ്രമുഖർക്ക് വേണ്ടി, പബ്ലിക് റിലേഷൻസ് പ്രവർത്തനത്തിന്റെ ഭാഗമായി നീരാ റാഡിയ നടത്തിയ ലോബിയിംഗ് വിവരങ്ങളും പുറത്തുവന്നത്. ഇവ രണ്ടും വ്യത്യസ്ത മാനങ്ങളുള്ള വെളിപ്പെടുത്തലുകളാണെങ്കിലും ചില തന്ത്രപ്രധാനമായ വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാവാൻ സഹായകമായി എന്നതാണ് ഇവിടെ പ്രസക്തമായ ഒരു സംഗതി. വിവരങ്ങളുടെ ഒരു തരത്തിലുള്ള ജനാധിപത്യവത്കരണ പ്രക്രിയയായി ഇതിനെ വിശേഷിപ്പിക്കാം എന്നു തോന്നുന്നു.

## വായനക്കാരുടെ എഴുത്തുകൾ

# പ്രാർത്ഥന ദുർവ്യാഖ്യാനിക്കപ്പെട്ടുകൂടാ

**എം.എ. ഹമീദ് ദാരിമി കുമ്മിണിപ്പറമ്പ്**
കൊണ്ടോട്ടി, മലപ്പുറം



ഇന്നിപ്പോൾ മുസ്‌ലിംകൾക്കിടയിൽ വലിയ തെറ്റിദ്ധാരണക്ക് വിധേയമായ ഒരു വിഷയമാണ് പ്രാർത്ഥന. പ്രാർത്ഥന അല്ലാഹുവോട് മാത്രം എന്ന സത്യവാചകത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ഇഷ്ടക്കാരോട് ശിപാർശ തേടുന്ന ഇസ്തിഗാസയും തവസ്സുലും സാങ്കേതിക പ്രാർത്ഥനയാണെന്ന് നവീനാശയക്കാർ ജൽപ്പിക്കുന്നു.

ദുആഅ് എന്ന അറബി പദത്തിന് ഭാഷാപരവും സാങ്കേതികപരവുമായ അർത്ഥങ്ങളുണ്ട്. തന്നെക്കാൾ ഉയർന്നവരോട് അല്ലെങ്കിൽ ഉയർന്നവരെന്ന് വിചാരിക്കുന്നവരോട് നടത്തുന്ന അപേക്ഷക്ക് ദുആ (പ്രാർത്ഥന) എന്നും തന്നെക്കാൾ താഴ്ന്നവരോട് അപേക്ഷിക്കുന്നതിന് അംറ് (കൽപ്പന) എന്നും തന്റെ സമാനരോട് അപേക്ഷിക്കുന്നതിന് ഇൽതിമാസ് (അഭ്യർത്ഥന) എന്നും പറയപ്പെടുമെന്ന് മുത്വവ്വൽ, മുഖ്തസ്വർ എന്നീ ഭാഷാ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

തന്നെക്കാൾ ഉയർന്നവരോട് (സ്രഷ്ടാവായാലും സൃഷ്ടിയായാലും) നടത്തുന്ന അപേക്ഷയാണ് ഭാഷാപരമായി ദുആ (പ്രാർത്ഥന) എന്ന് പറയുന്നത്. ഇക്കാര്യം മലയാള ഭാഷാ നിഘണ്ടുവിലും കാണാവുന്നതാണ്.

വേദശാസ്ത്ര വീക്ഷണത്തിൽ 'ദുആഅ്' (പ്രാർത്ഥന) എന്നതിന്റെ വിവക്ഷ വിശുദ്ധഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്സീറുൽ കബീറിൽ ഇമാം റാസി(റ) പറയുന്നത് അടിമ തന്റെ യജമാനനോട് നടത്തുന്ന അപേക്ഷയാണ് എന്നാണ്. സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ ബാരി നിർവചിക്കുന്നത് 'പാരമ്യത്തിലെത്തിയ വണക്കം വെളിവാക്കലും അല്ലാഹുവിലേക്ക് ആവശ്യം ഉന്നയിക്കലുമാണ് ദുആ' എന്നാണ്. അറബി ഭാഷാ നിഘണ്ടുവായ അൽഖാമൂസിലും ഇതേ നിർവചനം കാണാം. താൻ ദൈവമെന്നു വിശ്വസിക്കുന്ന ഒരു വ്യക്തി, ശക്തിയുടെ മുന്നിൽ തന്റെ ആഗ്രഹങ്ങൾ അവതരിപ്പിക്കുന്നതിനാണ് സാങ്കേതികപരമായി പ്രാർത്ഥന എന്നു പറയുന്നത്. മുസ്‌ലിംകൾ ക്രൈസ്തവർ, ഹൈന്ദവർ തുടങ്ങിയവരെല്ലാം പ്രസ്തുത അർത്ഥത്തിൽ പ്രാർത്ഥന എന്ന പദം ഉപയോഗിക്കാറുണ്ട്. വേദശാസ്ത്രപ്രകാരമുള്ള ഈ പ്രാർത്ഥന അല്ലാഹുവോട് മാത്രമേ പാടുള്ളൂ. അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാൻ പാടില്ലെന്ന് മുൻകാല പണ്ഡിതനായ ബഹു. റശീദുദ്ദീൻ മൂസ മുസ്‌ലിയാർ പറഞ്ഞത് ഈ സാങ്കേതിക പ്രാർത്ഥനയെ സംബന്ധിച്ചാണ്.

ഭാഷാപരമായ വിശാലാർത്ഥമുള്ള പ്രാർത്ഥനയെ സംബന്ധിച്ചാണ് അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാമെന്നും ശറഇന്റെ സാങ്കേതികാർത്ഥപ്രകാരമുള്ള പ്രാർത്ഥനയെ സംബന്ധിച്ചാണ് പ്രാർത്ഥന അല്ലാഹുവോട് മാത്രമേ പാടുള്ളൂ എന്നും പറഞ്ഞിട്ടുള്ളത്. ഇതു രണ്ടും കൂട്ടിക്കലർത്തി സത്യവിശ്വാസികളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന വഹാബികൾ പ്രാർത്ഥനയുടെ വിഷയത്തിൽ കടുത്ത അങ്കലാപ്പിലാണിപ്പോൾ.

# മരങ്ങളുടെ
# ദൈവികമായ അകമിയങ്ങൾ

**തളിർത്തുനിൽക്കുന്ന** മരങ്ങളെ മനസ്സിൽ പറിച്ചുനട്ടാലോ എന്നു തോന്നും ചില നേരങ്ങളിൽ. ജീവിതത്തിന്റെ പുകച്ചിലുകൾക്കിടയിൽ അത്രയുംവലിയ, നനുത്ത കുളിർമയാണ് അവ നൽകുന്നത്. സഞ്ചാരത്തിനും സംസാരത്തിനും താമസത്തിനുമൊക്കെ നാം മരങ്ങളുടെ തണൽ തേടുന്നു.

നക്ഷത്രവും വൃക്ഷവും അല്ലാഹുവിന് സുജൂദ് ചെയ്യുന്നുവെന്ന് ഖുർആൻ. ദൈവികമായ അകമിയങ്ങളെ എല്ലാ അർത്ഥത്തിലും മരങ്ങൾ ആവാഹിച്ചിട്ടുണ്ടെന്നത് നമ്മുടെ അനുഭവമാണ്. ഭൂമിയിലും സ്വർഗത്തിലും നല്ല വൃക്ഷങ്ങളും വൃക്ഷഫലങ്ങളുമാണ് അല്ലാഹു വിശ്വാസികൾക്ക് ഒരുക്കിവച്ചിരിക്കുന്നത്.

വേവുകൾ മാത്രം നൽകുന്ന ഭൂമിയും ജീവിതവുമുള്ളപ്പോൾ തളിരിലകളുടെ തലോടലാണ് മനുഷ്യന് ആകെ ആശ്വാസം. പഴയകാലത്ത് പ്രായമായവരും കുട്ടികളുമൊക്കെ വൃക്ഷത്തൈകൾ നട്ടുവളർത്തിയിരുന്നു. ജീവിതത്തിൽ ഒരു വൃക്ഷത്തൈയ്യെങ്കിലും നടാത്തവരായിരിക്കുന്നു പുതിയ സമൂഹം.

> നക്ഷത്രവും വൃക്ഷവും അല്ലാഹുവിന് സുജൂദ് ചെയ്യുന്നുവെന്നാണ് ഖുർആൻ. ദൈവികമായ അകമിയങ്ങളെ എല്ലാ അർത്ഥത്തിലും മരങ്ങൾ ആവാഹിച്ചിട്ടുണ്ടെന്നത് നമ്മുടെ അനുഭവമാണ്.

നാളെ ജീവിക്കുമെന്ന് ഒരു പ്രതീക്ഷയില്ലെങ്കിലും മണ്ണിൽ വൃക്ഷം നടുന്നത് വലിയ പുണ്യമാണെന്ന് മതം പഠിപ്പിക്കുന്നു; ശേഷക്കാർക്കു കൂടി ബാക്കിവെക്കാനുള്ളതാണ് ജീവിതമെന്ന്. 'ഒരു മുസ്‌ലിം വൃക്ഷം നടുകയോ കൃഷി ചെയ്യുകയോ ചെയ്യുകയും അതിൽനിന്ന് മനുഷ്യരോ ജീവികളോ മറ്റെന്തെങ്കിലും വസ്തുക്കളോ തിന്നുകയും ചെയ്യുകയില്ല; അതവന് സ്വദഖയായിട്ടല്ലാതെ' എന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

**-എഡിറ്റർ**



# നരകത്തിൽ നിന്ന് വീണ്ടുമൊരാൾ കൂടി...

പ്രധാന സ്റ്റോറി

● **ഇഹ്തിഷാം ഖുതുബുദ്ദീൻ സിദ്ദീഖി**

**ഞാ**ൻ ഇഫ്തിഖാർ ഗീലാനിയല്ല; ഇഹ്തിഷാം ഖുതുബുദ്ദീൻ സിദ്ദീഖിയാണ്. പുസ്തകപ്രസാധന രംഗത്ത് പ്രവർത്തിക്കുന്ന 29കാരനായ ഞാൻ ഉത്തർപ്രദേശിലെ ഒരു സാധാരണ കുടുംബത്തിലാണ് ജനിച്ചത്. 1996-ൽ ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി മുംബൈയിലേക്ക് താമസം മാറി. 202, സഫിയ മൻസിൽ, മീരാറോഡ് (ഈസ്റ്റ്), താനെ-401107 എന്നാണ് മുംബൈയിലെ എന്റെ പെർമനന്റ് ഹോം അഡ്രസ്സ്.

മഹാരാഷ്ട്ര കോളേജിൽ വെച്ച് പ്ലസ്ടു പൂർത്തിയാക്കി. 1998-ൽ കെമിക്കൽ എൻജിനീയറിംഗ് കോഴ്സിൽ മുബൈ യൂണിവേഴ്സിറ്റിയിലൂടെ നാരായണൻനാഗു പാട്ടീൽ എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചു. കാമ്പസിനടുത്തുള്ള ഒരു ഹോസ്റ്റലിലാണ് ഞാൻ താമസിക്കാറ്. എങ്കിലും ഒഴിവു വേളകളിലും വെക്കേഷൻ സമയങ്ങളിലും മുംബൈയിലെ എന്റെ വീട് സന്ദർശിക്കാറുണ്ട്.

2001 സെപ്റ്റംബർ 27, വീട് സന്ദർശിക്കണമെന്ന നിലക്ക് ഹോസ്റ്റലിൽ നിന്നും യാത്രപോകുകയായിരുന്നു. വഴിയിൽ വെച്ച്, അൽപം വായിക്കാമെന്നു കരുതി വെസ്റ്റ് മുംബൈയിലെ ഹീറ്റ്വാല കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ലൈബ്രറി സന്ദർശിക്കാമെന്ന് ആലോചിച്ചു. അന്നു വൈകുന്നേരം, ഏതാണ്ട് രാത്രി എട്ടു മണി ആയിക്കാണും. കുറച്ചു പോലീസുകാർ ആ ലൈബ്രറിയിലേക്ക് കടന്നുവരികയും എന്നെയും ഒപ്പം മറ്റ് ഏഴു പേരേയും പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോവുകയും ചെയ്തു. കാരണം അവർ പറഞ്ഞില്ല. സിമി (സ്റ്റുഡന്റ് ഇ

സ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) ഒരു നിരോധിത സംഘടനയാണ് എന്നു മാത്രം പറഞ്ഞു. സത്യത്തിൽ, ആ സംഘടനയുമായി എനിക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ലായിരുന്നു. ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് കോടതി 3,000 രൂപയുടെ ജാമ്യത്തിൻമേൽ എന്നെ വിട്ടയച്ചു. പക്ഷേ, കുർള പോലീസ് എന്നെ വിട്ടയക്കുന്നതിനു പകരം പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി ലോക്കപ്പിലിട്ടു. ഇതേ കുറ്റത്തിൽ മറ്റൊരു കേസിലാണ് അറസ്റ്റ് ചെയ്തതെന്ന് അവരുടെ വക ഒരു ഗീർവാണവും. എനിക്കു പുലബന്ധം പോലുമില്ലാത്ത വ്യാജക്കേസുകളിൽ അവർ എന്നെ കുടുക്കി. സമൂഹത്തിൽ എനിക്കുണ്ടായിരുന്ന ഇമേജ് അതോടെ അവർ ഇല്ലാതാക്കി. രണ്ടാമത്തെ വ്യാജക്കേസിന്റെ അടിസ്ഥാനത്തിൽ പോലീസ് എന്നെ 15 ദിവസത്തേക്ക് കസ്റ്റഡിയിലെടുത്തു. 15 ദിവസത്തിനു ശേഷം ഒരു സോപാധിക ജാമ്യത്തുകയെന്ന നിലക്ക് 8,000 വീണ്ടും നൽകേണ്ടിവന്നു. എനിക്ക് എന്റെ പഠനം തുടരാൻ സാധിച്ചില്ല. ഒടുവിൽ എൻജിനീയറിംഗ് കോഴ്സ് പൂർത്തിയാക്കാനാകാതെ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. അതിനു ശേഷം എന്റെ പേഴ്സണൽ കമ്പ്യൂട്ടറിൽ ഡസ്ക്ടോപ്പ് പബ്ലിഷിംഗ് (Desk Top Publishing) പഠിക്കുകയും "ഗ്രാഫിക് പോയിന്റ്" എന്ന പേരിൽ മീരാ റോഡിലെ എന്റെ വീട്ടിൽ നിന്ന് ഒരു ഡി.ടി.പി. ബിസിനസ്സ് ആരംഭിക്കുകയും ചെയ്തു. 2004 മാർച്ചിൽ പൊതുവിജ്ഞാനമടങ്ങുന്ന ഗ്രന്ഥങ്ങളും ഇസ്ലാമിക സാഹിത്യങ്ങളും പ്രസിദ്ധീകരിച്ചുകൊണ്ട് 'ശഹാദ പബ്ലിഷിംഗ് ഹൗസ്' എന്ന നാമധേയത്തിൽ ഒരു പ്രസിദ്ധീകരണ വിഭാഗം ഞാൻ തുടങ്ങി.

കുർള പോലീസ് സ്റ്റേഷനിൽ പഴയ രേഖയുള്ള കാരണത്താൽ പിടിച്ചുകൊണ്ടുപോയി തടവിലാക്കൽ ഒരു പതിവ് പല്ലവിയായിത്തീർന്നു. മുംബൈയിൽ എവിടെയെങ്കിലും എപ്പോഴെങ്കിലും എന്തെങ്കിലും ഒരു സംഭവം ഉണ്ടാകുകയാണെങ്കിൽ ഒരു ഔദ്യോഗിക ചോദ്യംചെയ്യലിന് പോലീസ് എന്നെ വിളിക്കുമായിരുന്നു. കുർള പോലീസ് രജിസ്റ്റർ ചെയ്ത ആ രണ്ടു വ്യാജ കേസുകളല്ലാതെ മുംബൈയിൽ ഒരു സാധാരണ ജീവിതം നയിക്കുമ്പോൾ മറ്റൊരു ക്രിമിനൽ റെക്കോർഡും എന്റെ പേരിലുണ്ടായിട്ടില്ല.

ജൂലൈ 11ന് ഏറ്റവും തിരക്കേറിയ സമയത്ത് മുംബൈയിലെ വെസ്റ്റേൺ റെയിൽവേയിൽ ലോക്കൽ ട്രെയിനുകളിൽ സ്ഫോടനങ്ങൾ നടന്നു. ആ നേരത്ത് ഞാൻ വീട്ടിലായിരുന്നു. മീരാ റോഡിലെ സ്ഫോടനത്തെ കുറിച്ച് അറിഞ്ഞപ്പോൾ അതിനിരയായവരെ സഹായിക്കാൻ സംഭവസ്ഥലത്തേക്ക് ഞാൻ പോയി. പതിവു പല്ലവിപോലെ ഔദ്യോഗിക അന്വേഷണത്തിന് പോലീസ് എന്റെ അടുത്തേക്ക് വരുമെന്ന് എനിക്ക് നന്നായി അറിയാമായിരുന്നു. കാരണം, ഇത് 2001 മുതൽ ഒരു ട്രെൻഡായി മാറിയിട്ടുണ്ടല്ലോ? ആയതിനാൽ, 2006 ജൂലൈ 13-ന് ഒരു വൈകുന്നേര സമയത്ത് മീരാറോഡ് പോലീസ്സ്റ്റേഷനിലെ സീനിയർ പോലീസ് ഇൻസ്പെക്ടർ (SPI) മുരാദെ എന്റെ വീട്ടിലേക്ക് വരുകയും അടുത്ത ദിവസം പോലീസ് സ്റ്റേഷനിലേക്ക് വരാൻ ആവശ്യപ്പെടുകയും ചെയ്തു. ജൂലൈ 14ന് 11 മണിക്ക് അദ്ദേഹത്തെ കാണാൻ സ്റ്റേഷനിലേക്ക് പോയി. സംഭവം നടക്കുമ്പോൾ എവിടെയായിരുന്നുവെന്നതിനെ സംബന്ധിച്ചും മറ്റും അദ്ദേഹം ചോദിച്ചു. അവസാനം ഫോൺ നമ്പർ നൽകാൻ ആവശ്യപ്പെട്ടു. അങ്ങനെ ഫോൺ നമ്പറും കൊടുത്ത് ഞാൻ അവിടം വിട്ടു. കൂടുതൽ അന്വേഷണം ആവശ്യമാകുകയാണെങ്കിൽ ഫോണിൽ ബന്ധപ്പെടുമെന്നും പറഞ്ഞു.

ജൂലൈ 24. ഏതാണ്ട് രാവിലെ 11 മണി. ഭീകരവിരുദ്ധ സ്ക്വാഡ് യൂണിറ്റ് രണ്ടിലെ (ATS UNIT-2) പോലീസ് സബ് ഇൻസ്പെക്ടർ സുനിൽമാനെ (PSI സുനിൽമാനെ) എന്റെ വീട് സന്ദർശിക്കുകയും അന്നേദിവസം തന്നെ 3 മണിക്ക് മുമ്പ് നാഗ്പാഡ പോലീസ് സ്റ്റേഷനിൽ എത്തണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു. രണ്ടു മണിക്ക് പറഞ്ഞ സ്ഥലത്ത് ഞാനെത്തി. അങ്ങനെ അദ്ദേഹത്തെ കണ്ടു. സീനിയർ ഉദ്യോഗസ്ഥർ എന്നെ ചോദ്യം ചെയ്യുമെന്നും അതിനായി അവർ എ.ടി.എസ്. ഓഫീസിലേക്ക് എന്നെ കൊണ്ടുപോകുമെന്നും അദ്ദേഹം എന്നോട് പറഞ്ഞു. അവിടെ എത്തിയപ്പോൾ പി.എസ്.ഐ. സുനിൽമാനെ എന്നെ രണ്ടാം നിലയിലേക്ക് കൊണ്ടുപോയി ലോക്കപ്പിലിട്ടു. അവിടെ പി.ഐ. വിലാസ് ജോഷിയേയും പി.ഐ. ദിനേശ് അഹീറിനെയും, പി.എസ്.ഐ. ശൈലേഷ് ഗെയ്ക്ക്വാദിനെയും മറ്റുള്ളവരേയും വിളിപ്പിച്ച് ബെൽറ്റും വടിയും കൊണ്ട് എന്നെ പൊതിരെ തല്ലി. വൈകുന്നേരം വരെ ഇതു തുടർന്നു. ശേഷം ബോയ്വാഡയിൽ നിന്നും നാഗ്പാഡയിലേക്ക് കൈയാമം വെച്ച് അവർ എന്നെ കൊണ്ടു പോയി. എന്റെ രക്ഷിതാക്കളെയോ ഏതെങ്കിലും ബന്ധുക്കളെയോ വിവരമറിയിക്കാൻ അവർ എന്നെ അനുവദിച്ചില്ല. ലോക്കപ്പി

പി.ഐ. വിലാസ് ജോഷിയേയും പി.ഐ. ദിനേശ് അഹീറിനെയും, പി.എസ്.ഐ. ശൈലേഷ് ഗെയ്ക്ക്വാദിനെയും മറ്റുള്ളവരേയും വിളിപ്പിച്ച് ബെൽറ്റും വടിയും കൊണ്ട് എന്നെ പൊതിരെ തല്ലി. വൈകുന്നേരം വരെ ഇതു തുടർന്നു. ശേഷം ബോയ്വാഡയിൽ നിന്നും നാഗ്പാഡയിലേക്ക് കൈയാമം വെച്ച് അവർ എന്നെ കൊണ്ടു പോയി. എന്റെ രക്ഷിതാക്കളെയോ ഏതെങ്കിലും ബന്ധുക്കളെയോ വിവരമറിയിക്കാൻ അവർ എന്നെ അനുവദിച്ചില്ല. ലോക്കപ്പിലിടുന്നതിനു മുമ്പ്, ദേഹപരിശോധനയ്ക്കിടയിൽ എന്റെ പോക്കറ്റ് മുഴുവൻ അവർ കാലിയാക്കി



*ഇഹ്തിഷാം ഖുതുബുദ്ദീൻ സിദ്ദീഖി എ.ടി.എസ്. കസ്റ്റഡിയിൽ പീഡിപ്പിക്കപ്പെടുന്നതിന്റെ വിവിധ ദൃശ്യങ്ങൾ (ചിത്രകാരന്റെ ഭാവനയിൽ)*

ലിടുന്നതിനു മുമ്പ്, ദേഹപരിശോധനയ്ക്കിടയിൽ എന്റെ പോക്കറ്റ് മുഴുവൻ അവർ കാലിയാക്കി. എന്റെ മൊബൈൽ ഫോൺ, എ.ടി.എം. കാർഡ്, പാൻ കാർഡ്, ഒപ്പം ഒരു പേഴ്സണൽ കമ്പ്യൂട്ടർ വാങ്ങാൻ ആഗ്രഹിച്ച് കൈയ്യിൽ വെച്ചിരുന്ന 25,000 രൂപയും അവർ പിടിച്ചെടുത്തു. ഒരുപക്ഷെ അവർ അത് വീതിച്ചെടുത്തിട്ടുണ്ടാവണം. പിന്നീട് ഞാനത് തിരികെ ആവശ്യപ്പെട്ടപ്പോൾ അവർ എന്നെ പരിഹസിച്ച് തള്ളി: "ബൂൽജാബീ തേരേ പൈസ" (നീയും നിന്റെ ഒരു പൈസയും, അതങ്ങ് മറന്നേക്കെടാ) എന്ന് പറഞ്ഞാണവർ എന്നെ കൊച്ചാക്കിയത്.

2006 ജൂലൈ 24 മുതൽ 29 വരെ എ.ടി.എസ്. എന്നെ അന്യായമായും അകാരണമായും തടവിലാക്കി. 29 വരെ ഒരു മജിസ്ട്രേറ്റിനു മുന്നിലും എന്നെ ഹാജരാക്കിയിട്ടില്ല. ഈ കാലയളവിനിടയിൽ എ.ടി.എസ്. ഉദ്യോഗസ്ഥർ ഓരോ ദിവസവും മണിക്കൂറുകളോളം പ്രഹരിച്ചു.

ഞാനവരുടെ കസ്റ്റഡിയിലായിരുന്നപ്പോൾ എന്റെ അസാന്നിദ്ധ്യത്തിൽ എ.ടി.എസ്. ഓഫീസർമാർ എന്റെ വീട് അടിമുടി പരിശോധിച്ചിരുന്നു. ബ്ലാങ്കറ്റ്, 10,000 രൂപ, ടാപ് റിക്കോർഡർ, ഡ്രിൽ മെഷീൻ, പ്രിന്റർ, കമ്പ്യൂട്ടർ മുഴുവൻ വിലപിടിപ്പുള്ള സാധനങ്ങളും അവർ കണ്ടുകെട്ടി. ഇവ ഞാൻ അവരുടെ ഓഫീസിൽ കാണുകയും ചെയ്തു. ഇടക്കാലത്ത് പ്രസിദ്ധീകരിച്ച ഒട്ടുമിക്ക സാഹിത്യഗ്രന്ഥങ്ങളും അവർ കസ്റ്റഡിയിലെടുത്തു. അവയിൽനിന്ന് "ജിഹാദെ അസ്ഗർ" (ചെറിയ ജിഹാദ്), ഇസ്‌ലാം കീ റൂഹ്-ജിഹാദ് ഫീ സബീലില്ലാഹ് (ഇസ്‌ലാമിന്റെ ആത്മാവ്- അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധം) എന്നീ രണ്ടു പുസ്തകങ്ങൾ പ്രത്യേകം തെരഞ്ഞെടുത്തു. ഇസ്‌ലാമിലെ ജിഹാദിന്റെ മൗലിക തത്വങ്ങളാണ് അതിൽ പ്രതിപാദിക്കുന്നത്. പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ അധ്യാപനങ്ങളും ഖുർആനിക സൂക്തങ്ങളുമാണ് അതിൽ പ്രധാനമായും ഉള്ളടങ്ങിയിരിക്കുന്നത്. തീവ്രവികാരമുണർത്തുന്നതോ ക്ഷോഭിപ്പിക്കുന്നതോ ആയ ഒന്നും അതിലില്ല. വേണമെങ്കിൽ മാർക്കറ്റിലും ഇവ വാങ്ങാൻ കിട്ടും. ഈ രണ്ടു പുസ്തകം തെളിവാക്കി 2006 ജൂലൈ 29ന് അവർ എന്നെ അറസ്റ്റു ചെയ്യുകയും മുംബൈയിലെ അഡീഷണൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കുകയും 15 ദിവസത്തേക്ക് കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ചാർജ്ഷീട്ട് ഫയൽ ചെയ്തപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. കാരണം, എന്റെ വീട്ടിലുണ്ടായിട്ടില്ലാത്ത ഒരു പുസ്തകം (ജിഹാദ് ഫീ സബീലില്ലാഹ്ക്യോൻ) റീകവറിയിൽ പുതുതായി കൂട്ടിച്ചേർത്തിരിക്കുന്നു. എ.ടി.എസിന്റെ ശാരീരികവും മാനസികവുമായ കൊടിയ പീഡനത്തെകുറിച്ച് എല്ലാം മജിസ്ട്രേറ്റിനു മുമ്പാകെ വെട്ടിത്തുറന്നു പറയാൻ വിചാരിച്ചതായിരുന്നു. പക്ഷേ പറഞ്ഞാൽ മൂന്നാം മുറ ഉപയോഗിച്ച് മുമ്പത്തേക്കാൾ കൂടുതൽ മാരകമായ രീതിയിൽ പീഡിപ്പിക്കുമെന്ന് പറഞ്ഞ് എ.ടി.എസ്. ഭീഷണിപ്പെടുത്തി. അതുകൊണ്ട് മജിസ്ട്രേറ്റിനു മുന്നിൽ ഒരക്ഷരം ഉരിയാടാൻ എനിക്കു സാധിച്ചില്ല.

എ.ടി.എസ്. ഓഫീസർ എന്നെ യൂണിറ്റ് രണ്ടിലെ ഓഫീസിലേക്ക് കൊണ്ടുപോയി അടി വീണ്ടും തുടങ്ങി. പ്രഹരിക്കുന്നുവെന്നല്ലാതെ എന്തിനാണ് അറസ്റ്റ് ചെയ്തതെന്ന് പറയുന്നില്ല. അതെങ്കിലും അറിയാനുള്ള ധാർമികമായ അവകാശം എനിക്കില്ലേ? അടിയും വടിയും കൊണ്ട് കാര്യമില്ലായെന്നു കണ്ടപ്പോൾ നാക്കും വാക്കും ഉപയോഗിച്ച് വല്ലാതെ വേദനിപ്പിക്കുകയും നോവിക്കുകയും ചെയ്തു. എന്റെ മതത്തെപോലും അധിക്ഷേപിച്ചു: "തൂ മുസൽമാൻ ഹൈ; ഇസ്‌ലിയേ

"തേരേ കോ മാർ രഹോ ഹൈ" (നീ ഒരു മുസ്‌ലിമാണ് അതുകൊണ്ടാണ് നിന്നെ ഞങ്ങൾ തല്ലുന്നത്) "തേരേ കോയഹാം കോയീ നഹീം ബചായോഗാ" (ഇവിടെ നിന്നെ രക്ഷിക്കാൻ ഒരു കുട്ടിയും വരികയില്ല.)-അവർ പറഞ്ഞ വാക്കുകളാണിത്. 2006 ആഗസ്ത് 3ന് പി.എസ്.ഐ. ശൈലേഷ് ഗെയ്ക്വാദും പി.എസ്.ഐ. സുനിൽമാനെയും, പി.ഐ. വിലാസ് ജോഷിയും എന്നെ ക്രൂരമായി പീഡിപ്പിക്കുകയും എ.ടി.എസിലെ ഉന്നത ഉദ്യോഗസ്ഥരുടെ മുന്നിൽ സ്ഫോടനക്കുറ്റം സ്വയം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പീഡിപ്പിക്കുമെന്ന കാരണത്താൽ എന്നോട് അവർ ചെയ്യാൻ പറഞ്ഞതൊക്കെ ചെയ്യാമെന്ന് സമ്മതിച്ചു. അതിനുശേഷം അവർ എന്നെ എ.ടി.എസ്. ഹെഡ്ഓഫീസിലേക്ക് കൊണ്ടുപോയി. ഓഫീസിൽ അപ്പോൾ ഭീകരവിരുദ്ധ സ്ക്വാഡ് മുഖ്യൻ കെ.പി. രഘുവംശിയും, ഡി.സി.പി. നപാൻ ബജാജും ഇരിപ്പുണ്ടായിരുന്നു. അവിടെ വെച്ച് നേരത്തേ പറഞ്ഞ മൂന്നു പേർ നടത്തിയ കൊടിയ പീഡന കഥകളെ കുറിച്ച് ഈ രണ്ട് സീനിയർ ഓഫീസർമാരുടെ മുന്നിൽ പരാതി ബോധിപ്പിച്ചു. ഞാൻ നിരപരാധിയാണെന്നും അവർ എന്നെ മന:പൂർവ്വം സ്ഫോടന ക്കേസിൽ കുടുക്കാൻ ശ്രമിക്കുകയാണെന്നും എ.ടി.എസ്. മുഖ്യൻ കെ.പി. രഘുവംശിയോട് കേണു പറഞ്ഞുനോക്കി. പക്ഷേ, കെ.പി. രഘുവംശി എന്റെ ചെകിട്ടത്തടിച്ചുകൊണ്ട് ഓഫീസർമാരോട് പറഞ്ഞു: 'ഇവനിതൊന്നും പോരാ." ഇത് ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ശേഷം എന്നെ ബോയ്വാഡയിലേക്ക് കൊണ്ടുപോകാൻ അദ്ദേഹം അവരോട് കൽപ്പിച്ചു. ഒപ്പം തലങ്ങും വിലങ്ങും തല്ലാൻ സമ്മതവും നൽകി. എ.ടി.എസ്. മുഖ്യൻ അടക്കമുള്ള സീനിയർ ഓഫിസർമാരും നിരപരാധികളെ കള്ളക്കേസിൽ കുടുക്കുന്ന നാണംകെട്ട നെറികേടിന് കൂട്ടുനിൽക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ സീനിയർ ഓഫീസർമാരിലും ജൂനിയർ ഓഫീസർമാരിലും ഒരുപോലെ പൂർണ്ണമായും വിശ്വാസം നഷ്ടപ്പെട്ടു. അടുത്തദിവസം അതായത് ആഗസ്ത് 5ന് പി.ഐ. സുനിൽദേശ്മുഖ് ജുഹുവിലുള്ള ചാന്ദൻ ചൗകിയിലേക്ക് കൊണ്ടുപോയി. അവിടെ വെച്ച് ഓഫീസർമാർ എന്നെ നാർകോ അനാലിസിസിന് വിധേയമാക്കി. ഇത് നിയമവിരുദ്ധവും കോടതിയുടെ അനുവാദം ഇല്ലാതെയുമായിരുന്നു. മുംബൈയിലെ ഫോറൻസിക് ലബോറട്ടറിയിലെ (എഫ്.എസ്.എൽ) വിദഗ്ധരും അവിടെ സന്നിഹിതരായിരുന്നു. ചൗന്ദൻ ചൗകിയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പ്, കെ.ഇ.എം. ഹോസ്പിറ്റലിൽ മെഡിക്കൽ ചെക്കപ്പിന് വിധേയമാക്കി. മെഡിക്കൽ ഓഫീസറോട് പീഡിപ്പിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. പക്ഷേ, മെഡിക്കൽ റിപ്പോർട്ടുകൾ വ്യാജമായിരുന്നു.

സെപ്റ്റംബർ അഞ്ചിന് എന്നെ അവർ എ.ടി.എസിന്റെ ആസ്ഥാന കേന്ദ്രത്തിലേക്ക് കൊണ്ടുപോയി. പോലീസ് കമ്മീഷണർ എ.എൻ.റോയ്, എ.ടി.എസ്. ചീഫ് കെ.പി. രഘുവംശി, അഡീഷണൽ സി.പി. ജയ്സ്വാൾ തുടങ്ങിയ ഉന്നത സംഘം അവിടെ സന്നിഹിതരായിരുന്നു. ദേശീയ അന്വേഷണ ഏജൻസിയും മറ്റനേകം ഔദ്യോഗിക വിഭാഗങ്ങളും ഒത്തുചേർന്ന് തട്ടിക്കൂട്ടുന്ന കപടവും നിന്ദ്യവുമായ സുരക്ഷാ നാടകങ്ങൾക്കാണ് പിന്നീട് ഞാൻ സാക്ഷ്യംവഹിച്ചത്. ക്രമസമാധാന പാലനത്തിന്റെ ചങ്ങലക്കൂട്ടമായി ചമഞ്ഞ് നടക്കുന്നവരുടെ സ്വാർത്ഥ താൽപര്യങ്ങളുടെ നിറംകെട്ട വൃത്തിരാഹിത്യങ്ങൾ ഞാൻ അവരുടെ പെരുമാറ്റത്തിൽ നിന്നും ആത്മവേദനയോടെ വായിച്ചെടുത്തു. ഭീകരവിരുദ്ധ സ്ക്വാഡ് മേധാവി കെ.പി. രഘുവംശി നിർലജ്ജം എന്നോട് പറഞ്ഞു: "ഈ പ്രശ്നത്തിന്റെ യഥാർത്ഥ ചിത്രവും പ്രതിപ്പട്ടികയും കണ്ടെത്താൻ ഞങ്ങൾക്ക് കഴിയില്ല. എന്നാലും കേസിന്റെ അന്തിമ രൂപരേഖ തയ്യാറാക്കാൻ ഞങ്ങൾ നിർബന്ധിതരാണ്. കേസ് അന്വേഷണ നടപടികൾ പൂർണ്ണമാക്കാനും ആരോപിതരുടേയും അറസ്റ്റിലായവരുടേയും പ്രതിചേർക്കൽ ബോധിപ്പിക്കാനും ഗവൺമെന്റ് ഞങ്ങളെ നിർബന്ധിക്കുന്നുണ്ട്. അതുകൊണ്ട് നിന്നെ ഈ കേസിന്റെ പ്രധാന തെളിവായി ഞങ്ങൾ ഉപയോഗിക്കുകയാണ്, സാരമില്ല, മാസങ്ങൾക്കകം നിനക്ക് ജയിൽമോചിതനാകാം. ഉറപ്പ്!" എന്റെ ഒഴിവുകാലങ്ങളിൽ ഞാൻ വായിച്ച നോവലുകളിലെ ദുരന്തഹീറോ ആയി ഞാൻ മാറുകയാണോ എന്ന് എനിക്ക് തോന്നി; തീർന്നില്ല അവരുടെ നുണക്കളഭം അവരുടെ ഇച്ഛക്കൊത്ത് നിന്നുകൊടുക്കാൻ 25 ലക്ഷമാണ് ഒടുവിൽ അവർ എനിക്ക് സാമ്പത്തിക വാഗ്ദാനം ചെയ്തത്. പക്ഷെ ഞാൻ അവരുടെ വലയിൽ വീണില്ല. "ഞാൻ നിരപരാധിയാണ്, കുറ്റസമ്മതം നടത്തേണ്ട ആവശ്യം എനിക്കില്ല, കുമ്പസാരത്തിന്റെ ഒരു വിഷയമേ എന്നോട് പറയേണ്ടതില്ല." രണ്ടും കൽപ്പിച്ച് ഞാൻ തീർത്ത് പറ

ഭീകരവിരുദ്ധ സ്ക്വാഡ് മേധാവി കെ.പി. രഘുവംശി നിർലജ്ജം എന്നോട് പറഞ്ഞു: "ഈ പ്രശ്നത്തിന്റെ യഥാർത്ഥ ചിത്രവും പ്രതിപ്പട്ടികയും കണ്ടെത്താൻ ഞങ്ങൾക്ക് കഴിയില്ല. എന്നാലും കേസിന്റെ അന്തിമ രൂപരേഖ തയ്യാറാക്കാൻ ഞങ്ങൾ നിർബന്ധിതരാണ്. കേസ് അന്വേഷണ നടപടികൾ പൂർണ്ണമാക്കാനും ആരോപിതരുടേയും അറസ്റ്റിലായവരുടേയും പ്രതിചേർക്കൽ ബോധിപ്പിക്കാനും ഗവൺമെന്റ് ഞങ്ങളെ നിർബന്ധിക്കുന്നുണ്ട്. അതുകൊണ്ട് നിന്നെ ഈ കേസിന്റെ പ്രധാന തെളിവായി ഞങ്ങൾ ഉപയോഗിക്കുകയാണ്, സാരമില്ല, മാസങ്ങൾക്കകം നിനക്ക് ജയിൽമോചിതനാകാം. ഉറപ്പ്!" എന്റെ ഒഴിവുകാലങ്ങളിൽ ഞാൻ വായിച്ച നോവലുകളിലെ ദുരന്തഹീറോ ആയി ഞാൻ മാറുകയാണോ എന്ന് തോന്നി

ഞ്ഞു. പിറ്റേന്ന് ജറ്റ് എയർവേഴ്സ് വഴി എന്നെ ബാംഗ്ലൂരിലേക്ക് കൊണ്ടുപോയി. പോലീസ് ഇൻസ്പെക്ടർമാരായ രാജമുണ്ടെ, പ്രസാദ് കണ്ടെകർ എന്നിവർ എന്നോടൊപ്പമുണ്ടായിരുന്നു. സർട്ടിഫിക്കറ്റുകളും മെഡിക്കൽ ഷീറ്റുകളും തരപ്പെടുത്തി ഗവൺമെന്റിന്റെ മുന്നിൽ നല്ലപിള്ളകൾ ചമയാൻ വേണ്ടി എന്നെ അവർ എണ്ണം തീരാത്ത ദേഹപരിശോധനകൾക്ക് വിധേയമാക്കി. ബ്രെയിൻ മാപ്പിംഗ്, പോളിഗ്രാഫ് ടെസ്റ്റ്, നുണ പരിശോധന അങ്ങനെ പലതും. ബ്രെയിൻ മാപ്പിംഗിനും മറ്റും വർഗ്ഗീയ പെഞ്ചതലായ ഡോ: എസ് മാലിനിയാണ് നേതൃത്വം നൽകിയത്. പിറ്റേന്ന് പ്രത്യേക വിദഗ്ധരുടെ നേതൃത്വത്തിൽ ലേഡീ കേഴ്സൺ ഹോസ്പിറ്റലിൽ വെച്ച് എന്നെ വീണ്ടും നുണപരിശോധനക്ക് വിധേയമാക്കി. തുടർന്നുള്ള ദിവസങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ എന്നോട് സമ്മിശ്രമായിട്ടാണ് പെരുമാറിയത്. ബോംബെയിലെ എ.ഡി.ഐ. ഷെൽക നിങ്ങളെ ഉടനെ മോചിപ്പിക്കുമെന്ന് പറഞ്ഞ് എന്നെ മോഹിപ്പിച്ചു. പക്ഷെ അത് എന്നെ എനർജറ്റിക്കാക്കി വീണ്ടും പീഡന മുറകൾ തുടങ്ങാനുള്ള തന്ത്രമായിരുന്നു. സെപ്റ്റംബർ 12ന് ബോംബെ സ്ഫോടന പരമ്പരയുടെ പ്രതിപ്പട്ടികയിലും എനിക്കവർ ഇടം ഇട്ടുതന്നു. ഞാൻ തീർത്തും നിർനിമേശനായിരുന്നു.

പിറ്റേന്ന് എന്നെ അവർ എ.ടി.എസ്. കേന്ദ്രകാര്യാലയത്തിലേക്ക് വീണ്ടും കൊണ്ടുപോയി. അവിടെ വെച്ച് കെ.പി. രഘുവംശി എന്നോട് പറഞ്ഞു: "നിങ്ങൾ വേണ്ടുവോളം വിശ്രമിച്ചു കഴിഞ്ഞു. ഇനിയിപ്പോൾ നിങ്ങളുടെ എല്ല് പൊട്ടിക്കാനുള്ള സമയമാണ്. ജീവൻ വേണമെങ്കിൽ ഞങ്ങൾ പറയുംപോലെ കുറ്റം സമ്മതിക്കണം." തികഞ്ഞ ഏകാധിപതിയുടെ സ്വരവും ഭാവവുമായിരുന്നു അയാൾക്ക്. ഞാൻ സർവ്വാത്മനാ വിസമ്മതിച്ചു. ഇത് അയാളെ കൂടുതൽ പ്രകോപിതനാക്കി. എന്നെ കലച്ചോക്കി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി അനുസരിക്കും വരെ വേദനിപ്പിക്കാൻ അയാൾ ഒരു പോലീസുദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. സെപ്തംബർ 18 വരെ എനിക്ക് തുടർച്ചയായ പീഡനകാലമായിരുന്നു. നിർദ്ദാക്ഷിണ്യം അവർ എന്നെ തല്ലിച്ചതച്ചു. എന്റെ ആത്മധൈര്യവും മനോദാർഢ്യവും അവരെ കൂടുതൽ ക്രൂദ്ധരാക്കി. ഇടക്കിടെ എഡിറ്റ് ചെയ്ത് ഏകപക്ഷീയമായി അവർക്കനുകൂലമാക്കിയ നുണപരിശോധനയുടെ കോംപാക്ട് ഡിസ്ക് കാണിച്ച് എന്നെ പ്രലോഭിപ്പിച്ചു. പക്ഷേ, ദൈവാനുഗ്രഹത്താൽ ഞാൻ പിടിച്ചു നിന്നു. പിറ്റേന്ന് പി.ഐ. ഖാൻവിൽക്കർ എന്നോട് സ്വകാര്യമായിപ്പറഞ്ഞു. പോലീസ് കമ്മീഷണർ എ.എൻ. റോയ് സെപ്റ്റംബർ 22 വരെ നിന്റെ പോലീസ് കസ്റ്റഡി നീട്ടിക്കൊണ്ടുപോകാൻ കോടതിയോട് അനുവാദം തേടിയിട്ടുണ്ട്. പ്രത്യേകിച്ചൊന്നും സംഭവിച്ചില്ലെങ്കിൽ ഒരു മാസത്തിനകം മോചിപ്പിക്കപ്പെടും. പക്ഷേ പ്രത്യേകിച്ച് പലതും തട്ടിക്കൂട്ടിയ ശേഷമുള്ള ഒരു കിന്നാരം പറച്ചിൽ മാത്രമായിരുന്നു അയാളുടെ വാഗ്ദാനം എന്നെനിക്ക് കോടതിയിൽ ബോധ്യപ്പെട്ടു. ജൻമത്തിൽ കേട്ടിട്ടില്ലാത്ത പല സ്ഥലങ്ങളിലും നടന്ന സ്ഫോടനക്കേസുകൾ എന്റെ തലയിലായി. അവർ വീണ്ടും എന്നെ ബാംഗ്ലൂരിലെത്തിച്ചു. 24-ാം തിയ്യതി വീണ്ടും ഡോ: മാലിനി എന്നെ നുണപരിശോധനക്ക് വിധേയനാക്കി. സി.ഡി. എഡിറ്റിംഗിനാവശ്യമായ ചില പ്രത്യേക പരാമർശങ്ങൾ എന്നെ പറയിപ്പിക്കാനായിരുന്നു അത്. എനിക്കപ്പോൾ സ്വബോധമുണ്ടായിരുന്നു. സെപ്റ്റംബർ 28ന് വീണ്ടും മുബൈയിലേക്ക് കൊണ്ടുപോയി. 29ന് സെവരിസെഷൻ കോടതിയിൽ ഹാജരാക്കി. സ്പെഷ്യൽ ജഡ്ജ് അബയ് തിബാസി എന്റെ കസ്റ്റഡി സമയം ഒക്ടോബർ 9 വരെ നീട്ടി. രോഗിയുടെ ഇച്ഛ തന്നെ വൈദ്യൻ വിധിച്ചുവെന്നുമാത്രം.

അന്നു രാത്രി എന്റെ ജീവിതത്തിലെ കഠിനമായ കരാളാനുഭവങ്ങൾക്ക് ഞാൻ മൂകസാക്ഷിയായി. കെ.പി. രഘുവംശിയും, എ.എൻ. റോയിയും എന്റെ മുമ്പിൽ വന്നു. പരിഹാസച്ചിരി പടർന്ന അവരുടെ മുഖങ്ങൾ പൈശാചികമായി വലിഞ്ഞ് മുറുകിയിരുന്നു. കെ.പി. രഘുവംശി പറഞ്ഞു: "ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാണ്. മുസ്ലിംകൾക്ക് ഇവിടെ ആവാസസ്ഥാനമില്ല. ഇപ്പോഴത്തേത് ഔദാര്യം മാത്രമാണ്. നിങ്ങൾക്കിവിടെ ജയിലാണ്. ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും നീ മറന്നേക്ക്. ഞങ്ങളെ ഇതിന് ചുമതലപ്പെടുത്തിയത് രാജ്യത്തിന്റെ ആഭ്യന്തര വകുപ്പ് തന്നെയാണ്. അവർക്ക് കൃത്യവും കണിശവുമായ തുടർനടപടികൾ സ്വീകരിക്കണമെങ്കിൽ നിന്നെപോലുള്ളവരെ വേണ്ടവിധം കൈകാര്യം ചെയ്തേ പറ്റൂ. നാളെ ഞങ്ങളൊരു പത്ര സമ്മേളനം നടത്തുന്നുണ്ട്. അതിൽ നിന്നെ കുപ്രസിദ്ധനായ ഒരു തീവ്രവാദിയും രാജ്യദ്രോഹിയുമായി ഞങ്ങൾ പ്രഖ്യാപിക്കും." ആ തിട്ടൂരങ്ങൾ കേട്ട് എന്റെ ഹൃദയം പൊട്ടി. ഒരിന്ത്യക്കാരന്റെ ആത്മനിന്ദയുടെ പരമാവധി ആഴം ഞാൻ തൊട്ടറിഞ്ഞു.

ഒക്ടോബർ 3 വരെ ഔദ്യോഗിക രേഖകൾ ചമച്ചുണ്ടാക്കുന്ന തിരക്കിലായിരുന്നു ഭീകരവിരുദ്ധ സ്ക്വാഡ്. മുംബെയിലെ ചെറുകിട കോൺസ്റ്റബിൾമാർ പോലും എത്ര വർഗീയ തൽപരരാണെന്ന് എനിക്ക് മനസ്സിലായി. ഡി.സി.പി. നവാൽ ബജാജ് അതിനിടെ എന്നെ സമീപിച്ചു. ചില കാലിക്കടലാസുകളിൽ ഒപ്പുവെക്കാൻ അയാൾ എന്നെ നിർബന്ധിപ്പിച്ചു. എനിക്ക് കാര്യങ്ങളുടെ പോക്ക് മനസ്സിലായി. എന്റെ കഴുമരത്തിന്റെ വിത്ത് ഞാൻ തന്നെ വിതക്കണം എന്നാണവരുടെ നിലപാട്. ഞാൻ എന്നാലാവുംവിധം തടുത്തു നിന്നു; ഒപ്പിട്ടില്ല. വിരൽ അമർത്തിക്കാനുള്ള ശ്രമവും ഞാൻ തടുത്തു.



*എ.ടി.എസ്.ചീഫ് കെപി രഘുവംശി, ദേശ്മുഖ്, എ.എൻ. റോയ്*

ഒക്ടോബർ 6ന് പി.ഐ. തഞ്ചെ എന്നെ ഡി.സി.പി. ദത്തൻ കാർലയുടെ അടുത്തുകൊണ്ടുപോയി. എന്നിട്ട് മുതുംഗയിൽ ലോക്കപ്പിലിട്ടു. വീണ്ടും രേഖകളിൽ ഒപ്പുവെപ്പിക്കാൻ ശ്രമിച്ചു. ദേഹോപദ്രവവും ചെയ്തു. ചില കടലാസുകളിൽ കൈപ്പടകളുണ്ട്. എനിക്കത് വായിക്കാൻ കഴിഞ്ഞില്ല. കുറ്റസമ്മതപത്രമല്ലെന്ന് അവർ പറഞ്ഞു. മോചനമാർഗ്ഗമാണെന്നും മറ്റും പറഞ്ഞ് അവർ എന്റെ ഒപ്പ് വാങ്ങി. എനിക്ക് കാര്യങ്ങൾ അജ്ഞാതമായിരുന്നു. പിറ്റേന്ന് ചീഫ് മെട്രോപോളിയൻ മജിസ്ട്രേറ്റ് എസ്.എസ്. ഷെർക്കിന്റെ മുന്നിൽ ഞാൻ ഹാജരാക്കപ്പെട്ടു. എന്തിനായിരുന്നു അതെന്ന് എനിക്കിപ്പോഴും അറിയില്ല.

ഒക്ടോബർ എട്ടിന് എ.ടി.എസ്. മേധാവികൾ എന്നോട് പറഞ്ഞു: നീ ഒപ്പിട്ട കടലാസുകൾ കുറ്റസമ്മതങ്ങളായിരുന്നുവെന്ന്. എനിക്ക് സകലതും കറുത്തിരുണ്ട് തല കറങ്ങുന്നത് പോലെ തോന്നി. പ്രതീക്ഷയുടെ വാതിലുകൾ അടയുന്നത് ഞാൻ കണ്ടു. നിസ്സംഗനും നിശ്ചലനുമായി ഞാൻ വിധിയെ കാത്തിരുന്നു.

പിറ്റേന്ന് അവർ എന്നെ കോടതിയിൽ എത്തിച്ചു. ഒരു മെലോഡ്രാമയുടെ നാടകീയമായ അന്ത്യം അവിടെയുണ്ടാകുമെന്ന് ഞാൻ നിനച്ചിരുന്നില്ല. എനിക്ക് പറയാനുള്ള അവസരം തന്നപ്പോൾ, കോടതി നിയമവും ചട്ടവും മാനിക്കാൻ കഴിയാതെ ഞാൻ വികാരാധീനനായി. ഞാൻ വിളിച്ചുപറഞ്ഞു: ഞാൻ ഒപ്പിട്ട കുറ്റസമ്മതപത്രങ്ങൾ വ്യാജമാണ്. അവർ ബലിഷ്ഠമായി ചെയ്യിപ്പിച്ചതാണ്. ഞാൻ എന്റെ നിരപരാധിത്വവിവരണം മുറിഞ്ഞ് തെറിച്ച് വീഴുന്ന ഒറ്റവാക്കുകൾ ചേർത്തി അടുക്കിവെച്ചു. ബഹുമാനം നിറഞ്ഞ ജഡ്ജ് മിൻദുല്ല ബട്കർ എന്നെ നന്നായി ശ്രവിച്ചു. എന്റെ മോചനത്തിന്റെ മാർഗം അവിടെ തെളിഞ്ഞു. 75 ദിവസത്തെ കാരാഗ്രഹവാസവും രാക്ഷസീയമായ ആക്രമണ വിധേയത്വവും എന്നെ ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചു. മതേതര ഇന്ത്യയുടെ തമാശപ്പൊലിമകൾ ഞാൻ മറയില്ലാതെ കണ്ടു.

എന്നാൽ, അന്വേഷണ ഉദ്യോഗസ്ഥരിലും പോലീസ് മേധാവികളിലും ശുദ്ധഹൃദയരും നീതിമാൻമാരുമുണ്ട്. അവർ ഇത്തരം നെറികേടുകൾ വേദനയോടെ നോക്കിക്കാണുന്നവരാണ്. മേലുദ്യോഗസ്ഥൻമാരുടെ സ്വജനപക്ഷപാതത്തിനും ക്രൂരതക്കും മാപ്പുസാക്ഷികളാവാനേ അവർക്കാവൂ. കാരണം അവർക്ക് വലിയ കൽപ്പനാധികാരമില്ല. മറുത്തു പറഞ്ഞ ഹേമന്ദ്കർക്കരെയുടെ ഗതി നാം കണ്ടതാണ്. ഇത് പറയുമ്പോൾ എനിക്ക് മുംബൈ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വിനോദ് ഭട്ടിനെ മറക്കാനാവില്ല. എന്റെ കസ്റ്റഡി കാലത്താണ് ആ നല്ല മനുഷ്യന് ആത്മഹത്യ ചെയ്യേണ്ടിവന്നത്. അന്വേഷണ മേധാവികളും ആഭ്യന്തര വകുപ്പും കാണിക്കുന്ന പച്ചതോന്നിവാസങ്ങളും സ്വാർത്ഥകൃത്യങ്ങളും ആ ശുദ്ധഹൃദയത്തെ വല്ലാതെ മുറിച്ച് കളഞ്ഞിരുന്നു. മുംബൈ ആക്രമണ പരമ്പര തന്നെ ഉദ്യോഗസ്ഥ സൃഷ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. കരൾകലങ്ങുന്ന നിരപരാധികളായ തടവുകാരുടെ നൊമ്പരങ്ങളും, അവരുടെ ആശ്രിതരുടെ നോവും വേവും വ്യാജ ഏറ്റുമുട്ടലുകളിൽ മേൽവിലാസമില്ലാതെ മരണപ്പെട്ടുപോകുന്നവരുടെ നിസ്സഹായതയും എല്ലാം സ്വയം ഏറ്റെടുത്തായിരുന്നു ആ നല്ല മനുഷ്യന്റെ ജീവത്യാഗം.

എഴുപത്തി അഞ്ച് ദിവസം നീണ്ട കാരാഗൃഹ കാലത്ത് ഞാനനുഭവിച്ച പീഡനങ്ങൾ ലോകമനസ്സാക്ഷിയെത്തന്നെ ഞെട്ടിക്കുന്നതാണ്. മലർത്തിക്കിടത്തി കൈകാലുകൾ കട്ടിലിനോട് ബന്ധിച്ച് കാൽപള്ളയുടെ മൃദുലഭാഗത്ത് അവർ ഒരേസമയം ഇരുന്നൂറോളം പ്രാവശ്യം എന്നെ ചമ്മട്ടിപ്രഹരം നടത്തി. രക്തം തിളച്ച് മറിഞ്ഞ് തലച്ചോർ പൊള്ളുന്നത് വരെയാണ് പ്രഹരം. കെ.ഇ.എം. ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ ഈ ഉപജാപ വൃന്ദത്തിൽപ്പെട്ട ആളാണ്. അയാൾ വാസ്തവവിരുദ്ധമായി മെഡിക്കൽ ഫിറ്റ്നസ് തന്നെ രേഖപ്പെടുത്തും.

നാലു പ്രാവശ്യം പൂർണ്ണ നഗ്നനാക്കി ജനനേന്ദ്രിയാവയവങ്ങളിൽ ഇലക്ട്രിക് കമ്പി കൊണ്ട് അവർ എന്നെ ഷോക്കേൽപ്പിച്ചു. മറ്റു ചിലപ്പോൾ നഗ്നനാക്കി തറയിൽ ചന്തികുത്തിച്ച് ഇരുത്തും. ഇരു പാർശ്വങ്ങളിലേക്കും തുടങ്കാൽ വലിച്ചുനീട്ടി 1800 കോൺ തീർക്കലും അവരുടെ ഇഷ്ട വിനോദമായിരുന്നു. മുഖവും കൈയും കസേരയോട് ബന്ധിച്ച് 8 മണിക്കൂർ മൂർദ്ദാവിലേക്ക് വെള്ളമൊഴിച്ചും അവർ പീഡനം നടത്തി. ഞാൻ തളരുമ്പോൾ എന്റെ കുടുംബത്തെ ഫോൺ ചെയ്ത് ഭീഷണിപ്പെടുത്താനും ഭയപ്പെടുത്താനും അവർ മടിച്ചില്ല.

സാഡിസത്തിന്റെ തേർവാഴ്ച്ചയാണ് ഇന്ത്യൻ ജയിലുകളിൽ എന്ന കാര്യം എനിക്കിപ്പോൾ ബോധ്യപ്പെട്ടു. നേരിനും നീതിക്കും മൂന്നാം സ്ഥാനമാണ്. ഒന്നാം സ്ഥാനം സവർണ്ണ വർഗ്ഗീയ താൽപര്യത്തിനും രണ്ടാം സ്ഥാനം ഉദ്യോഗസ്ഥവൃന്ദത്തിന്റെ സ്വകാര്യ രസങ്ങൾക്കുമാണ്. കുട്ടിക്കഥകളിലെ കാട്ടുരാജ്യവും അതിലെ സിംഹരാജനും ഒരുഭാഗത്ത്; പാവം കുഞ്ഞാടുകളും മുയൽപരപ്പുകളും മറുഭാഗത്ത്. ഇതാണ് സ്ഥിതി.

*വിവർത്തനം:*
*മുഹമ്മദ് ജാബിർ പുതിയങ്ങാടി*

ഞാൻ ഒപ്പിട്ട കുറ്റസമ്മതപത്രങ്ങൾ വ്യാജമാണ്. അവർ ബലിഷ്ഠമായി ചെയ്യിപ്പിച്ചതാണ്. ഞാൻ എന്റെ നിരപരാധിത്വവിവരണം മുറിഞ്ഞ് തെറിച്ച് വീഴുന്ന ഒറ്റവാക്കുകൾ ചേർത്തി അടുക്കിവെച്ചു. ബഹുമാനം നിറഞ്ഞ ജഡ്ജ് മിൻദുല്ല ബട്കർ എന്നെ നന്നായി ശ്രവിച്ചു. എന്റെ മോചനത്തിന്റെ മാർഗം അവിടെ തെളിഞ്ഞു. 75 ദിവസത്തെ കാരാഗ്രഹവാസവും രാക്ഷസീയമായ ആക്രമണ വിധേയത്വവും എന്നെ ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചു. മതേതര ഇന്ത്യയുടെ തമാശപ്പൊലിമകൾ ഞാൻ മറയില്ലാതെ കണ്ടു



# ഇസ്‌ലാഹുൽ ഉലൂം
# ഊർജ്ജപ്രതാപങ്ങളെ ആവാഹിച്ച അറിവു കേന്ദ്രം

**ഇസ്‌ലാഹുൽ ഉലൂം അറബിക് കോളേജ്, താനൂർ രണ്ടാം സനദ്ദാന സമ്മേളനം ഫെബ്രുവരി 24ന്**

പ്രധാന സ്റ്റോറി

● **മുഹമ്മദ് ആരിഫ് പുതുപ്പള്ളി**

**കാ**ലത്തിന്റെ കാലൊച്ചകൾ കേട്ട വിജ്ഞാനത്തിന്റെ അക്ഷരമുറ്റമാണ് ഇസ്‌ലാഹ്. വൈജ്ഞാനിക വിസ്ഫോടന ലോകത്ത് നൂതന സംരംഭങ്ങളാവിഷ്കരിച്ച് വിദ്യാവീഥിയിൽ വിളക്കായി മാറിയ ഈ അക്ഷയഗോപുരത്തിന് പൈതൃകത്തിന്റെ പഴമയും പാരമ്പര്യത്തിന്റെ പ്രതാപവുമുണ്ട്. ഇസ്‌ലാഹിന്റെ പൂർവ്വരൂപം വലിയകുളങ്ങര പള്ളിദർസാണെന്നത് ചരിത്രത്തിലെ വിശുദ്ധ ഏടാണ്. മലബാർ ലഹളയുടെ തീക്ഷ്ണത അനുഭവിച്ചിരുന്ന ഇരുപത്തിയൊന്നുകളിൽ ദർസ് നിർണായകസന്ധിയായിരുന്നു. പള്ളിയിലെ ആദ്യമുഫ്തിയും മുദർരിസുമായിരുന്ന ഇമാം മുഹമ്മദ് ബിൻ അബ്ദുല്ലാഹിൽ ഹള്‌റമിയാണ് ഹിജ്റ 675-ൽ വലിയകുളങ്ങര പള്ളിദർസ് തുടങ്ങിയത്. അദ്ദേഹത്തിനു ശേഷം വെളിയങ്കോട് ഉമർഖാസി, അവുക്കോയ മുസ്‌ലിയാർ, ശൈഖ് അബ്ദുറഹ്മാൻ നഖ്ശബന്ദി, യൂസുഫുൽ ഫള്ഫരി തുടങ്ങിയ സ്വാതികരായ പണ്ഡിത പ്രതിഭകൾ ഈ ദർസ് പാരമ്പര്യം കൊണ്ടുനടന്നു. പിന്നീട് പരീക്കുട്ടി മുസ്‌ലിയാർ ദർസ് നേതൃത്വം ഏറ്റെടുത്തു. മലബാർ കലാപത്തിൽ മാപ്പിള മനസിന്റെ ഊർജ്ജം ആവാഹിച്ച് പൊരുതിയ പരീക്കുട്ടി മുസ്‌ലിയാർ ദർസ് നടത്തിക്കൊണ്ടിരിക്കെയാണ് ബ്രിട്ടീഷ് ഭരണത്തിനെതിരെ 'മുഹിമ്മാത്തുൽ മുഅ്മിനീൻ' എന്ന ഗ്രന്ഥമെഴുതിയത്. അതിനെ തുടർന്ന്

ബ്രിട്ടീഷുകാർ അദ്ദേഹത്തെ പിടികൂടാൻ ശ്രമിക്കുകയും അദ്ദേഹത്തിന് താനൂർ വിടേണ്ടിവരുകയും ചെയ്തു. ശേഷം ചില ശിഷ്യൻമാർ ദർസ് തുടർന്നെങ്കിലും ദർസിന്റെ തൻമയത്വവും ഭാവുകത്വവും ക്ഷയിക്കാൻ തുടങ്ങി.

തദവസരത്തിൽ നാട്ടുകാരണവന്മാരും പണ്ഡിത പ്രമുഖരും ഒരുമിച്ചു കൂടി ദർസ് നവോത്ഥാനത്തിനും നവോത്കർഷത്തിനുമായി പ്രസിദ്ധവാഗ്മിയും പണ്ഡിതനുമായ പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരെ മുദർരിസായി നിയമിച്ചു. കേരളത്തിലെ ഇസ്‌ലാമിക പ്രചാരകനായ ഹബീബുബ്നു മാലികിന്റെ പരമ്പരയിൽ ജനിച്ച ഈ ദിവ്യജ്യോതിസ്സിന്റെ ആഗമനത്തോടെ മലബാറിന്റെ അഷ്ടദിക്കുകളിൽ നിന്നും വിദ്യാർത്ഥികൾ താനൂരിലേക്കൊഴുകി. പരിമിത സൗകര്യങ്ങളുള്ള ദർസിനെ വിപുലീകരിക്കാൻ 1924 ഒക്ടോബർ 26ന് കൂടിയ യോഗത്തിൽ അസാസുൽ ഇസ്‌ലാം സഭ രൂപീകരിക്കുകയും ഇസ്‌ലാഹുൽ ഉലൂം മദ്റസ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. തുടർന്ന് 1926-ൽ മുല്ലക്കോയ തങ്ങളുടെ സാന്നിധ്യത്തിൽ സംഗമിച്ച സദസിൽ വച്ച് ബാഖിയാത്തിന് തതുല്യമായ കെട്ടിടം നിർമിക്കാൻ തീരുമാനിക്കുകയും തദ്സംബന്ധമായ ധനശേഖരണത്തിനു വേണ്ടി മൗലാനാ പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരെ ചുമതലപ്പെടുത്തുകയും ചെയ്തു. മൗലാനയുടെയും നിസ്വാർത്ഥരായ പണ്ഡിതന്മാരുടെയും പ്രമാണിമാരുടെയും കർമ്മഫലമായി 1928-ൽ തുടങ്ങിയ കെട്ടിട നിർമാണം 1931 ഓടെ പൂർത്തിയായി.

എ.പി. അലവിക്കുട്ടി മുസ്‌ലിയാർ, വാളക്കുളം മുഹമ്മദ് മുസ്‌ലിയാർ, നിറമരുതൂർ ബീരാൻകുട്ടി മുസ്‌ലിയാർ തുടങ്ങിയവരുടെ സഹായത്തോടെ മൗലാന ദർസ് മുന്നോട്ടു കൊണ്ടുപോയി. നിർഭാഗ്യവശാൽ 1943-ൽ മൗലാനാ പാങ്ങിൽ താനൂരിനോട് വിടപറഞ്ഞതോടെ ദർസ്സിന്റെ യശസ്സും പെരുമയും മങ്ങാൻ തുടങ്ങി. എങ്കിലും അനവധി പണ്ഡിതവരേണ്യരുടെ കാൽപാദമേറ്റ് പുളകിതമാവാൻ ഇസ്‌ലാഹിന് കഴിഞ്ഞു. കരിങ്കപ്പാറ മുഹമ്മദ് മുസ്‌ലിയാർ, വെള്ളിയാപുറം സൈതലവി മുസ്‌ലിയാർ, കെ.സി കുഞ്ഞഹമ്മദ് മുസ്‌ലിയാർ, കെ.വി മുഹമ്മദ് മുസ്‌ലിയാർ, കെ.പി.എ. മൊയ്തീൻകുട്ടി മുസ്‌ലിയാർ തുടങ്ങിയവർ ഇവിടെ ദർസ് നടത്തിയിരുന്നു.

മലബാറിന്റെ സ്വാതന്ത്ര്യസമരക്കാലത്ത് കോളറ പടർന്നുപിടിച്ച ഘട്ടത്തിൽ കോളറ അപഹരിച്ചവരുടെ അനാഥക്കുട്ടികൾ സെർവന്റ് ഓഫ് ഇന്ത്യൻ സൊസൈറ്റിയുടെ അനാഥശാലകളിൽ കഴിയുന്നതിൽ നൊമ്പരപ്പെട്ട് കോളേജ് മാനേജറായിരുന്ന കെ.പി. ഉസ്മാൻ സാഹിബിന്റെ ചുമതലയിൽ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ കോളേജ് കെട്ടിടത്തിൽ മുസ്‌ലിം അനാഥശാല സ്ഥാപിച്ചു. ഇങ്ങനെ ചരിത്രത്തിന്റെ വിശാലവിതാനത്തിൽ മറ്റൊരു നാഴികക്കല്ലാവാനുള്ള സുവർണാവസരവും ഇസ്‌ലാഹിന് കിട്ടി.

1950-ൽ സമസ്തയുടെ ഗർജിക്കുന്ന സിംഹമായിരുന്ന പതി അബ്ദുൽ ഖാദർ മുസ്‌ലിയാർ പള്ളിയും മദ്റസയും ഏറ്റെടുത്തെങ്കിലും പോയകാല പ്രതാപത്തിന്റെ പാരമ്യതയിലേക്കോ പരിസരത്തേക്കോ തിരിച്ചുവരാൻ ഭാഗ്യമു

**ആഗോളവത്കരണത്തിന്റെ കുതിച്ചുചാട്ടത്തിൽ ഊരകുത്തിവീഴാതിരിക്കാൻ അറബി, ഇംഗ്ലീഷ്, ഉർദു, മലയാളം എന്നീ ഭാഷകളുടെ അക്ഷരക്കൂട്ടിലിട്ട് 12 വർഷത്തെ ബൃഹത്തായ സിലബസ്സ് പ്രകാരം വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ഉത്തമ ഉദ്യമത്തിനാണ് കോളേജ് ചുക്കാൻ പിടിക്കുന്നത്. സമസ്തയുടെ മുഖ്യകാര്യദർശി ശൈഖുനാ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ മാനേജറും സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പ്രിൻസിപ്പലുമായ സമിതിയാണ് ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്**



ണ്ടായില്ലെന്നു മാത്രമല്ല, സ്ഥാപനത്തിന്റെ സ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകാനും തുടങ്ങി. തദവസരത്തിൽ ചിന്താകുലരായ നാട്ടുകാർ 1954-ൽ താനൂർ വെച്ച് നടന്ന സമസ്ത 20-ാം സമ്മേളനത്തിൽ വെച്ച് സ്ഥാപനം സമസ്തക്ക് ഏൽപ്പിച്ചുകൊടുത്തു.

സമസ്ത ഏറ്റെടുത്ത ശേഷം മൗലാനാ ഖുത്‌ബി, പറവണ്ണ മുഹ്‌യുദ്ദീൻ മുസ്‌ലിയാർ, കെ.വി മുഹമ്മദ് മുസ്‌ലിയാർ തുടങ്ങിയ അനവധി വിജ്ഞാനരഥൻമാർ കോളേജിലൂടെ ജൈത്രയാത്ര നടത്തി. ശംസുൽ ഉലമ സദർമുദർരിസായും കെ.കെ.ഹസ്റത്ത്, ബീരാൻകുട്ടി മുസ്‌ലിയാർ തുടങ്ങിയവർ മുദർരിസുമാരായും മുഖ്തസർ, മുതവ്വൽ പാഠ്യപദ്ധതി പ്രകാരം ദർസ് നടത്തികൊണ്ടു പോകാൻ സമസ്ത തീരുമാനിച്ചു. പരിണിതഫലമായി ദർസ് ഔന്നത്യത്തിന്റെ പടവുകൾ താണ്ടി. 1959 ഒക്ടോബർ 30ന് അന്നത്തെ മാനേജറായിരുന്ന ശംസുൽ ഉലമയുടെ നേതൃത്വത്തിൽ കോളേജ് സമസ്തയുടെ മേൽനോട്ടത്തിൽ രജിസ്റ്റർ ചെയ്തു. ഇതോടെ സമസ്തയും പ്രദേശവാസികളും കോളേജിന്റെ ഉയർച്ചക്കായി കൈമെയ് മറന്നു പ്രയത്നിച്ചു. തദ്വാരാ ഉയർന്ന കിതാബുകൾ പഠിക്കുന്ന നൂറോളം വിദ്യാർത്ഥികൾ അന്ന് സ്ഥാപനത്തിലുണ്ടായിരുന്നു.

പിൽകാലത്ത് ശുദ്ധജലത്തിന്റെയും മറ്റും കാരണത്താൽ വിദ്യാർത്ഥികൾ കുറഞ്ഞതോടെ ശംസുൽ ഉലമ കോളേജിൽ നിന്നൊഴിഞ്ഞു. 1964-ൽ മഹാനായ കെ.കെ.ഹസ്റത്തിനെ ബാഖിയാത്തിലേക്ക് മുദർരിസായി ക്ഷണിച്ചതിനാൽ അദ്ദേഹം കോളേജിൽ നിന്ന് വിടവാങ്ങി. തുടർന്ന് ശൂന്യമായ കോളേജിൽ പല പണ്ഡിതൻമാരും അനവധി പദ്ധതികൾ വഴി ആ വൈജ്ഞാനിക സദസ്സ് മുന്നോട്ടു നയിച്ചു.

അങ്ങനെ 1996-ൽ സയ്യിദ് പി.പി തങ്ങൾ, സി.കെ.എം. ബാവുട്ടി ഹാജി, സി.എം.അബ്ദുസ്സമദ് ഫൈസി തുടങ്ങിയവരുടെ കർമ്മഫലമായി അപ്രശസ്തിയുടെ കാണാമറയത്തേക്ക് ആതപതിച്ചിരുന്ന സ്ഥാപനത്തിൽ കർമ്മനിരതയുടെ മാറ്റൊലി മുഴങ്ങി. ദഅ്‌വത്തിന്റെ അനന്തസാധ്യതകളിൽ അന്തിച്ചു നിൽക്കാതെ കേരളീയ വൈജ്ഞാനിക നഭോമണ്ഡലങ്ങളിലേക്ക് കടന്നുവന്ന ദാറുൽ ഹുദായുടെ ഓരംപറ്റി നവീകൃത സിലബസിന് കീഴിൽ ഈ മഹോന്നതർ വിദ്യാർത്ഥികളെ അണിനിരത്തി. ആഗോളവത്കരണത്തിന്റെ കുതിച്ചുചാട്ടത്തിൽ ഊരകുത്തിവീഴാതിരിക്കാൻ അറബി, ഇംഗ്ലീഷ്, ഉർദു, മലയാളം എന്നീ ഭാഷകളുടെ അക്ഷരക്കൂട്ടിലിട്ട് 12 വർഷത്തെ ബൃഹത്തായ സിലബസ്സ് പ്രകാരം വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ഉത്തമ ഉദ്യമത്തിനാണ് കോളേജ് ചുക്കാൻ പിടിക്കുന്നത്. സമസ്തയുടെ മുഖ്യകാര്യദർശി ശൈഖുനാ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ മാനേജറും സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പ്രിൻസിപ്പലുമായ സമിതിയാണ് ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പത്തു വർഷത്തെ ഇസ്‌ലാഹ് പഠനജീവിതം കഴിഞ്ഞ് പുറത്തേക്കുവരുന്ന സന്തതികൾക്ക് 'അസ്‌ലഹി' ബിരുദം കോളേജ് നൽകിവരുന്നു.

ചരിത്രത്തിന്റെ ഇടനാഴികളിൽ സമൂഹത്തെ അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്ക് വഴി നടത്തിയ ഇസ്‌ലാഹിന്റെ ചിത്രം യശോധാവള്യം നിറഞ്ഞതാണ്. കരുണയുടെ നീരുറവ വറ്റാത്ത വിജ്ഞാന സ്നേഹികളുടെ സഹായത്താൽ ഇസ്‌ലാഹ് മറ്റൊരു ചരിത്രനിമിഷത്തിന്റെ കരക്കെത്തിയിരിക്കുന്നു. നൂറോളം അസ്‌ലഹികളെ പ്രബോധന പ്രവർത്തന രംഗത്തേക്ക് സംഭാവന ചെയ്ത സ്ഥാപനം വരുന്ന ഫെബ്രുവരി 24ന് മറ്റൊരു പണ്ഡിതവ്യൂഹത്തെയും സമൂഹത്തിനായി വിട്ടു തരുന്നു. ഈ വേളയിലാണ് താനൂർ ഇസ്‌ലാഹുൽ ഉലൂമിന്റെ രണ്ടാം ബിരുദദാന സമ്മേളനം നടത്തപ്പെടുന്നത്. കോടികളുടെ ഗ്ലാമറോപണത്തിന്റെ കുത്തൊഴുക്കോ ഇല്ലാത്ത സ്ഥാപനത്തിന് എന്നും തണൽ വിശ്വാസത്തിന്റെ അമരജ്യോതി നെഞ്ചോടടുപ്പിച്ചു ഈ സമുദായം മാത്രമാണെന്ന് ഇസ്‌ലാഹ് ഉറച്ചു വിശ്വസിക്കുന്നു.




## സ്മരണ

### റബീഉൽ അവ്വൽ

**പി.സി കുഞ്ഞാലൻകുട്ടി മുസ്‌ലിയാർ(ന.മ)**
*റബീഉൽ അവ്വൽ 5*

**അയനിക്കാട് എം. മുഹമ്മദ് മുസ്‌ലിയാർ(ന.മ)**
*റബീഉൽ അവ്വൽ 5*

**ഇടപ്പള്ളി അബൂബക്ർ മുസ്‌ലിയാർ(ന.മ)**
*റബീഉൽ അവ്വൽ 16*

**ഇ.കെ. കോയക്കുട്ടി മുസ്‌ലിയാർ(ന.മ)**

**എം.പി. ഹസ്സൻ മുസ്‌ലിയാർ(ന.മ)**

# സൗഹൃദബന്ധത്തിന്റെ ആത്മീയ-വൈജ്ഞാനിക തലങ്ങൾ

ഇൻഡോ-അറബ് ആദാനപ്രദാനങ്ങൾ/രണ്ട്

● പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ

**ഇ**ൻഡോ-അറബ് സൗഹൃദത്തിലൂടെ ചരിത്രം, സാഹിത്യം, ശാസ്ത്രം, കല തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം ചിന്താപരമായ നവജാഗരണം സാധ്യമായി. അറബ് ഇസ്‌ലാമിക സമൂഹത്തെ മതത്തോടും വിജ്ഞാനത്തോടും പ്രതിബദ്ധതയുള്ള സമൂഹമാക്കി മാറ്റിത്തീർത്തത് പ്രവാചകതിരുമേനി(സ)യാണ്. പൗരസ്ത്യ ചിന്താമണ്ഡലത്തെ ശ്രേഷ്ഠകരമാക്കിയും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരപോരാട്ടങ്ങൾക്ക് ആശയപരമായ കരുത്ത് നൽകുകയും ചെയ്ത മിസിസ് ആനിബസന്റ് അറബ് സമൂഹത്തിന്റെ ഈ ജ്ഞാനസ്നേഹത്തെയും ലോകത്തിനു നൽകിയ സംഭാവനകളെയും കുറിച്ചെഴുതിയിട്ടുണ്ട്. ഇസ്‌ലാമിക സമൂഹം സ്വായത്തമാക്കിയ അറിവിന്റെ ഭാണ്ഡങ്ങൾ എട്ടാം നൂറ്റാണ്ട് മുതൽ പതിനാലാം നൂറ്റാണ്ട് വരെ അവരവിടെ ചെല്ലുമ്പോഴും കൂടെ ചുമന്നിരുന്നു. ചരിത്രരംഗത്തെ അറബികൾക്കുള്ള വൈദഗ്ധ്യം മികച്ചതാണ്. തങ്ങളുടെ തറവാടും വംശാവലിയും ഓർത്തിരിക്കലും അതിലഭിമാനം കാണലും നബി(സ)യുടെ കാലത്തെ ഖുറൈശികളുടെ പ്രത്യേകതയായിരുന്നല്ലോ. ചരിത്രത്തോടുള്ള അറബികളുടെ താൽപര്യം ഇതിൽ നിന്നും മനസ്സിലാക്കാം. പിന്നീടങ്ങോട്ട് ചരിത്രാന്വേഷികളായ അറബികൾ കടലും കരയും താണ്ടി ജ്ഞാനപകർപ്പുകളന്വേഷിച്ച് നടന്നിട്ടുണ്ട്. അൽ-ഇദ്‌രീസി, റശീദുദ്ദീൻ, അബുൽഫിദ, ഇബ്നുബത്തൂത്ത, സുലൈമാൻ ഫിരിഷ്, തദിമിശ്ഖി, മമ്പഊദി, അബ്ദുറസാഖ്, ഇബ്നു റുശ്ദ് തുട





ശാസ്ത്ര വൈജ്ഞാനിക മണ്ഡലങ്ങളിൽ അറബികൾ ഇന്ത്യയെ പഠനഗവേഷണങ്ങൾക്കുള്ള ശാദ്വല ഭൂമികയാക്കി. അതിലൂടെ തിളങ്ങിയതാവട്ടെ അറബ്-ഇന്ത്യൻ ബന്ധത്തിന്റെ മനോഹാരിതയും സംസ്കാരവും സൗഹൃദവും അതിലൂടെ കൈമാറ്റം ചെയ്യപ്പെട്ടു. യൂറോപ്പിലെ രാക്ഷസൻമാരെ പോലെ അറബികൾ ഇന്ത്യയുടെ മണ്ണും മനസ്സും ചൂഷണം ചെയ്തില്ല എന്നാണ് ചരിത്രം

ങ്ങിയവർ ഇന്ത്യയുടെ ചരിത്രത്തെ അതിസൂക്ഷ്മമായി പഠിക്കുകയും ലോകത്തിനു പരിചയപ്പെടുത്തുകയും ചെയ്ത അറബ് ചരിത്ര പണ്ഡിതൻമാരാണ്. പതിനാലാം നൂറ്റാണ്ടിലെ ഇന്ത്യയെ 'അൽബിറൂനി' തന്റെ പ്രസിദ്ധമായ 'കിതാബുൽ ഹിന്ദിൽ' പ്രതിപാദിക്കുന്നുണ്ട്. ഇബ്നുൽ അസീറിന്റെ 'അൽ കാമിലിലും' ദഹബിയുടെ 'താരീഖുൽ ഇസ്‌ലാം വ മസാലിയ്യുൽ അബ്സ്വാറി'ലും ഇന്ത്യയെ സംബന്ധിച്ച ആധികാരിക ചരിത്ര വിവരണങ്ങളുണ്ട്. 1293-ൽ സിറിയയിലെ ദമസ്ക്കസിൽ ജനിച്ച അബുൽഫിദ ഇസ്മാഈലുബ്നു അലി പതിമൂന്നും പതിനാലും നൂറ്റാണ്ടിലെ കേരളത്തെ സംബന്ധിച്ച വിവരണങ്ങൾ നൽകുന്നു. പതിനാലാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ ഇബ്നുബത്തൂത്ത ഇന്ത്യയെയും കേരളത്തെയും ഇവിടങ്ങളിലെ സാമൂഹിക സാംസ്കാരിക ജീവിതത്തെയും ആപാദചൂഢം പഠിച്ചറിയുകയും ചരിത്ര ഗ്രന്ഥരചന നടത്തി ഇന്ത്യയുടെ നാനാത്വപൂർണമായ സംസ്കൃതിയുടെ മുഖത്തെ പുറം ലോകത്തിന് തുറന്നുകാണിക്കുകയും ചയ്തു. അറബ് സമൂഹത്തിന്റെ ഈ വൈജ്ഞാനിക സംഭാവനകളാണ് ഒരർത്ഥത്തിൽ ഇന്ത്യയെ വെളിച്ചത്തിലേക്ക് നയിച്ചത്. ഇന്ത്യൻ ജനത ചരിത്രരചന പഠിച്ചതും അറബികളിൽ നിന്നു തന്നെ!

ശാസ്ത്ര വൈജ്ഞാനിക മണ്ഡലങ്ങളിൽ അറബികൾ ഇന്ത്യയെ പഠന ഗവേഷണങ്ങൾക്കുള്ള ശാദ്വല ഭൂമികയാക്കി. അതിലൂടെ തിളങ്ങിയതാവട്ടെ അറബ്-ഇന്ത്യൻ ബന്ധത്തിന്റെ മനോഹാരിതയും സംസ്കാരവും സൗഹൃദവും അതിലൂടെ കൈമാറ്റം ചെയ്യപ്പെട്ടു. യൂറോപ്പിലെ രാക്ഷസൻമാരെ പോലെ അറബികൾ ഇന്ത്യയുടെ മണ്ണും മനസ്സും ചൂഷണം ചെയ്തില്ല എന്നാണ് ചരിത്രം.

മതപ്രബോധനങ്ങൾക്കായി ഇന്ത്യയിലെത്തിയ സൂഫികളും സയ്യിദൻമാരും വലിയൊരളവോളം അറബ് ദേശങ്ങളിൽ നിന്നുള്ളവരായിരുന്നു. യമനിൽ നിന്ന് കേരളത്തിലെത്തിയ സയ്യിദ് വംശാവലിയിലും തമിഴ്നാട്ടിലെ മഅ്ബർ പ്രദേശങ്ങളിലൂടെ മലബാറിലെത്തിയ മഖ്ദൂമി പൈതൃകത്തിലും അറബ്-ഇന്ത്യൻ സങ്കലനത്തിന്റെ വലിയ പൊരുത്തമുണ്ട്. 'മഖ്ദൂം' കേരളത്തിന്റെ മതവൈജ്ഞാനിക രംഗത്തെ പുഷ്കലമാക്കിത്തീർത്ത മഹദ് നാമമാണ്. ശൈഖ് സൈനുദ്ദീൻ ഇബ്റാഹീം ഇബ്നു അഹ്മദാണ് മഖ്ദൂം പരമ്പരയിൽ കേരളത്തിലെത്തിയ ഒന്നാമൻ. മഖ്ദൂം രണ്ടാമൻ മലയാള മണ്ണിനെ മതജ്ഞാന വൈപുല്യം കൊണ്ട് അനുഗ്രഹിച്ചത് അറബ് പണ്ഡിതനും കർമ്മശാസ്ത്ര ഗ്രന്ഥമായ തുഹ്ഫയുടെ രചയിതാവുമായ ഇമാം ശിഹാബുദ്ദീൻ അഹ്മദുബ്നു ഹജർ അൽ-ഹൈതമിയിൽ നിന്നും ജ്ഞാനം നുകർന്നുകൊണ്ടാണ്. ജ്ഞാനതീർത്ഥകനായി മക്കയിൽ കഴിഞ്ഞുകൂടിയതിലൂടെ തന്നെയാണ് ആത്മജ്ഞാനത്തിന്റെ വിശുദ്ധിയെ ഏറ്റെടുക്കാനും മലയാളിയുടെ ജീവിതത്തിനു ആത്മീയ കരുത്ത് പകരാനും ശൈഖ് സൈനുദ്ദീൻ(റ)വിനു കഴിഞ്ഞത്.

ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ തേടിയുള്ള യാത്രകൾ മഖ്ദൂമീ പാരമ്പര്യത്തെ പിന്തുടർന്നു കേരളീയ മുസ്‌ലിംകളിൽ പ്രൊജ്വലിച്ചു നിന്നിട്ടുണ്ട്. വിശ്വപ്രസിദ്ധനായിരുന്ന കട്ടിലശ്ശേരി ആലി മുസ്‌ലിയാർ തന്റെ പുരുഷായുസിന്റെ വലിയൊരു ഭാഗം പുണ്യനാട്ടിൽ മുതഅല്ലിമും മുദർരിസുമായി ചെലവഴിക്കുകയും യൂസുഫുന്നബ്ഹാനിയെ പോലോത്ത ജ്ഞാനകുതുകികൾക്ക് മലയാളമണ്ണിലെ പണ്ഡിതർക്കു കീഴിലെ ശിഷ്യത്വത്തിന് അവസരങ്ങൾ നൽകുകയും ചെയ്തു.

സൂഫികളുടെ കടന്നുവരവും നമ്മുടെ പാരസ്പര്യങ്ങൾക്ക് മുതൽ

കൂട്ടായത് പ്രത്യേക പരാമർശമർഹിക്കുന്നു. ഡൽഹിയിലും പരിസര പ്രദേശങ്ങളിലുമെത്തിയ സൂഫികളിൽ പലരും ഇന്ത്യയുടെ ആത്മാവ് കണ്ടറിഞ്ഞവരായിരുന്നു. ബീജാപൂരിലെ ജൈനമതക്കാരുടെ ഇടയിലേക്കാണ് പീർമഹാബിർ' എന്ന അറബി പ്രബോധകൻ കടന്നു വന്നത്. ബീജാപൂരിലെ മതസാമൂഹിക രംഗത്തെ അസ്വസ്ഥതകളും അന്ധവിശ്വാസങ്ങളും പഠിച്ചറിഞ്ഞ അദ്ദേഹം ഇസ്‌ലാമിക പ്രബോധനങ്ങളിലൂടെ ധാരാളം ആളുകളെ ഇസ്‌ലാമിലേക്ക് വഴിനടത്തി. അബൂ അലി ഖലന്ദർ ഇറാഖിൽ നിന്നും മുഹമ്മദ് സ്വാദിഖ് സർമസ്ത് മദീനയിൽ നിന്നും അബൂബക്കർ(റ)വിന്റെ കുടുംബത്തിൽ പെട്ട ഉബൈദുല്ല ജിദ്ദയിൽ നിന്നും ഇന്ത്യയിലെത്തിച്ചേർന്ന അറബ് സൂഫികളിൽ പെടുന്നു.

ഇന്ത്യയുമായുള്ള അറബികളുടെ സുഹൃദ്ബന്ധത്തിന്റെ ചരിത്ര പരിണാമത്തിൽ ഭാഷ പ്രത്യേക പരാമർശമർഹിക്കുന്നുണ്ട്. 177 മില്ല്യൺ ജനത സംസാരിക്കുന്ന അറബ് ഭാഷയുടെ സൗന്ദര്യവും ദാർശനിക സവിശേഷതയും കാരണം ലോകത്തെ സുപ്രധാന ഭാഷകളിലൊന്നാണ് അറബി. ഇന്ത്യൻ ജനത അതിനെയും ഹൃദയപൂർവ്വം സ്വീകരിച്ചുപോന്നു. അതിന്റെ ഫലമായാണ് അറബി മലയാളം, അറബി തമിഴ്, അറബി ബംഗാളി, അറബി സിന്ധി തുടങ്ങിയ സങ്കര ഭാഷാ സമ്പ്രദായം ഉരുവംകൊണ്ടത്. കേരളത്തിൽ അറബി മലയാളം ചെലുത്തിയ സ്വാധീനം കനപ്പെട്ടതാണ്. വിവിധ കാലങ്ങളിൽ നടന്ന പരിഷ്ക്കരണങ്ങളും കേരള മുസ്‌ലിംകളുടെ പ്രാഥമിക മതപഠന പാഠ്യക്രമങ്ങളിൽ അറബി മലയാളത്തിനു സമസ്ത കേരള ജംഇയ്യത്തുൽ ഉലമ നൽകിയ പ്രാധാന്യവും ഈ ഭാഷയെ പ്രോജ്വലമാക്കി പോന്നിട്ടുണ്ട്.

ഈ അർത്ഥത്തിൽ നമ്മുടെ ഇന്ത്യ-അറബ് സ്നേഹബന്ധത്തിന്റെ ചരിത്രം ഒരളവോളം പണ്ഡിത-വൈജ്ഞാനിക-ആത്മീയ തലങ്ങളിലൂടെ വേരൂന്നിപ്പിടിച്ച പ്രതിഭാസമാണെന്നു തന്നെ പറയാം.

ആധുനിക ഇന്ത്യയും അറബ് ദേശങ്ങളും പുലർത്തിപ്പോരുന്നതും കഴിഞ്ഞകാല സുദൃഢബന്ധങ്ങളുടെ നൈരന്തര്യത്തെയാണ്. ഇന്ത്യയും സിറിയയും തമ്മിൽ 1960 കൾക്കു ശേഷം വാണിജ്യരംഗത്ത് കൈകോർത്ത് നിരവധി കരാറുകളുണ്ടാക്കിയത് ശ്രദ്ധേയമാണ്. 1978-ലെ Trade agreement, 1989-ലെ Sceintfic and technical Co-operation, 1991-ലെ Tourism Co-operation agreement ഇങ്ങനെ ഇന്ത്യ-സിറിയ ബന്ധം വാണിജ്യമേഖലയാകെ പരന്നുകിടക്കുന്നു. അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന പശ്ചിമേഷ്യൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട് സുപ്രധാനമായി നിന്നിട്ടുണ്ട്. ഫലസ്തീനികളുടെ സ്വാതന്ത്ര്യ പോരാട്ടങ്ങളിൽ കഴിഞ്ഞകാലങ്ങളിലേതിലുപരി ലോകശക്തി എന്ന നിലയിൽ ഇന്ത്യയുടെ സഹായങ്ങളും സുദൃഢമായ ബന്ധങ്ങളും അഭിനന്ദിക്കപ്പെടും. ലോക ജനതയുടെ മനഃസാക്ഷി തേടുന്നതും മർദ്ദിത സമൂഹത്തോടുള്ള ഇത്തരം ഐക്യദാർഢ്യങ്ങളെയാണ്.

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യയും-സഊദിയും തമ്മിലുള്ള ബന്ധത്തിൽ ആശാവഹമായ മാറ്റങ്ങളുണ്ടായി. 1955 നവംബറിൽ സഊദി രാജാവ് ഇന്ത്യ സന്ദർശിച്ചത് നല്ല ബന്ധത്തിന്റെ നാന്ദിയായി കാണേണ്ടതാണ്. പിന്നീട് നീണ്ടു അമ്പത്തിയൊന്ന് വർഷങ്ങൾക്ക് ശേഷം 2006 ജനുവരി 14ന് സഊദിയിലെ അബ്ദുല്ലാ രാജാവിന്റെ ഇന്ത്യ സന്ദർശനവും കഴിഞ്ഞ ഫെബ്രുവരി 17 മുതൽ ഹ്രസ്വസന്ദർശനാർത്ഥം ഇന്ത്യൻ പ്രധാനമന്ത്രി സഊദി അറേബ്യയിലെത്തി 'മജ്‌ലിസു ശൂറയെ' അഭിസംബോധന ചെയ്തതുമെല്ലാം ഇന്തോ-അറബ് സൗഹൃദസമീപനത്തിന്റെ വെള്ളിരേഖയാണ്.

ഇന്തോ-അറബ് ബന്ധത്തിന്റെ ശക്തിസ്രോതസായി ധാരാളം പ്രവാസികൾ അറബ് നാടുകളിൽ സേവനങ്ങളർപ്പിക്കുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നല്ലൊരു പങ്ക് പ്രവാസി സമൂഹത്തിന്റേതാണ്. 2006 നവംബറിൽ ഇന്ത്യ-അറബ് ബന്ധത്തെ ശക്തിപ്പെടുത്താനെന്നോണം ഡൽഹിയിൽ ചേർന്ന പ്രഥമ ഇന്തോ-അറബ് ഇന്റർനാഷണൽ കോൺഫ്രൻസ് സമകാലിക ഇന്ത്യ-അറബ് സൗഹൃദസന്ദേശത്തിന്റെ പുത്തൻ പ്രതീക്ഷകളിലൊന്നായിരുന്നു. കാലങ്ങൾക്കപ്പുറത്തു നിന്ന് നമ്മുടെ പ്രപിതാക്കൾ കോർത്ത അറബ്-ഇന്ത്യൻ സമൂഹബന്ധത്തിന്റെ കൈവിരലുകൾ പൂർവ്വാധികം ശക്തിയോടെ ചേർത്തുപിടിക്കാൻ നമുക്കാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയും-സഊദിയും തമ്മിലുള്ള ബന്ധത്തിൽ ആശാവഹമായ മാറ്റങ്ങളുണ്ടായി. 1955 നവംബറിൽ സഊദി രാജാവ് ഇന്ത്യ സന്ദർശിച്ചത് നല്ല ബന്ധത്തിന്റെ നാന്ദിയായി കാണേണ്ടതാണ്. പിന്നീട് നീണ്ടു അമ്പത്തിയൊന്ന് വർഷങ്ങൾക്ക് ശേഷം 2006 ജനുവരി 14ന് സഊദിയിലെ അബ്ദുല്ലാ രാജാവിന്റെ ഇന്ത്യ സന്ദർശനവും കഴിഞ്ഞ ഫെബ്രുവരി 17 മുതൽ ഹ്രസ്വസന്ദർശനാർത്ഥം ഇന്ത്യൻ പ്രധാനമന്ത്രി സഊദി അറേബ്യയിലെത്തി 'മജ്‌ലിസു ശൂറയെ' അഭിസംബോധന ചെയ്തതുമെല്ലാം ഇന്തോ-അറബ് സൗഹൃദസമീപനത്തിന്റെ വെള്ളിരേഖയാണ്**



# സൂക്ഷ്മത പുലർത്തേണ്ട നിരീക്ഷണങ്ങൾ

നമ്മുടെ പ്രമാണങ്ങൾ: വസ്തുതയും തെറ്റിദ്ധാരണയും/മൂന്ന്

● പികെ മുഹമ്മദ് സലീം ദാരിമി ചെർള

സുന്നി പണ്ഡിതൻമാരിൽ ആരെങ്കിലും ശരീഅത്തുമായി ബന്ധമുള്ള ഏതെങ്കിലും ഹദീസുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞതായി തെളിയിക്കപ്പെട്ടിട്ടില്ല. ഫിഖ്ഹിന്റെ ബാബുകൾ കിതാബുത്ത്വഹാറത്തു മുതൽ തുടങ്ങി ഉമ്മഹാത്തുൽ ഔലാദിൽ അവസാനിക്കുന്നു. അതിലെ എല്ലാ ബാബിന്നും അതിലെ മസ്അലകൾക്കും നാലാലൊരു തെളിവ് ഉദ്ധരിക്കുന്നതാണ്  നാം കാണുന്നത്. ഇവിടെ ചർച്ചാവിഷയം ഹദീസാണ്. ഏതെങ്കിലും(എന്നല്ല) ഹദീസ് ബഹുഭൂരിപക്ഷവും നഷ്ടപ്പെട്ടുവെന്ന് സമ്മതിച്ചാൽ പരിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനം ഇല്ലെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെവന്നാൽ ഒരാൾക്കും ഖുർആൻ ക്ലാസെടുക്കാനോ ഖുർആൻ ഓതി  അർത്ഥം വെക്കാനോ പറ്റില്ല. വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട വിഷയമാണിത്.

ആദ്യമായി നമുക്ക് തുഹ്ഫയെടുക്കാം. ഇബ്നുഹജർ(റ) എന്തു പറയുന്നുവെന്ന് നോക്കാം.

“മുജ്തഹിദ്, കിതാബ്-സുന്നത്തിൽ നിന്ന് ശർഇയ്യായ വിധികളുമായി ബന്ധപ്പെട്ടവ അറിയുന്നവനാണ്.(വേറെ എന്തെല്ലാം അറിയണമെന്ന് പിന്നീട് പറയുന്നുണ്ട്) അവ മനഃപാഠമാക്കണമെന്നില്ല. 500 ആയത്തും 500 ഹദീസും മാത്രമാണ് ഈ ഗണത്തിലുള്ളതെന്ന് വാദിക്കുന്നവർ ഉണ്ടെങ്കിലും അതു ശരിയല്ല. ഖിസ്സകളുടെയും ഉപദേശങ്ങളുടെയും രണ്ടുമല്ലാത്തവയുടേതുമായ ആയ

ത്തുകളിൽനിന്ന് വിധി കണ്ടെത്താവു ന്നതാണെന്നത് ഒന്നാം വാദത്തെ (500 ആയത്തുകളിൽ പരിമിതപ്പെടുന്നു എന്ന വാദം) പൊളിക്കുന്നു. അനു ഭവം രണ്ടാം വാദം (500 ഹദീസുക ളിൽ പരിമിതപ്പെടുന്നു എന്ന വാദം) തള്ളപ്പെടേണ്ടതാണെന്നു തെളിയി ക്കുന്നു. സനദിലോ(റാവികൾ) അതുപോലോത്തതിലോ യാതൊരാക്ഷേപവുമില്ലാതെ എല്ലാ അർത്ഥത്തിലും തെളിവിനു പറ്റുന്ന ഹദീസുകൾ 500 മാത്രമാണെന്നോ ഇജ്തിഹാദുമായി ബന്ധപ്പെട്ട വളരെ ഗഹനമായ വിധികളുള്ളത് 500 മാത്ര മാണെന്നോ ആ വാദക്കാരൻ ഉദ്ദേശി ച്ചാൽ, ആ വാദത്തിന് ഒരുവിധം അടുപ്പമുണ്ട്. അധിക ഹദീസുക ളിലും ദീനീഭരണകാര്യമോ ശർഈ മര്യാദകളോ വിധിയോ ഉള്ളതായതു കൊണ്ട്, 3500 ഹദീസുകളാണ് വിധി കളുമായി ബന്ധപ്പെട്ടതെന്ന ഇബ്നുൽ ജൗസിയുടെ വാക്ക് തള്ള പ്പെട്ടതാണ്. സുനനുഅബീദാവൂദ് പോലെ ഹുകുമുകളുടെ മിക്ക ഹദീ സുകളെയും ഒരുമിച്ചു കൂട്ടിയ കൈക്കടത്തപ്പെടാത്ത മുജ്തഹിദിന്റെ പക്കലുള്ള ഒരു ഗ്രന്ഥം അവലംബ മാക്കിയാൽ മതി. അങ്ങനെ ഗ്രന്ഥം അവലംബിക്കുമ്പോൾ ഗ്രന്ഥകാരൻ സാങ്കേതിക പ്രയോഗങ്ങളും മുഹദ്ദി സുകൾ അതിനെ വിലയിരുത്തി യതും അറിഞ്ഞിരിക്കേണ്ടതാണ്. (തുഹ്ഫ 10/107,108)

ഇതു പലതവണ ആവർത്തിച്ച് വായിക്കുക. എങ്ങനെയാണ് ഇബ്നു ഹജർ(റ) വിഷയം കൈകാര്യം ചെയ്തത്. സ്വഹാബത്ത് ഓരോരു ത്തരും വഫാത്താകുമ്പോൾ ഹദീസു കൾ മൺമറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതു പോലെ താബിഉകളുടെയും താബിഉത്താബിഉകളുടെയും മരണ ത്തോടെ അവ നഷ്ടപ്പെട്ടുപോയെ ങ്കിൽ ലക്ഷക്കണക്കിന് ഹദീസുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ വിരലിലെണ്ണാ വുന്നവ മാത്രമാണുള്ളതെങ്കിൽ എന്തിന് ഇബ്നുഹജർ(റ) ഇങ്ങനെ മറുപടി പറയുന്നു? ഇന്ന് ഹദീസ് ലഭ്യമല്ല എന്ന ഒരൊറ്റ വാക്ക് പോരേ?

500 ഹദീസ് മാത്രമാണു മുജ്ത ഹിദിന് അറിയേണ്ടതുള്ളൂ എന്ന വാദ ത്തിന് മറുപടി, മുശാഹദ (അനുഭ വം) അത് തെറ്റാണെന്ന് തെളിയിക്കു ന്നു എന്നാണ്. പിന്നീട്, ആ വാദം വാദിച്ചത് മഹാനായ ഒരു പണ്ഡിത നായപ്പോൾ അതിന് ന്യായം പറയു ന്നതും അത് ന്യായമാക്കാൻ വകുപ്പു ണ്ടാക്കുന്നതുമാണ് നാം കാണുന്നത്.

ഇങ്ങനെ ആ മഹാൻ വാദിക്കാൻ എന്താണ് കാരണം? 500 ആയത്ത് എന്ന് ഒരാൾ വാദിച്ചപ്പോൾ എന്നാൽ ഹദീസും അത്രതന്നെ എന്ന് അദ്ദേ ഹവും വാദിച്ചു. കാരണം റസൂൽ(സ) പറയുന്നു: "എനിക്ക് ഖുർആൻ നൽകപ്പെട്ടു; ഖുർആനിനോട് കൂടെ അതിന്റെയത്ര ഹദീസും (തഫ്സീർ ഇബ്നുകസീർ 1-4)

ഹദീസിന്റെ പല കിതാബുക ളിലും ഇതു കാണാം. ഖുർആനി നോടു കൂടെ ഖുർആനിന്റെ 'മിസ്ൽ' എന്നതിന് എണ്ണത്തിൽ തുല്യത എന്ന് വിവക്ഷിക്കാം. അപ്പോൾ ഹുക്മുമായി ബന്ധപ്പെട്ട ആയത്തു കൾ 500 ആണെങ്കിൽ ഹദീസും അത്ര തന്നെ. അതു കൊണ്ടാണ് മഹാനായ ഇബ്നുഹജർ അതിന് ന്യായം പറയുന്നത്; ഒറ്റയടിക്ക് അതിനെ തള്ളാതിരുന്നത്.

ഖുർആൻ ആവർത്തിച്ചോതി സ്വഹാബത്തിനെ പഠിപ്പിക്കും പോലെ ഹദീസുകളും നബി(സ) ആവർത്തിക്കുകയായിരുന്നു. പക്ഷെ, ഖുർആനിന്റെ വാക്കുകൾ എപ്പോഴും ഒന്നായിരിക്കും. വാക്കുകൾ മാറ്റം വരുത്താവതല്ല. ഹദീസ് അല്ലാഹു വിന്റെ വഹ്യാണെങ്കിലും അതിന്റെ വാക്കുകൾ റസൂലിന്റെ ഇഷ്ടപ്രകാരം ഉരുവിടുന്നതായതു കൊണ്ട് വാക്കുക ളിൽ മാറ്റം വരാം, ആശയം മാറുകയി ല്ല.

3500 ഹദീസ് എന്നതിനു ഇബ്നു ഹജർ നൽകിയ മറുപടി ശ്രദ്ധേയമാ ണ്. മിക്ക ഹദീസുകളിലും മുജ്തഹി ദിന് ലഭിക്കുന്ന എന്തെങ്കിലും ഉണ്ടാ കുമെന്ന് മറുപടി നൽകി. 3500 എന്നത് നബി(സ)യുടെ ഹദീസിന്റെ അഞ്ചു ശതമാനം പോലുമായിട്ടില്ല എന്നല്ല മറുപടി. അങ്ങനെ മറുപടി പറയാൻ, ഹദീസ് നഷ്ടപ്പെട്ടുവെന്ന ചിന്ത അവർക്കു വേണ്ടേ. വല്ല വിഷ യത്തിലും മഹാനോട് ഇതിന് ഹദീസ് ഉണ്ടോ എന്നു ചോദിച്ചാൽ ഒന്നുകിൽ, ഉണ്ട് അല്ലെങ്കിൽ ഇല്ല എന്നോ ഉള്ളതു തെളിവിന് പറ്റി യതല്ല എന്നോ മറുപടി പറയും. ഉണ്ടായേക്കാം, നമുക്ക് ലഭ്യമല്ല എന്നു മറുപടി പറയാറില്ല. മറിച്ച്, ഉണ്ടെങ്കിൽ നമുക്ക് ലഭ്യമാവേണ്ടതാ യിരുന്നു എന്ന പ്രയോഗം ധാരാളം നമ്മുടെ ഇമാമുകളുടെ വാക്കുകളിൽ കാണാം.

ശർഇയ്യായ വിധികളുള്ള ഹദീസു കൾ 500 മാത്രം, അല്ലെങ്കിൽ 3500 മാത്രമെന്ന വാദത്തെ തള്ളിയെങ്കിലും മുജ്തഹിദിന് വേണ്ടുന്ന ഹദീസുകൾ ലഭിക്കാൻ എല്ലാ ഗ്രന്ഥങ്ങളും പരി ശോധിക്കേണ്ടതില്ല, ഏകദേശം എല്ലാ ബാബുകളുമായി ബന്ധപ്പെട്ട മിക്ക ഹദീസുകളുമുള്ള ഒരു ഹദീസ് ഗ്രന്ഥം അവലംബമാക്കിയാൽ മതി. അബൂദാവൂദ്(റ)വിന്റെ സുനൻ ആ ഗണത്തിൽ പെട്ടതാണ് എന്നാണ്

**സുന്നി പണ്ഡിതൻമാരിൽ ആരെങ്കിലും ശരീഅത്തുമായി ബന്ധമുള്ള ഏതെങ്കിലും ഹദീസുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞതായി തെളിയിക്കപ്പെട്ടിട്ടില്ല. ഫിഖ്ഹിന്റെ ബാബുകൾ കിതാബുത്ത്വഹാറത്തു മുതൽ തുടങ്ങി ഉമ്മഹാത്തുൽ ഔലാദിൽ അവസാനിക്കുന്നു. അതിലെ എല്ലാ ബാബിന്നും അതിലെ മസ്അലകൾക്കും നാലാലൊരു തെളിവ് ഉദ്ധരിക്കുന്നതാണ് നാം കാണുന്നത്**

ഇബ്നുഹജർ(റ) പറഞ്ഞത്. അതു മാത്രം അവലംബമാക്കിയാൽ മുജ്തഹിദിനു വേണ്ടുന്ന ഹദീസ് ലഭിച്ചുവെന്ന് പറയാം. ഇതു ഇബ്നുഹജർ സ്വന്തമായി പറഞ്ഞതല്ല, ഇമാം നവവി(റ)യും അബൂദാവൂദ്(റ)യും പറഞ്ഞതാണ്.

അബൂദാവൂദ്(റ) സുനന് രചിച്ചതിന്റെ ശേഷം മക്കക്കാരിലേക്ക് അയച്ച കത്തിൽ മഹാൻ പറയുന്നത് ശ്രദ്ധിക്കുക: "ലക്ഷ്യത്തിനു പറ്റുന്ന ഇസ്നാദോടുകൂടിയുള്ള, നബി(സ)യുടെ ഏതെല്ലാം ഹദീസുകളുണ്ടോ അതെല്ലാം ഈ കിതാബിലുണ്ട്. പരിശുദ്ധ ഖുർആനിന്റെ ശേഷം ജനങ്ങൾ നിർബന്ധമായും പഠിക്കേണ്ട ഒരു കിതാബ് ഇതല്ലാതെ ഞാൻ കാണുന്നില്ല"(ബദ്ലുൽ മജ്ഹൂദ് 1-5)

ഇതിൽ ഫിഖ്ഹുമായി ബന്ധപ്പെട്ടത് മാത്രമാണുള്ളത്. മദ്ഹുകൾ, ചരിത്രങ്ങൾ, സുഹ്ദ് എന്നിവയുമായി ബന്ധപ്പെട്ട വേറെ ഹദീസുകൾ ഉണ്ടെന്ന് കത്തിന്റെ അവസാനം അബൂദാവൂദ്(റ) പറയുന്നുണ്ട്.

ചുരുക്കത്തിൽ, അബൂദാവൂദ്(റ) സുനൻ രചിച്ച് അവകാശപ്പെട്ടതിനെ കേവലം ഒരു പരസ്യമായി എണ്ണാതെ പിൽകാല പണ്ഡിതർ മുഴുവനും അത് സത്യമായും യാഥാർത്ഥ്യമായും ലോകത്തെ ധരിപ്പിച്ചു. മുജ്തഹിദിന് എല്ലാ ഹദീസും ലഭിക്കണമെന്നില്ല. ഇമാമിന്റെ പ്രമാണം ഹദീസ് മാത്രമല്ല, വേറെയുമുണ്ട്.

മുആദ്(റ)വിനെ യമനിലേക്ക് അയക്കുമ്പോൾ ഖുർആൻ മുഴുവനും ഇറങ്ങിയിട്ടില്ല. ഹദീസ് പറയൽ റസൂൽ നിർത്തിയിട്ടുമില്ല. നബി ചോദിച്ചു: "നീ എന്തുകൊണ്ട് വിധി പറയും" "അല്ലാഹുവിന്റെ കിതാബ് കൊണ്ട്"-മുആദ് മറുപടി നൽകി. "കിതാബിൽ നീ അത് എത്തിച്ചില്ലെങ്കിലോ?" എന്ന നബി(സ)യുടെ ചോദ്യത്തിന് മുആദ് മറുപടി നൽകി: "റസൂലിന്റെ സുന്നത്തു കൊണ്ട് വിധി പറയും." നബി(സ): "അതിലും നീ എത്തിച്ചില്ലെങ്കിലോ?" "എന്റെ കൂർമബുദ്ധികൊണ്ട് ഞാൻ കഠിന ചിന്ത നടത്തി കണ്ടുപിടിക്കും." ഇങ്ങനെ മുആദ്(റ) പറഞ്ഞപ്പോൾ, നബി മുആദിന്റെ നെഞ്ചിലടിച്ചു കൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിന് തൃപ്തിയുള്ള കാര്യത്തിലേക്ക് അല്ലാഹുവിന്റെ റസൂലിന്റെ റസൂലിനെ (മുആദ്) തിരിച്ചുവിട്ട അല്ലാഹുവിന് സർവ്വസ്തുതി!"

ഏതെങ്കിലും ആയത്തോ ഹദീസോ കണ്ട് അതിനെന്തെങ്കിലും അർത്ഥം നൽകി, 'ഇങ്ങനെ ഖുർആനും ഹദീസിലുമുണ്ടെന്ന്' പറയുന്നവൻ പരമവിഡ്ഢിയാണ്. ഒരു ഇമാമിന്റെ വ്യാഖ്യാനം അംഗീകരിക്കാതെ സ്വന്തമായി പറയണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് മഹാന്മാരായ പണ്ഡിതർ 'താങ്കൾ അതിന് യോഗ്യത കൈവരിച്ചിരിക്കുന്നു' എന്നു പറയണം. പിന്നീട് അവന്റെ ഉസൂൽ മുഖേന വ്യാഖ്യാനം പറയണം. ആരുടെയും വ്യാഖ്യാനം അംഗീകരിക്കാതെ നേരിട്ട് പ്രമാണങ്ങളിൽനിന്ന് ദീനീ നിയമങ്ങൾ കണ്ടുപിടിക്കുന്നവരാണ് മുജ്തഹിദുകൾ. എല്ലാ വിജ്ഞാനശാഖകളിലും അഗാധ പാണ്ഡിത്യം നേടി സ്വയം സാങ്കേതികങ്ങൾ കണ്ടുപിടിച്ച് അവ ഉപയോഗിച്ച് ദീനീനിയമങ്ങൾ പറയണം.




ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, പൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്
Ph :0494-2421563, 9947005000

ഇബ്നുഹജർ(റ) തുഹ്ഫയിൽ പ്രസ്താവിക്കുന്നത് നോക്കുക.

ഇമാമുൽ ഹറമൈനി(റ), ഗസ്സാലി(റ), ശീറാസി(റ), ഇബ്നു അബ്ദിസ്സലാം(റ), ഇബ്നു ദഖീഖിൽ ഐദ്(റ), ഇബ്നുസ്സ്വലാഹ്(റ) മുതലായ മഹത്തുക്കൾ ഇജ്തിഹാദ് കൈവരിച്ചവരായിരുന്നുവെന്ന് സ്ഥിരപ്പെട്ടാൽ തന്നെ അവർക്ക് ഇജ്തിഹാദിന്റെ നിരുപാധിക യോഗ്യത കൈവരിച്ചവരെന്നോ അല്ലെങ്കിൽ ചില മസ്അലകളിൽ ഇജ്തിഹാദ് ചെയ്തവരായിരുന്നുവെന്നോ ഉദ്ദേശിക്കപ്പെടണമെന്നാണ് ന്യായമായ അഭിപ്രായം. മുജ്തഹിദിന് എല്ലാ വിഷയത്തിലും ഗവേഷണം നടത്താൻ കഴിയണമെന്നില്ല എന്നതാണ് ഏറ്റവും പ്രബലമായ അഭിപ്രായം എന്നതിനാൽ.

ശാഫിഈ ഇമാമിനോട് അടുത്ത കാലം മുതൽ ഇന്നുവരെ എല്ലാ വിഷയത്തിലും ഇജ്തിഹാദ് ചെയ്ത മുജ്തഹിദിനെ ലോകം കണ്ടിട്ടില്ല. എങ്ങനെ കാണും?! മുജ്തഹിദിന്റെ കണ്ടുപിടിത്തങ്ങളും അദ്ദേഹം വിശകലനം ചെയ്തെടുക്കുന്നതെല്ലാം ചാരിവെക്കാൻ ഉതകുന്ന സാങ്കേതികമായ പൊതുനിയമങ്ങളും ഹദീസിന്റെ നിയമങ്ങളും മറ്റു നിമയങ്ങളും മുഴുവനും കെട്ടിപ്പടുക്കലിന്റെ മേൽ നിക്ഷിപ്തമാണ് ഇജ്തിഹാദ്. യഥാർത്ഥ ഇജ്തിഹാദ് മുത്‌ലഖിന്റെ (നിരുപാധിക ഗവേഷണം) സ്ഥാനം കരസ്ഥമാക്കാൻ ജനങ്ങളെ തടയുന്ന കാര്യം ഈ കെട്ടിപ്പടുക്കൽ മാത്രമാണ്. മുജ്തഹിദിന് വേണ്ടുന്ന എല്ലാ വിജ്ഞാനത്തിലും അറിഞ്ഞിരിക്കേണ്ടുന്നയത്ര അറിഞ്ഞതു കൊണ്ട് മാത്രം ഒരു കാര്യവുമില്ല. നമ്മുടെ ശാഫിഈ അസ്ഹാബുമാരിൽ നിന്ന് താഴെക്കിടയിലുള്ളവരും അതിന്റെ ശേഷമുള്ളവരും ആ വിജ്ഞാനം നേടിയവരായിരുന്നു. അവർക്കാർക്കും മദ്ഹബിലെ ഇജ്തിഹാദിന്റെ സ്ഥാനം ലഭിച്ചില്ല. എന്നിട്ടല്ലേ ചില വിഷയത്തിൽ ഇജ്തിഹാദ് ചെയ്യൽ, എന്നിട്ടുമല്ലേ എല്ലാ വിഷയത്തിലും ഇജ്തിഹാദ് ചെയ്യൽ? (തുഹ്ഫ 10/109)

ഇവിടെ കൂടുതൽ ചിന്തിക്കേണ്ട ആവശ്യമില്ലാത്തവിധം കാര്യം തുറന്നുപറഞ്ഞു. ശാഫിഈ ശിഷ്യൻമാരും ശേഷമുള്ളവരും മുജ്തഹിദിനു വേണ്ടുന്ന വിജ്ഞാന ശാഖകൾ ലഭിച്ചവരും കരസ്ഥമാക്കിയവരുമായിരുന്നുവെന്ന്. ഇക്കാര്യം തുഹ്ഫ ഒന്നുകൂടി വ്യക്തമാക്കുന്നുണ്ട്:

"ഇജ്തിഹാദിന് വേണ്ടുന്ന ഇൽമുകൾ ഇക്കാലത്ത് കരസ്ഥമാക്കാൻ വളരെ എളുപ്പമാണ്. എല്ലാം ക്രോഡീകരിക്കപ്പെട്ടതിനാലും അതിന്റെ നിയമങ്ങൾ വളരെ ചിട്ടപ്പെടുത്തപ്പെട്ടതുകൊണ്ടും എന്ന് ഇബ്നുസ്വലാഹ്(റ) പറഞ്ഞു." (തുഹ്ഫ 10-108)

ഹദീസിന്റെ പത്തിലൊന്നു പോലും ഇന്നില്ലാത്തതിനാലും ഖുർആനിന്റെയും ഹദീസിന്റെയും ഉദ്ദേശ്യം മനസ്സിലാക്കാൻ വേണ്ടുന്ന ഭാഷയടക്കമുള്ള വിജ്ഞാന ശാഖയോ അല്ലെങ്കിൽ വിജ്ഞാന വാഹകരായ പണ്ഡിതരോ ഇന്നില്ലാത്തതിനാലുമാണ് ഇന്ന് ഇജ്തിഹാദ് അസാധ്യമായതെന്ന വാദം വളരെ പുതിയതും തള്ളപ്പെടേണ്ടതുമാണെന്ന് ഗ്രഹിക്കാം.

പ്രമാണങ്ങളിൽനിന്ന് മതം അറിയുന്നവർ സ്വയം അറിയുന്ന നവമുജ്തഹിദാണെങ്കിൽ ഇബ്നുഹജർ പറഞ്ഞതുപോലെ, അവന്റെ ഉസൂലിലും ഹദീസിലും മറ്റുമായ നിയമങ്ങൾ കെട്ടിപ്പടുത്ത് ആദ്യം സമൂഹത്തിന് സമർപ്പിക്കട്ടെ. പിന്നീട് അവന്റെ പുത്തൻ കണ്ടുപിടുത്തങ്ങളും.

സ്വയം ഇഷ്ടപ്രകാരം, ഏതെങ്കിലും ഹദീസിനോ ആയത്തിനോ ഏതെങ്കിലും ഒരു ഇമാം അയാളുടെ സാങ്കേതികങ്ങൾ വഴി നൽകിയ അർത്ഥം വെച്ച്, വേറെ സാങ്കേതികങ്ങൾ വഴി മറ്റൊരു ഇമാം നൽകിയ വ്യാഖ്യാനത്തെ എതിർക്കുന്ന ഇന്നത്തെ പുത്തൻവാദികളായ വഹാബി, സലഫി, ജമാഅത്ത് പോലുള്ളവർ വലിയ വിഡ്ഢിത്തമാണ് ചെയ്യുന്നത്. അവർക്ക് മറുപടി പറയാൻ മാത്രം ഹദീസിന്റെ തകർച്ചയെ വാദിക്കേണ്ടതില്ല. തുഹ്ഫയിലുള്ളതുപോലെ നമ്മുടെ മറ്റു ഫിഖ്ഹീ ഗ്രന്ഥങ്ങളിലുമുണ്ടെങ്കിൽ അതെല്ലാം ഉദ്ധരിച്ച് ദീർഘിപ്പിക്കുന്നില്ല.

ഇമാം ഗസ്സാലി മുസ്തസ്ഫയിൽ പറയുന്നു: "ഹുകുമുകളുമായി ബന്ധമുള്ള ഹദീസുകൾ അറിഞ്ഞിരിക്കുക അനിവാര്യമാണ്. അവ ആയിരങ്ങളേക്കാൾ കൂടുമെങ്കിലും ക്ലിപ്തപ്പെടുത്തപ്പെട്ടവയാണ്. (അൽ മുസ്തസ്ഫ/528)

അബൂദാവൂദ്(റ)വിന്റെ സുനൻ, അഹ്മദുൽ ബൈഹഖിയുടെ മഅ്‌രിഫത്തുസ്സുനൻ പോലുള്ള ഹുക്മുമായി ബന്ധപ്പെട്ട ഹദീസ് ഗ്രന്ഥങ്ങൾ ഉണ്ടാകുകയും ആവശ്യം വരുമ്പോൾ അത് മറിച്ചു നോക്കി ഹദീസ് കണ്ടുപിടിക്കണമെന്നേയുള്ളൂവെന്നും ഇതേ പേജിൽ ഉദ്ധരിക്കുന്നുണ്ട്.

*-അവസാനിക്കുന്നില്ല*

സ്വയം ഇഷ്ടപ്രകാരം, ഏതെങ്കിലും ഹദീസിനോ ആയത്തിനോ ഏതെങ്കിലും ഒരു ഇമാം അയാളുടെ സാങ്കേതികങ്ങൾ വഴി നൽകിയ അർത്ഥം വെച്ച്, വേറെ സാങ്കേതികങ്ങൾ വഴി മറ്റൊരു ഇമാം നൽകിയ വ്യാഖ്യാനത്തെ എതിർക്കുന്ന ഇന്നത്തെ പുത്തൻവാദികളായ വഹാബി, സലഫി, ജമാഅത്ത് പോലുള്ളവർ വലിയ വിഡ്ഢിത്തമാണ് ചെയ്യുന്നത്. അവർക്ക് മറുപടി പറയാൻ മാത്രം ഹദീസിന്റെ തകർച്ചയെ വാദിക്കേണ്ടതില്ല

സുന്നി അഫ്കാർ വാരിക

വരിസംഖ്യ

| | |
|---|---|
| ഒരു വർഷം | 250/- |
| ആറു മാസം | 125/- |



ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനിയുടെ
**കുറിപ്പുകൾ-പന്ത്രണ്ട്**

# രണഭൂമിയിൽ നിന്ന് പ്രിയതമക്കൊരു കത്ത്

ധർമ്മസമരത്തിന് ആയുസ് മുഴുവൻ നീക്കിവെച്ച തുർക്കിയിലെ മഹായോദ്ധാവായിരുന്നു ഗാസി അൻവർപാഷ. അവസാനം റഷ്യൻ ബോൾഷെവിക്കുകളോട് പടപൊരുതിയാണ് അദ്ദേഹം രക്തസാക്ഷിയായത്. അതിന്റെ ഒരു ദിവസം മുമ്പ് തന്റെ ഭാര്യ നജിയ്യ സുൽത്താന രാജകുമാരിക്ക് ഒരു കത്തയച്ചു. പിന്നീട് അതവർ പത്രങ്ങൾക്ക് പ്രസിദ്ധീകരിക്കാൻ കൊടുത്തു. 1923 ഏപ്രിൽ 22-ലെ ഇന്ത്യൻ പത്രങ്ങളിൽ അതിന്റെ തർജ്ജമ വന്നിരുന്നു. യുവാക്കൾ അത് വായിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

കത്ത് ഇങ്ങനെയാണ്: “എന്റെ ജീവിതസഖി പ്രിയപ്പെട്ട നജിയ്യക്ക്! അല്ലാഹു നിന്നെ രക്ഷിക്കട്ടെ. നീ അവസാനമായി എഴുതിയ കത്ത് ഇവിടെ കിട്ടിയിട്ടുണ്ട്. നിന്റെ ഈ കത്ത് എന്റെ ഹൃദയത്തിൽ എപ്പോഴുമുണ്ടാകുമെന്ന് നീ മനസ്സിലാക്കുക. നിന്റെ പ്രതിരൂപം കാണുന്നില്ലെങ്കിലും കുറിമാനത്തിന്റെ വരികൾക്കും അക്ഷരങ്ങൾക്കുമിടയിലൂടെ, നിന്റെ കരങ്ങൾ ചലിക്കുന്നതായി എനിക്ക് കാണാൻ കഴിയുന്നു. തമ്പുകളുടെ തമസ്സിലൂടെ പലപ്പോഴും നിന്റെ ചിത്രം എന്റെ കണ്ണുകളിൽ നിറഞ്ഞു വരാറുണ്ട്.



ഹാ! നിന്നെ ഞാൻ മറന്നുപോയെന്നാണോ നീ വിചാരിക്കുന്നത്? നിന്നോട് സ്നേഹമില്ലെന്നാണോ നീ കരുതുന്നത്? നിന്നോടുള്ള സ്നേഹം തുളുമ്പുന്ന ഹൃദയമുപേക്ഷിച്ച് ഇങ്ങ് വിദൂരത്തുള്ള തരിശുഭൂമിയിൽ രക്തത്തിനോടും ചൂടിനോടും അമ്മാനമാടിക്കളിക്കുകയാണ് ഞാനെന്നു നീ പറയുന്നു. ഒരു സ്ത്രീ വിരഹയായി രാത്രി മുഴുവൻ താരകങ്ങളെണ്ണിക്കഴിയുന്നതിൽ എനിക്ക് തീരെ ആശങ്കയില്ലെന്നാണ് നീ പറയുന്നത്. എനിക്ക് യുദ്ധത്തോട് സ്നേഹവും വാളുകളോട് പ്രേമവുമാണെന്നാണ് നിന്റെ ഭാഷ്യം. പക്ഷേ, ഇതെഴുന്നത് യഥാർത്ഥ സ്നേഹമാണെന്ന കാര്യം ഇതെഴുതുമ്പോഴും ശരിക്കും ചിന്തിച്ചിട്ടില്ല. എന്റെ ഹൃദയം ഏതു തരത്തിലാണ് രക്തം പൊഴിക്കേണ്ടത്. നിന്നോടുള്ള സ്നേഹം ലോകത്ത് മറ്റൊന്നിനോടുമില്ലെന്ന് ഞാനെങ്ങനെയാണ് നിന്നെ ധരിപ്പിക്കുക? നീയാണ് എന്റെ പരമസ്നേഹം. ഞാനൊരിക്കലും ആരെയും സ്നേഹിച്ചിട്ടില്ല. എന്റെ ഹൃദയം കവർന്നെടുത്തത് നീ മാത്രമാണ്. പിന്നെ എങ്ങനെയാണ് നമ്മൾ വിരഹത്തിലാകുന്നത്?

ജീവന്റെ സന്തോഷമെ, നീ യഥാർത്ഥത്തിൽ ചോദിക്കുന്ന ചോദ്യമാണിതെങ്കിൽ, കേൾക്കുക-ധനവും പണവും ആഗ്രഹിച്ചല്ല ഞാൻ നിന്നെ പിരിഞ്ഞുപോന്നത്; ശത്രുക്കൾ പ്രചരിപ്പിച്ചുവെച്ചപോലെ ഒരു രാജപീഠത്തിനുമല്ല നമ്മൾ തമ്മിൽ പിരിഞ്ഞത്. അല്ലാഹുവിനോടുള്ള ബാധ്യത എന്റെമേൽ അർപ്പിക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് മാത്രമാണ് ഞാൻ നിന്നെ വേർപ്പെട്ടുപോന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മസമരം ചെയ്യുന്നതിനേക്കാൾ വലിയ ബാധ്യത മറ്റൊന്നില്ല. ഈ ബാധ്യത ചെയ്യണമെന്ന മനസ്സിന്റെ തീരുമാനം മാത്രം മതി ഒരു മനുഷ്യൻ സ്വർഗത്തിൽ കടക്കാൻ. ഞാൻ മനസ്സിൽ കരുതിയതിനുപുറമെ അത് പ്രാവർത്തികമാക്കി കൊണ്ടിരിക്കുന്നുവെന്നതിൽ ഞാനല്ലാഹുവിനെ സ്തുതിക്കുന്നു. നിന്റെ വേർപാട് എപ്പോഴും എന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഈ വേർപാട് എനിക്ക് അത്യധികം സന്തോഷമാണ് നൽകുന്നത്. കാരണം, നിന്നോടുള്ള എന്റെ സ്നേഹം തന്നെ എന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് ഒരു പരീക്ഷണമാണ്. ഞാനീ പരീക്ഷണത്തിൽ പൂർണമായും ഇറങ്ങിയതിനാലും അല്ലാഹുവിന്റെ മമതയും ആജ്ഞയും എന്റെ സ്വന്തം ശരീരത്തെക്കാളും ഇഷ്ടത്തെക്കാളും മുൻഗണന നൽകപ്പെട്ടതായതിനാലും ഞാനവന് ആയിരമായിരം കൃതജ്ഞത രേഖപ്പെടുത്തുന്നു. നിന്നോടുള്ള സ്നേഹത്തെ അല്ലാഹുവിന്റെ സ്നേഹത്തിൽ ബലിയർപ്പിക്കാൻ മാത്രമുള്ള നിന്റെ ഭർത്താവിന്റെ ദൃഢമായ വിശ്വാസത്തിന്റെ പേരിൽ നീയും അവനോട് കൃതജ്ഞത ചെയ്യുക.

വാളുകൊണ്ടുള്ള യുദ്ധം നിന്റെ ബാധ്യതയല്ല. എങ്കിലും നീ സമര ബാധ്യതയിൽ നിന്നും മുക്തയല്ല. ആണായാലും പെണ്ണായാലും ഒരു മുസ്‌ലിമും ധർമ്മസമരത്തിൽ നിന്നും ഒഴിവല്ല. നിന്റെ മനസ്സിൽ സ്വത്വത്തോടുള്ള മമതയും സ്നേഹവും ദൈവപ്രീതിയേക്കാൾ മുമ്പിലായിരിക്കരുത്. അതാണു നിന്റെ ധർമ്മസമരം. നിന്റെ ഭർത്താവിനോടുള്ള യഥാർത്ഥ സ്നേഹബന്ധത്തെ ഇനിയും സുദൃഢമാക്കുക. നിന്റെ ഭർത്താവ് എങ്ങനെയെങ്കിലും രണഭൂമിയിൽ നിന്നും രക്ഷപ്പെട്ടു നിന്റെ പ്രേമ താഴ്‌വരയിൽ തിരിച്ചെത്തിക്കേണമേ എന്നു നീ ഒരിക്കലും പ്രാർത്ഥിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഈ പ്രാർത്ഥന കേവലം ഭൗതികമാണ്. അത് ദൈവത്തിന് ഇഷ്ടമുള്ളതല്ല. എന്റെ ഭർത്താവിന്റെ ധർമ്മസമരത്തെ നീ സ്വീകരിക്കേണമേ, അദ്ദേഹത്തെ വിജയശ്രീലാളിതനായി തിരിച്ചയക്കുകയോ രക്തസാക്ഷിത്വമാകുന്ന മധുപാത്രം അദ്ദേഹത്തിന്റെ അധരങ്ങളിൽ നീ വെച്ചുകൊടുക്കുകയോ ചെയ്യേണമേ. ആ അധരങ്ങൾ ഒരിക്കലും മദ്യത്താൽ അശുദ്ധമായവയല്ല; ദൈവപ്രകീർത്തനങ്ങൾ കൊണ്ടും ഖുർആൻ പാരായണം കൊണ്ടും പരിശുദ്ധമായവയാണെന്ന് അല്ലാഹുവെ, നിനക്കറിയാം എന്നേ നീ പ്രാർത്ഥിക്കാവൂ. പ്രിയപ്പെട്ട നജിയ്യാ...! അല്ലാഹുവിന്റെ മാർഗത്തിൽ, നീ സുന്ദരമെന്നു വിശേഷിപ്പിച്ചിരുന്ന ഈ ശിരസ്സ് ഉടലിൽനിന്നും വേർപ്പെടുന്ന നിമിഷം ഹാ! എത്ര അനുഗൃഹീതമായിരിക്കും. നിന്റെ പ്രേമദൃഷ്ടികളിൽ പട്ടാളക്കാരുടേതല്ല ആ ശരീരം, മറിച്ച് കോമളന്മാരുടേതാണ്...

രക്തസാക്ഷിയാവുകയും ഖാലിദുബ്നുൽ വലീദിന്റെ കൂടെ സംഗമിക്കുകയും ചെയ്യണമെന്നാണ് അൻവറിന്റെ ഉൽക്കടമായ ആഗ്രഹം. ഇഹലോകം അൽപം ദിവസങ്ങളാണ്. മരണം ഉറപ്പുമാണ്. പിന്നെ എന്തിനു മരണത്തെ പേടിക്കണം?

മരണം വരും എന്നതു കൊണ്ട്

> “വാളുകൊണ്ടുള്ള യുദ്ധം നിന്റെ ബാധ്യതയല്ല. എങ്കിലും നീ സമര ബാധ്യതയിൽ നിന്നും മുക്തയല്ല. ആണായാലും പെണ്ണായാലും ഒരു മുസ്‌ലിമും ധർമ്മസമരത്തിൽ നിന്നും ഒഴിവല്ല. നിന്റെ മനസ്സിൽ സ്വത്വത്തോടുള്ള മമതയും സ്നേഹവും ദൈവപ്രീതിയേക്കാൾ മുമ്പിലായിരിക്കരുത്. അതാണു നിന്റെ ധർമ്മസമരം. നിന്റെ ഭർത്താവിനോടുള്ള യഥാർത്ഥ സ്നേഹബന്ധത്തെ ഇനിയും സുദൃഢമാക്കുക. നിന്റെ ഭർത്താവ് എങ്ങനെയെങ്കിലും രണഭൂമിയിൽ നിന്നും രക്ഷപ്പെട്ടു നിന്റെ പ്രേമ താഴ്‌വരയിൽ തിരിച്ചെത്തിക്കേണമേ എന്നു നീ ഒരിക്കലും പ്രാർത്ഥിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഈ പ്രാർത്ഥന കേവലം ഭൗതികമാണ്. അത് ദൈവത്തിന് ഇഷ്ടമുള്ളതല്ല”

തന്നെ പിന്നെ മനുഷ്യൻ വിരിപ്പിൽ കിടന്നു മരിക്കുന്നതെന്തിന്? രക്ത സാക്ഷിത്വമരണം മരണമല്ല, ജീവിത മാണ്-നഷ്ടപ്പെടാത്ത ജീവിതം!

നജിയ്യാ... എന്റെ വസിയ്യത്ത് കേൾക്കൂ, ഞാൻ രക്തസാക്ഷിയാവു കയാണെങ്കിൽ നീ അനുജൻ നൂരിപാ ഷയുമായി കല്ല്യാണം കഴിക്കുക. നീ കഴിഞ്ഞാൽ എനിക്ക് ഏറ്റവും ഇഷ്ട പ്പെട്ടയാൾ നൂരിയാണ്. എന്റെ പര ലോകയാത്രയ്ക്ക് ശേഷമുള്ള ആ ജീവിതം നിനക്ക് വാഗ്ദാനപൂർണമാ കട്ടെ. എനിക്ക് നിന്നോട് രണ്ടാമത് വസിയ്യത്ത് ചെയ്യാനുള്ളത് എന്റെ കുട്ടികൾക്കൊക്കെ എന്റെ ജീവിതാവ സ്ഥകൾ പറഞ്ഞുകൊടുക്കുകയും അവരെ സമരമുഖത്ത് നാടിനെയും ഇസ്‌ലാമിനെയും സേവിക്കാൻ പറ ഞ്ഞയക്കുകയും വേണമെന്നാണ്.

ഇങ്ങനെ നീ പ്രവർത്തി ക്കാത്തപക്ഷം സ്വർഗത്തിൽ വെച്ച് ഞാൻ നിന്നോട് പിണങ്ങുമെന്ന് ഓർത്തുകൊള്ളുക.

മൂന്നാമത് എന്റെ വസിയ്യത്ത് മുസ്തഫാകമാൽ പാഷയെ ഗുണ കാംക്ഷിയായി കരുതുക എന്നതാണ്. അദ്ദേഹത്തിനു ചെയ്യാൻ കഴിയുന്ന സഹായം ചെയ്തുകൊടുക്കണം. കാരണം, അപ്പോൾ അദ്ദേഹത്തിന്റെ കരങ്ങളിൽ അല്ലാഹു രാജ്യത്തെ നൽകുന്നതാണ്.

പ്രിയപ്പെട്ടവളെ, ഇതിനു ശേഷം ഇനി ഒരു കത്തെഴുതാൻ കഴിയി ല്ലെന്നു മനസ്സ് പറയുന്നത് എന്തു കൊണ്ടാണെന്ന് എനിക്കറിയില്ല. നാളെ തന്നെ രക്തസാക്ഷിയാകുന്നത് എന്തത്ഭുതമാണ്. നീ ക്ഷമിക്കുക, എന്റെ രക്തസാക്ഷിത്വത്തിൽ ഖിന്ന യായിരിക്കാതെ അല്ലാഹുവിന്റെ വഴി യിൽ എനിക്ക് പ്രയോജനമുണ്ടാകു ന്നത് നിനക്കുകൂടി അഭിമാനിക്കാൻ വകയുണ്ടെന്നതിൽ സന്തോഷിച്ചിരി ക്കുക.

നജിയ്യാ...! ഞാനിപ്പോൾ പുറപ്പെ ടുകയാണ്. എന്റെ ഭാവനാലോകത്ത് നിന്നും നീ അണഞ്ഞുപോവുന്നു. അല്ലാഹു അനുഗ്രഹിച്ചാൽ നമുക്ക് സ്വർഗത്തിൽ വെച്ച് ഒരുമിക്കാം. അവിടെ നമുക്ക് ഒരിക്കലും വേർപ്പാ ടുണ്ടാകില്ല.

എന്ന്
നിന്റെ അൻവർ

(തുർക്കാനെ അഹ്‌റാരിൽ നിന്ന് ഉദ്ധരണം. ഗ്രന്ഥം: അബ്ദുൽ മജീദ് അഥീഖി. പേ: 127/130. കാബൂൾ ബുക്ക് ഡിപ്പോ, ലാഹോർ)

ഈ കത്തെഴുതുമ്പോൾ മുസ്ഥഫാ കമാൽപാഷ വെറും ഒരു ഇസ്‌ലാമിക യോദ്ധാവ് എന്ന നിലയി ലാണ് അറിയപ്പെട്ടിരുന്നത്. തുർക്കി യിൽ മുസ്‌ലിം വിരുദ്ധ പ്രവർത്തന ങ്ങൾക്ക് അദ്ദേഹം മുന്നിട്ടിറങ്ങിയത് പിന്നീടായിരുന്നു.

* * * *

## അമേരിക്കയിലെ കുറ്റകൃത്യങ്ങൾ

അമേരിക്കയിലെ കുറ്റകൃത്യങ്ങ ളുടെ കണക്ക് നമ്മെ ഞെട്ടിപ്പിക്കു ന്നതാണ്. അതുസംബന്ധമായി കറാച്ചിയിലെ ഡെയ്‌ലി ന്യൂസ് പത്രം ഒരു പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഇങ്ങ നെയാണ്:

വാർഷിംഗ്ടൺ: 29 ആഗസ്റ്റ് (പി.പി.ഐ/ഡി.പി.ഐ) ഇവിടെ യുള്ള ഫെഡറൽ ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ (എഫ്.ബി.ഐ) ഇന്ന് ഒരു റിപ്പോർട്ട് പുറത്തു വിട്ടു. അതനുസരിച്ച് ഇവിടെ ഓരോ മുപ്പത്തിരണ്ട് സെക്കന്റിലും ഒരു കുറ്റകൃത്യം വീതം നടക്കുന്നുണ്ട്. എല്ലാ പതി മൂന്നു മിനുട്ടിനു ശേഷവും ഒരു അമേരിക്കൻ വനിത ബലാൽസം ഗത്തിനിരയാവുന്നു. ഓരോ 81 സെക്കന്റിലും വലിയ കൊള്ളയും ഓരോ 86 സെക്കന്റിലും ഒരു അമേരിക്കന് ശാരീരികാക്രമ ണവും ഉണ്ടാകുന്നു.

ഈ വർഷം രാജ്യത്ത് കുറ്റകൃ ത്യങ്ങളുടെ കണക്ക് ഏഴു ശത മാനം വർധിച്ചു. കൊല, ബലാൽസംഗം, കൊള്ള മുതലായ വൻകുറ്റങ്ങൾ പതിനൊന്ന് ശതമാ നവും മോഷണം, തുരങ്കമോഷ ണം എന്നിവ ഏഴു ശതമാനവും കൂടിയിട്ടുണ്ട്. കൃത്യമായ കണക്കു പ്രകാരം കഴിഞ്ഞ വർഷം 17630 പേർ വധിക്കപ്പെട്ടു. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 1770 കൂടുതലാണ്.

കഴിഞ്ഞ അഞ്ചു വർഷത്തെ അപേക്ഷിച്ച് വധശ്രമങ്ങളിൽ 61 ശതമാനം വർധനവുണ്ടായി. ഈ വർഷം ബലാൽസംഗ കേസുകൾ 32,000 എണ്ണം റിപ്പോർട്ട് ചെയ്യപ്പെ ട്ടു. ഇത് മുൻവർഷത്തേക്കാൾ 11 ശതമാനം കൂടുതലും കഴിഞ്ഞ അഞ്ചു കൊല്ലത്തെ അപേക്ഷിച്ച് 64 ശതമാനം അധികവുമാണ്.

ആക്രമിച്ച് കൊള്ള നടത്തിയ തിന്റെ കണക്ക് ഈ കൊല്ലം 3,50,910 ആണ്. ഇത് 1970-ലേതി


ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗ ങ്ങൾ, മൂലക്കുരു, വെള്ളപ്പാ ˝, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239



പാപങ്ങൾ എന്നെ ബുദ്ധി മുട്ടിക്കുന്നു."
ഉസ്മാൻ: "താങ്കൾക്ക് എന്താണ് വേണ്ടത്?"
അബ്ദുല്ല: "അല്ലാഹുവിന്റെ അനുഗ്രഹം"
ഉസ്മാൻ: "ഞാൻ താങ്കൾക്ക് വേണ്ടി ഒരു ഡോക്ടറെ അയച്ചുതരട്ടെ?"
അബ്ദുല്ല: "ഡോക്ടറാണ് എന്നെ രോഗിയാക്കിയത്."
ഉസ്മാൻ: "ചെലവിനു വല്ല സംഖ്യയും കൊടുത്തയക്കാം?"
അബ്ദുല്ല: "എനിക്കതിന്റെ ആവശ്യമില്ല."
ഉസ്മാൻ: "പിന്നീട് താങ്കളുടെ മക്കൾക്ക് ഈ തുക പ്രയോജനപ്പെടും."

നേക്കാൾ 11 ശതമാനവും 1966-ലേതിനേക്കാൾ 145 ശതമാനവും അധികമാണ്. (ഡെയ്‌ലി ന്യൂസ് ദിനപത്രം, കറാച്ചി, ലക്കം 29, ആഗസ്റ്റ് 1972 പേജ് 1, കോളം 6)

ഇത് സർക്കാർ അധികൃതർക്ക് കിട്ടിയ കണക്കുകളാണ്. അവ്യക്തമായ കുറ്റകൃത്യങ്ങൾ ഇതിനുപുറമെയാണെന്ന് മനസ്സിലാക്കുമല്ലോ. ഇഖ്ബാലിന്റെ കവിത ഓർമവരുന്നു.

"താരങ്ങളുടെ സഞ്ചാരപഥങ്ങൾ തേടുന്നവർക്ക് ഞങ്ങളുടെ ചിന്താലോകത്ത് യാത്ര ചെയ്യാൻ കഴിഞ്ഞില്ല!

സൂര്യകിരണങ്ങളെ പിടിച്ചുവച്ചവർക്ക് ജീവിതത്തിന്റെ തമസ്സ് വെളിച്ചമാക്കാൻ കഴിഞ്ഞില്ല!?"

* * * *

## അടിമമോചനം

നവാബ് സിദ്ദീഖ് ഹസൻ 'അന്നജ്മുൽ വഹാജ്' എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ച് സ്വഹാബാക്കൾ മോചിതരാക്കിയ അടിമയുടെ കണക്കുകൾ രേഖപ്പെടുത്തുന്നു.

ആഇശ(റ)-69, അബ്ബാസ്(റ)-70, ഹകീം ഇബ്നു ഹസാം(റ)-100, ഉസ്മാൻ ഗനി(റ)-20, അബ്ദുല്ലാഹിബ്നു ഉമർ-1000, ഹുമൈരി(റ)-7000, അബ്ദുറഹിമാനുബ്നു അനസ്-30000 (ഒറ്റ ദിവസത്തിൽ).

(ഫത്ഹുൽ ഉലാം ശറഹ് ബുലൂഗുൽ മറാം, പേജ് 332, വാ: 2 മീരിയ്യ പ്രസ്സ്)

പ്രിയപ്പെട്ടവളെ, ഇതിനു ശേഷം ഇനി ഒരു കത്തെഴുതാൻ കഴിയില്ലെന്നു മനസ്സ് പറയുന്നത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. നാളെ തന്നെ രക്തസാക്ഷിയാകുന്നത് എന്തത്ഭുതമാണ്.
നീ ക്ഷമിക്കുക, എന്റെ രക്തസാക്ഷിത്വത്തിൽ ഖിന്നയായിരിക്കാതെ അല്ലാഹുവിന്റെ വഴിയിൽ എനിക്ക് പ്രയോജനമുണ്ടാകുന്നത് നിനക്കുകൂടി അഭിമാനിക്കാൻ വകയുണ്ടെന്നതിൽ സന്തോഷിച്ചിരിക്കുക. നജിയ്യാ...!
ഞാനിപ്പോൾ പുറപ്പെടുകയാണ്. എന്റെ ഭാവനാലോകത്ത് നിന്നും നീ അണഞ്ഞുപോവുന്നു. അല്ലാഹു അനുഗ്രഹിച്ചാൽ നമുക്ക് സ്വർഗത്തിൽ വെച്ച് ഒരുമിക്കാം. അവിടെ നമുക്ക് ഒരിക്കലും വേർപ്പാടുണ്ടാകില്ല.

കേവലം ഏഴു സ്വഹാബാക്കൾ 39259 പേരെ അടിമത്തത്തിൽ നിന്നും രക്ഷപ്പെടുത്തിയെങ്കിൽ മറ്റു സ്വഹാബാക്കളുടെ കണക്കുകൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

* * * *

## എനിക്ക് ഡോക്ടറെ വേണ്ട

രോഗശയ്യയിൽ കിടന്നു മരണത്തെ കാത്തിരിക്കുന്ന അബ്ദുല്ലാഹിബ്നു മസ്ഊദി(റ)നെ ഉസ്മാൻ(റ) കാണാൻ ചെന്നു.

ഉസ്മാൻ(റ): "എന്താണ് താങ്കളുടെ പ്രയാസം?" അബ്ദുല്ല: "എന്റെ

അബ്ദുല്ല: "എന്താ നിങ്ങൾക്ക് എന്റെ മക്കളുടെ ദാരിദ്ര്യത്തെ കുറിച്ച് ഭയമാണോ? എല്ലാ രാത്രിയും 'വാഖിഅ' അധ്യായം പരായണം ചെയ്യാൻ ഞാനവരെ നിർബന്ധിക്കാറുണ്ട്. എല്ലാ രാത്രിയും 'വാഖിഅ' പതിവായി പാരായണം ചെയ്യുന്നവർക്ക് ദാരിദ്ര്യത്തിന്റെ വിഷമതകൾ ഉണ്ടാവുകയില്ലെന്ന് പ്രവാചകൻ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.
(ഇബ്നു അസ്സാക്കിറിനെ ഉദ്ധരിച്ച് തഫ്സീർ ഇബ്നുകസീർ, പേജ് 281, വാ 4)




# നാട്ടിലെ കുടിയൻമാരെ എന്തുചെയ്യും

അകത്തെ വായനക്ക്

**ബഷീർ കാട്ടുമുണ്ട**

**ന**മ്മുടെ മുമ്പിലൂടെ യൂണിഫോമിട്ട് ബാഗും തൂക്കി നടക്കുന്ന യു.പി, ഹൈസ്കൂൾ, പ്ലസ്ടു വിദ്യാർത്ഥികളടക്കം മദ്യത്തിനടിമകളായി മാറിയതിന്റെ നേർച്ചിത്രങ്ങളിൽ ഈയടുത്ത കാലത്തായി പത്രങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. ഇതൊരു പുതിയ സംഭവമല്ലെങ്കിലും കുറേ രക്ഷിതാക്കളെ ഇതു കണ്ണുതുറപ്പിച്ചിട്ടുണ്ട്.

സ്വന്തം മകൻ വീട്ടിൽനിന്ന് ഇറങ്ങുന്നത് സ്കൂളിലേക്കു തന്നെയാണെന്നും അവിടെ അച്ചടക്കത്തോടെ ഇരുന്ന് എല്ലാം കേട്ടു പഠിച്ച്, സ്കൂൾ വിട്ട് നേരെ വീട്ടിലെത്തുന്നുവെന്നും കാലാകാലങ്ങളായി വിശ്വസിച്ചുപോന്നിരുന്ന മാതാപിതാക്കൾക്ക് ഇന്നു കുറച്ചൊക്കെ കണ്ണു തുറന്ന് തുടങ്ങിയിട്ടുണ്ട്. കാരണം, നേരിട്ട് കാണുകയല്ലേ... കുട്ടിക്കുടിയൻമാരുടെ പ്രകടനങ്ങൾ.

എന്നാലും 'കുടി'ക്കൊരു കുറവുമില്ല. ഇന്റർവെൽ സമയത്ത് പുറത്തുപോയി അകത്താക്കിവരുന്ന കുട്ടികളുണ്ടത്രെ. വാട്ടർബോട്ടിലിൽ കുടിവെള്ളത്തിൽ ചേർത്ത് ലഹരിനുണയുന്നവരുമുണ്ട്. ആഘോഷദിവസങ്ങളിലെ കുടിയെക്കുറിച്ച് പിന്നെ പറയണ്ട... ഇതൊന്നും കൂടുതൽ എഴുതി വിശദീകരിക്കുന്നില്ല. ആണത്തം തെളിയിക്കാനും കൂട്ടുകാരന് കമ്പനി കൊടുക്കാനും വേണ്ടി കുടിച്ചു തുടങ്ങുന്നതാണ് പലരും. മുതിർന്നാൽ പിന്നങ്ങോട്ട് കാരണങ്ങളുടെ ലിസ്റ്റ് നീളും. മനോവിഷമം, പ്രാരാബ്ധം, വിനോദം ഇതിന്റെയൊക്കെ തോത് കുറയ്ക്കുന്നതും കൂട്ടുന്നതും മദ്യമാണത്രെ!

കഴിഞ്ഞുപോയ ആഘോഷദിവ

സങ്ങളിൽ കോടികളുടെ കളക്ഷൻ നേടിയ ബീവറേജസ് കോർപ്പറേഷന്റെ കണക്കുകൾ പത്രങ്ങൾ നിരത്തിയപ്പോൾ ആശ്ചര്യമോ ആശങ്കയോ ഇല്ലാതെ നാമത് വായിച്ചു തള്ളി.

പണ്ടൊക്കെ കള്ളു കുടിയന് പെണ്ണ് കിട്ടില്ലായിരുന്നു. ഇന്നിപ്പോൾ ചെക്കൻ കുടിക്കില്ല എന്ന് പറഞ്ഞാൽ "അവനെന്തെങ്കിലും കുഴപ്പമുണ്ടോ!?" എന്നു പെൺവീട്ടുകാർ ചോദിക്കാൻ തുടങ്ങിയിട്ടുണ്ട്.

മദ്യപാനത്തിലൂടെ ആ വ്യക്തി മാത്രമല്ല, ഒരു കുടുംബവും സമൂഹവും ഒന്നടങ്കം അതിന്റെ ദൂഷ്യവശങ്ങൾ അനുഭവിക്കുകയാണെന്നറിയുമ്പോൾ പോലും അതിനെ മഹത്വവൽക്കരിക്കുകയാണ് ഇന്ന് സമൂഹം ചെയ്യുന്നത്.

മദ്യപാനത്തെ എല്ലാ മതങ്ങളും ഒരുപോലെ നിഷിദ്ധമാക്കിയിട്ടുണ്ട്. ഏറിപ്പോയാൽ ഒരു പ്രസ്താവന ഇറക്കും. "അവൻ/അവൾ നമ്മിൽപ്പെട്ടവനല്ല" തീർന്നു. പക്ഷേ, അവന് നമ്മിൽ പെടണമെന്നൊന്നും ഉണ്ടാകില്ല. അവനെക്കൂടി തിരിച്ചുകൊണ്ടുവരാൻ നമുക്കൊക്കെ ഒരു ശ്രമം നടത്തിക്കൂടെ? പ്രത്യേകിച്ച് മുസ്‌ലിം സമൂഹം മദ്യപാനികളെ ഒറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്.

അവരെ പഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഒരു ശ്രമവും നടത്തുന്നില്ല. അസുഖം വന്ന് കിടപ്പിലായാലും പറയും... "അവൻ കുടിച്ച് വരുത്തിവെച്ചതല്ലേ?"

മരിച്ചാൽ പറയും... കുടിച്ച് കുടിച്ചാ മരിച്ചത്.

മദ്യപാനം തെറ്റ് തന്നെ! മാപ്പർഹിക്കാത്ത കടുത്ത തെറ്റ്. അത് ചെയ്യുന്നവരെ തിരുത്താൻ ശ്രമിക്കാതെ, കാണുമ്പോൾ വല്ലപ്പോഴും ഒരു വേദവാക്യം പറഞ്ഞുകൊടുത്തതുകൊണ്ടൊന്നും കുടി നിർത്തുകയില്ല.

ക്ഷമിക്കണം... ഞാൻ കുടിയൻമാരെ ന്യായീകരിക്കുകയല്ല. നമ്മളവരെ കുടിയനാക്കി മാറ്റി നിർത്തിയിരിക്കയാണ് എന്ന കാര്യം സത്യമാണ്.

കുറേ പള്ളികൾ കയറ്റി മഹല്ലിന്റെ വിസ്താരം കുറച്ചു കൊണ്ടുവരാൻ ചിലർ ഉത്സാഹം കാട്ടുന്നുണ്ട്, "ഞങ്ങളുടെ പള്ളിയാ..." എന്നു പറയാൻ. ഇന്ന് എല്ലാ വിഭാഗങ്ങൾക്കും എല്ലാ മുക്കുമൂലകളിലും പള്ളിയുണ്ട്. പള്ളി ഉണ്ടാക്കാനുള്ള പണം ഏതെങ്കിലും അറബി കൊടുത്തതാകും. ഇങ്ങനെ നോക്കിയാൽ 100 വീട് തികയുന്ന മഹല്ലുകൾ കുറവാണ്.

വെള്ളിയാഴ്ച ജുമുഅക്കാണ് എല്ലാവരും പള്ളിയിൽ ഒരുമിച്ചു കൂടുന്നത്. പണ്ടൊക്കെ വെള്ളിയാഴ്ച ജനസാന്ദ്രമായിരുന്നു. ഇന്ന് സ്വന്തം പള്ളികളിലേക്ക് ആളുകളെ പങ്കിട്ടപ്പോൾ ആളും കുറഞ്ഞു.

ഈ മഹല്ലുകളിലൊക്കെ കേന്ദ്രീകരിച്ച് മദ്യപാനികളെ കണ്ടെത്തി മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൂടെ?

നമ്മൾ, ഈ വായനക്കാർ എല്ലാവരും തീർച്ചയായും ഒരു മഹല്ലുമായോ പള്ളിക്കമ്മിറ്റിയുമായോ ഏതെങ്കിലും രീതിയിൽ ബന്ധമുള്ളവരായിരിക്കും. നമ്മുടെ മഹല്ല് നന്നാക്കാനുള്ള ഉത്തരവാദിത്തം നമുക്ക് തന്നെയല്ലേ?

കുറേ കാര്യങ്ങൾ നമുക്കൊക്കെ ചെയ്യാനാകും. ചിലത് കുറിക്കാം.

മദ്യപാനികൾക്കും കുടുംബത്തിനും ഓറിയന്റേഷൻ ക്ലാസുകൾ.

ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ.

ഹെൽത്ത് ക്യാമ്പ്/മെഡിക്കൽ ക്യാമ്പ്-.

മദ്യപാനത്തിനെതിരെ സ്ക്വാഡ് പ്രവർത്തനങ്ങൾ/ലഘുലേഖ വിതരണം.

ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയോ മദ്യപാനികളെ അത്തരം സെന്ററുകളിൽ എത്തിക്കുകയോ ചെയ്യുക.

കുട്ടികളിൽ ബോധവത്ക്കരണം.

യുവാക്കളിൽ ബോധവത്ക്കരണം.

രക്ഷിതാക്കളിൽ ബോധവത്ക്കരണം

തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും

അപ്പോഴാണ് മറ്റൊരു പ്രശ്നം?..

കുഞ്ഞാലിയും മരക്കാരും അയമോട്ടിയുമൊക്കെയല്ലേ സ്ഥലത്തെ പ്രധാന കുടിയൻമാർ... ഇവരുടെ വായിലെ തെറിയുടെ രുചി നമുക്കൊക്കെ സുപരിചിതമാണ്.

പിന്നെ 'ബോധം' ഉള്ള സമയത്ത് വല്ല പിരിവും ചോദിക്കാനുള്ളതും ഇവരോട് തന്നെയല്ലേ?...

അതുകൊണ്ട്.. ഈ പൊല്ലാപ്പിനൊക്കെ പോണോ?

പോവണം.... പോയേ പറ്റൂ...

നാല് തെറി കേട്ടോളൂ, അവരുടെ പിരിവ് തൽക്കാലം വേണ്ടെന്നു വെച്ചോളൂ. എന്നാലും നമ്മുടെ പ്രവർത്തനം കൊണ്ട് ഒരു കുടുംബമെങ്കിലും രക്ഷപ്പെട്ടാലോ?...

തീർച്ചയായും മദ്യപാനം മാറ്റിയെടുക്കാൻ നമുക്ക് കഴിയും! നാം മനസ്സ് വെക്കുകയാണെങ്കിൽ.

പണ്ടൊക്കെ കള്ളു കുടിയന് പെണ്ണ് കിട്ടില്ലായിരുന്നു. ഇന്നിപ്പോൾ ചെക്കൻ കുടിക്കില്ല എന്ന് പറഞ്ഞാൽ "അവനെന്തെങ്കിലും കുഴപ്പമുണ്ടോ!?" എന്നു പെൺവീട്ടുകാർ ചോദിക്കാൻ തുടങ്ങിയിട്ടുണ്ട്. മദ്യപാനത്തിലൂടെ ആ വ്യക്തി മാത്രമല്ല, ഒരു കുടുംബവും സമൂഹവും ഒന്നടങ്കം അതിന്റെ ദൂഷ്യവശങ്ങൾ അനുഭവിക്കുകയാണെന്നറിയുമ്പോൾ പോലും അതിനെ മഹത്വവൽക്കരിക്കുകയാണ് ഇന്ന് സമൂഹം ചെയ്യുന്നത്.



# മുറിഞ്ഞുപോകാത്ത ബന്ധങ്ങൾ

തിരുമൊഴി

▶▶ജലീൽ ഫൈസി പുല്ലങ്കോട്

**ബ**നൂസലിമത്ത് ഗോത്രത്തിലെ ഒരാൾ വന്നു നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരെ! മാതാപിതാക്കളുടെ മരണാനന്തരം അവർക്കുവേണ്ടി ഞാൻ എന്തെങ്കിലും നന്മകൾ ചെയ്യാൻ ബാക്കിയുണ്ടോ?" തിരുനബി(സ) പറഞ്ഞു: "ഉണ്ട്, അവർക്ക് വേണ്ടി പ്രാർത്ഥിക്കുക (മയ്യിത്ത് നിസ്കാരം നിർവഹിക്കുക), പാപമോചനം തേടുക, അവരുടെ വസ്വിയ്യത്തുകൾ നടപ്പാക്കുക, അവരുടെ കുടുംബബന്ധം നിലനിർത്തുക, അവരുടെ സ്നേഹിതന്മാരെ ആദരിക്കുക." (അബൂദാവൂദ്-ബൈഹഖി)

മാതാപിതാക്കൾ ജീവിച്ചിരിക്കുന്ന കാലത്തു തന്നെ അവരുടെ സാന്നിധ്യവും സംരക്ഷണവും ശല്യമായിക്കാണുന്ന ദുരന്തമുഖത്താണ് ആധുനിക യുവതലമുറ എത്തിനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ തിരുവചനത്തിലെ പ്രസ്താവം വേറിട്ട ചില അറിവുകൾ സമൂഹത്തിന് പ്രദാനം ചെയ്യുന്നു. മരണാനന്തരവും മാതാപിതാക്കൾക്കു വേണ്ടി ഗുണം കാംക്ഷിക്കണമെന്നും അവരോടുള്ള ബന്ധം നിലനിർത്തണമെന്നുമാണത്. മാതാപിതാക്കൾ മുഖേനെയുള്ള കുടുംബബന്ധങ്ങളും ജീവിതകാലത്ത് അവർ സ്ഥാപിച്ചെടുത്ത സൗഹൃദ-സ്നേഹബന്ധങ്ങളും അവരുടെ കാലശേഷവും അഭംഗുരം നിലനിൽക്കാൻ അവരുടെ പിൻഗാമികൾ ശ്രദ്ധ പുലർത്തണമെന്ന് തിരുവാക്യം

ഓർമ്മപ്പെടുത്തുന്നു.

മാതാപിതാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചാൽ അവർക്ക് മോക്ഷം ലഭിക്കും. പാപമോചനം തേടിയാൽ അവരുടെ തെറ്റുകൾ പൊറുക്കപ്പെടും. എന്നാൽ അവരുടെ വസ്വിയ്യത്തുകൾ നടപ്പിലാക്കിയാലും അവരുടെ കുടുംബബന്ധം സ്ഥാപിച്ചാലും അവരുടെ സ്നേഹിതരെയും ഇഷ്ടജനങ്ങളെയും ആദരിച്ചാലും അവർക്ക് പരലോകത്ത് എന്താണ് പ്രയോജനം ലഭിക്കുക? അവരുടെ ആത്മാവ് സന്തോഷിക്കും. ജീവിതകാലത്ത് അവർക്ക് തൃപ്തികരമായ കാര്യങ്ങൾ അവരുടെ മരണശേഷം ചെയ്തതിന്റെ പേരിൽ ആ ആത്മാവുകൾ സംതൃപ്തിയടയും. അതിനാലാണ് ഇതൊക്കെ നിർവഹിക്കാൻ മക്കളോട് നബിതിരുമേനി(സ) നിർദേശിക്കുന്നത്. മരണപ്പെട്ടവർക്കു വേണ്ടി ജീവിച്ചിരിക്കുന്നവർ ചെയ്യുന്ന ഗുണകർമ്മങ്ങളുടെ ഫലങ്ങൾ അവർക്കെത്തുമെന്ന സുന്നത്ത് ജമാഅത്തിന്റെ വിശ്വാസത്തിന് ഉപോൽബലകവുമാണ് ഉദ്ധൃത തിരുവചനം.

പ്രവാചക തിരുമേനി(സ)യുടെ പാഠശാലയിൽനിന്ന് അധ്യാപനം ഉൾകൊണ്ട് ലോകത്തിന്ന് മാതൃകയായി ജീവിച്ച മഹാന്മാരായ സ്വഹാബികൾ ഇതൊക്കെ പ്രായോഗിക ജീവിതത്തിൽ പകർത്തി കാണിച്ചുതന്നിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമർ(റ)ന്റെ ജീവിതത്തിൽ നിന്നൊരു സംഭവം ഉദാഹരണമായി ഉദ്ധരിക്കാം. അദ്ദേഹം മക്കയിലേക്ക് പോകുന്ന മധ്യെ ഒരു അഅ്റാബി(അപരിഷ്കൃതനായ അറബി)യെ കണ്ടുമുട്ടി. അബ്ദുല്ലാഹിബ്നു ഉമർ(റ) അയാൾക്ക് സലാം ചൊല്ലി. താൻ സഞ്ചരിച്ചിരുന്ന കഴുതപ്പുറത്ത് അഅ്റാബിയെയും കയറ്റി. തന്റെ തലപ്പാവ് അയാളുടെ തലയിൽ വെച്ചുകൊടുക്കുകയും ചെയ്തു. ഇത് കണ്ട സഹയാത്രികനായ ഇബ്നുദീനാർ എന്ന വ്യക്തി അബ്ദുല്ലാ(റ)യോട് പറഞ്ഞു: "ഒരു അഅ്റാബിയെ ഇത്രമാത്രം പരിഗണിക്കണോ? അവരോടൊക്കെ ചെറിയ തോതിലുള്ള പരിഗണനയുണ്ടായാൽ തന്നെ അവർ സംതൃപ്തരാകുമല്ലോ!" അബ്ദുല്ലാഹിബ്നു ഉമർ(റ) പ്രതികരിച്ചു: "ഈ വ്യക്തിയുടെ പിതാവ് എന്റെ പിതാവായ ഉമറുബ്നുൽ ഖത്താബിന്റെ സ്നേഹിതനായിരുന്നു. അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്." സന്താനങ്ങൾ പിതാക്കന്മാരുടെ സ്നേഹിതരുമായി സ്നേഹബന്ധം നിലനിർത്തുന്നതാണ് പിതാക്കൾക്കു വേണ്ടി ചെയ്യുന്ന നന്മകളിൽ ഏറ്റവും വലുത്."(മുസ്ലിം)

ഐഹിക ലോകത്ത് മാതാപിതാക്കൾ സ്വന്തം ജീവിതത്തിലൂടെ സ്ഥാപിച്ചെടുത്ത സ്നേഹബന്ധങ്ങളും സൗഹാർദ്ദങ്ങളും അവരുടെ കാലശേഷവും നിലനിന്നുപോകണമെന്നാണ് പ്രവാചകവചനം തിരിച്ചറിവ് നൽകുന്നത്. തലമുറകളിലൂടെ പ്രസ്തുത ബന്ധം കൈമാറപ്പെടുന്ന നല്ല സ്ഥിതിവിശേഷം ഇത് പ്രാവർത്തികമാക്കുന്നതിലൂടെ സമൂഹത്തിൽ സംജാതമാകുന്നു. ആരോഗ്യപരമായ മാനുഷിക ബന്ധം നിലനിൽക്കുന്നത് സമാധാനപൂർണവും സന്തോഷദായകവുമായ ജീവിതം പ്രദാനം ചെയ്യുന്നുവെന്ന കാര്യം അവിതർക്കിതമാണ്.

ജീവിതകാലത്തു തന്നെ സ്വന്തം സന്തതികളാൽ മാതാപിതാക്കൾ അവഗണിക്കപ്പെടുന്ന ദുരവസ്ഥ ആധുനികകാലത്ത് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. വാപ്പയുടെ/ഉമ്മയുടെ വസ്വിയ്യത്തുകളൊന്നും ഞങ്ങൾ അറിയില്ല. ഞങ്ങൾക്കത് ബാധകവുമല്ല എന്നു വാദിച്ച് തിരസ്കരിക്കുന്ന സന്താനങ്ങൾ ഇക്കാലത്ത് ധാരാളമാണ്. സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട വസ്വിയ്യത്താണെങ്കിൽ പ്രത്യേകിച്ചും. സാമ്പത്തിക കടങ്ങൾ പോലും കൊടുത്തുവീട്ടാതെ സ്വത്ത് ഭാഗിച്ചെടുക്കുന്ന മക്കൾ പ്രസ്തുത കടത്തിലേക്ക് ആവശ്യമായ വിഹിതം കഴിച്ചുള്ള സമ്പത്ത് മാത്രമേ അവർക്ക് അവകാശമുള്ളൂവെന്ന വസ്തുത പോലും അംഗീകരിക്കാൻ തയ്യാറാവുന്നില്ല. ഇത്തരക്കാർ മരിച്ചുപോയ മാതാപിതാക്കളുടെ സ്മരണ നിലനിർത്താനോ അവരുടെ കുടുംബ ബന്ധങ്ങൾ സ്ഥാപിക്കാനോ തയ്യാറാവുകയില്ല തീർച്ചതന്നെ. പ്രസ്തുത നിലപാട് പ്രവാചക നിർദേശത്തിന് കടകവിരുദ്ധമാണെന്ന് നാമൊക്കെ അറിഞ്ഞിരിക്കുന്നത് നന്ന്.

**ജീവിതകാലത്തു തന്നെ സ്വന്തം സന്തതികളാൽ മാതാപിതാക്കൾ അവഗണിക്കപ്പെടുന്ന ദുരവസ്ഥ ആധുനികകാലത്ത് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. വാപ്പയുടെ/ഉമ്മയുടെ വസ്വിയ്യത്തുകളൊന്നും ഞങ്ങൾ അറിയില്ല. ഞങ്ങൾക്കത് ബാധകവുമല്ല എന്നു വാദിച്ച് തിരസ്കരിക്കുന്ന സന്താനങ്ങൾ ഇക്കാലത്ത് ധാരാളമാണ്. സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട വസ്വിയ്യത്താണെങ്കിൽ പ്രത്യേകിച്ചും. സാമ്പത്തിക കടങ്ങൾ പോലും കൊടുത്തുവീട്ടാതെ സ്വത്ത് ഭാഗിച്ചെടുക്കുന്ന മക്കൾ പ്രസ്തുത കടത്തിലേക്ക് ആവശ്യമായ വിഹിതം കഴിച്ചുള്ള സമ്പത്ത് മാത്രമേ അവർക്ക് അവകാശമുള്ളൂവെന്ന വസ്തുത പോലും അംഗീകരിക്കാൻ തയ്യാറാവുന്നില്ല**

# 'അൻത നൂറുൻ ഫൗക നൂർ' എസ്.വൈ.എസ്. മീലാദ് ക്യാമ്പയിൻ ഉദ്ഘാടനം മലപ്പുറത്ത്

## ശിഹാബ് തങ്ങൾ ഓഡിറ്റോറിയത്തിലെ പ്രഥമ സംഗമം

**മലപ്പുറം:** സുന്നി യുവജനസംഘം സംഘടിപ്പിക്കുന്ന മീലാദ് ക്യാമ്പയിൻ *'റബീഅ് 2011'* ഉദ്ഘാടനം 2011 ഫെബ്രുവരി 5 ശനി വൈകുന്നേരം നാലു മണിക്ക് മലപ്പുറത്തെ ശിഹാബ് തങ്ങൾ ഓഡിറ്റോറിയത്തിൽ നടക്കും. മലപ്പുറം സുന്നി മഹലിനോടനുബന്ധിച്ച് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പുണ്യകരങ്ങളാൽ തറക്കല്ലിട്ട ഓഡിറ്റോറിയത്തിലെ പ്രഥമ ചടങ്ങ് കൂടിയാണിത്.

ഒരു മാസം നീണ്ടുനിൽക്കുന്ന ക്യാമ്പയിനോടനുബന്ധിച്ച് ഉദ്ഘാടന സമ്മേളനം, മഹല്ല്തല മൗലിദ് സദസ്സുകൾ, പഞ്ചായത്ത് സമ്മേളനങ്ങൾ, പ്രമേയ പ്രഭാഷണം, ലഘുലേഖ വിതരണം തുടങ്ങിയവ നടക്കും.

അഞ്ചിന് വൈകുന്നേരം നാലു മണിക്ക് സമസ്തഃ പ്രസിഡന്റ് കാളമ്പാടി മുഹമ്മദ് മുസ്‌ലിയാരുടെ നേതൃത്വത്തിൽ മൗലിദ് സദസ് നടക്കും. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ 'റബീഅ് 2011' ഉദ്ഘാടനം ചെയ്യും. ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ അധ്യക്ഷത വഹിക്കും. പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ, കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ, എം.ടി. അബ്ദുല്ല മുസ്‌ലിയാർ, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർ പ്രസംഗിക്കും.

സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ, സയ്യിദ് ജിഫ്‌രി തങ്ങൾ കക്കാട്, പി. കുഞ്ഞാണി മുസ്‌ലിയാർ, ചെമ്മുക്കൻ കുഞ്ഞാപ്പു ഹാജി, അഡ്വ.എം. ഉമർ എം.എൽ.എ, കെ.പി.മുസ്തഫ എന്നിവർ പങ്കെടുക്കും. അബ്ദുസ്സമദ് പൂക്കോട്ടൂർ പ്രമേയ പ്രഭാഷണം നടത്തും. പി.പി. മുഹമ്മദ് ഫൈസി സ്വാഗതവും ഹാജി കെ. മമ്മദ് ഫൈസി നന്ദിയും പറയും.

# ജില്ലാ സ്വദർമുഅല്ലിം സംഗമം ശ്രദ്ധേയമായി

**കോഴിക്കോട്:** 'വിദ്യാഭ്യാസം വിമോചനത്തിന്' പ്രമേയത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ നടത്തുന്ന വിദ്യാഭ്യാസ ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ സമസ്തയുടെ മദ്റസകളിലെ മുഴുവൻ പ്രധാനാധ്യാപകരെയും പങ്കെടുപ്പിച്ച് നടത്തിയ ജില്ലാ സ്വദർമുഅല്ലിം സംഗമം ശ്രദ്ധേയമായി. സമസ്ത വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി കോട്ടുമല ടി.എം ബാപ്പു മുസ്‌ലിയാർ സംഗമം ഉദ്ഘാടനം ചെയ്തു. എൻ.എം ശംസുദ്ദീൻ ഹാജി പതാക ഉയർത്തി. കെ.കെ. ഇബ്റാഹീം മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു.

പൊതുപരീക്ഷാ അവാർഡ് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി വിതരണം ചെയ്തു. അബ്ദുസ്സമദ് പൂക്കോട്ടൂർ, ഉമർ ഫൈസി മുക്കം, പിണങ്ങോട് അബൂബക്ർ, സി.എച്ച്. ത്വയ്യിബ് ഫൈസി ക്ലാസെടുത്തു.

ആർ.വി കുട്ടിഹസൻ ദാരിമി, എ.വി. അബ്ദുറഹിമാൻ മുസ്‌ലിയാർ, എം.സി മായിൻ ഹാജി, യു.കെ അബ്ദുൽ ലത്തീഫ് മൗലവി, സൈനുൽ ആബിദീൻ തങ്ങൾ, സലാം ഫൈസി മുക്കം, എ.കെ റഷീദ് ഫൈസി വെള്ളായിക്കോട്, പി.ടി അബ്ബാസ് ഫൈസി, ഉസ്മാൻ ഫൈസി പന്തിപ്പൊയിൽ, കണ്ണാടി മൊയ്തീൻ, കെ.സി അഹമ്മദ്കുട്ടി മൗലവി, പി.ഹസൈനാർ ഫൈസി പ്രസംഗിച്ചു.



*കോഴിക്കോട് ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിച്ച സ്വദർമുഅല്ലിം സംഗമം കോട്ടുമല ടി.എം ബാപ്പു മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു*

## സുന്നിഐക്യം വിഘടിതർ ഇരട്ടത്താപ്പ് നയം വെടിയുക

സുന്നിഐക്യ വിഷയത്തിൽ കാന്തപുരത്തിന്റെ നിലപാട് സംശയാസ്പദമാണെന്നും ശംസുൽ ഉലമയുടെ കാലഘട്ടം മുതൽ സമസ്ത ആത്മാർത്ഥമായി സഹകരിച്ചു പോരുമ്പോഴും ഇക്കാലമത്രയും ഐക്യത്തിന് തുരങ്കംവെച്ചത് കാന്തപുരമാണെന്നും എന്നാൽ സ്വന്തം സ്ഥാപനസമ്മേളന വിജയങ്ങൾക്ക് വേണ്ടിയാണ് സുന്നി ഐക്യ ശ്രമങ്ങളെ ഉപയോഗപ്പെടുത്തുന്നതെന്നും വരാനിരിക്കുന്ന സർക്കാറിൽ നിന്ന് ലഭിക്കേണ്ടിയിരിക്കുന്ന ആനുകൂല്യത്തിന് വേണ്ടിയാണ് ഇപ്പോൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ഐക്യാഹ്വാനങ്ങൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും അതുകൊണ്ട് ഇരട്ടത്താപ്പ് നയം വെടിഞ്ഞ് കഴിഞ്ഞുപോയ തെറ്റുകൾ തിരുത്തി ആത്മാർത്ഥമായി സുന്നി ലയനത്തിനു കാന്തപുരം മുന്നോട്ടുവരണമെന്നും ജില്ലാ സ്വദർമുഅല്ലിം സംഗമം ആവശ്യപ്പെട്ടു.

# കേരള മുസ്‌ലിം പുരോഗതിക്ക് കാരണം ഉലമാ-ഉമറാ ഐക്യം

**കാസർകോട്:** കേരളത്തിൽ ഇന്ന് മുസ്‌ലിംകളിൽ കാണുന്ന വിദ്യാഭ്യാസ-സാമൂഹിക-സാംസ്‌കാരിക-സാഹിത്യ രംഗത്തുള്ള പുരോഗതിക്ക് കാരണം പണ്ഡിതന്മാരുടെ നേതൃത്വത്തിൻ കീഴിൽ മഹല്ല് തലങ്ങളിൽ ഉലമാക്കളും ഉമറാക്കളും ഐക്യത്തോടെ പ്രവർത്തിച്ചതുകൊണ്ടാണെന്ന് സമസ്ത ജില്ലാ സെക്രട്ടറി യു.എം. അബ്ദുറഹിമാൻ മൗലവി പ്രസ്താവിച്ചു. എസ്.വൈ.എസ്. ജില്ലാ മുൻ വൈസ് പ്രസിഡന്റും എം.ഐ.സി ഉപാധ്യക്ഷനുമായിരുന്ന കല്ലട അബ്ബാസ് ഹാജി അനുസ്മരണ യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡന്റ് എം.എ ഖാസിം മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. എം.എസ്.തങ്ങൾ മദനി ഉദ്ഘാടനം ചെയ്തു. മംഗലാപുരം-ചെമ്പരിക്ക ഖാസി ത്വാഹാ അഹ്മദ് മൗലവി ദിക്റ് ഹൽഖയ്ക്കും പ്രാർത്ഥനക്കും നേതൃത്വം നൽകി.

സമസ്ത വിദ്യാഭ്യാസ ബോർഡ് മാനേജർ പിണങ്ങോട് അബൂബക്കർ അനുസ്മരണ പ്രഭാഷണം നടത്തി. ചെർക്കളം അബ്ദുല്ല, കല്ലട മാസ്റ്റർ, പി.എസ്. ഇബ്‌റാഹീം ഫൈസി ജെഡിയാർ, റഷീദ് ബെളിഞ്ചം, കല്ലട നിസാർ, കൊല്ലമ്പാടി സൈനുദ്ദീൻ ഹാജി, എം.പി. മുഹമ്മദ് ഫൈസി, എസ്.പി. സലാഹുദ്ദീൻ, മുബാറക് ഹസൈനാർ ഹാജി തുടങ്ങിയവർ സംബന്ധിച്ചു.

ജില്ലാ സെക്രട്ടറി എം.അബ്ദുല്ല മുഗു സ്വാഗതവും ബദറുദ്ദീൻ ചെങ്കള നന്ദിയും പറഞ്ഞു.

# 'ബാലഇന്ത്യ' സംഘടിപ്പിച്ചു

**രണ്ടത്താണി:** കിഴക്കേപ്പുറം സുബുലുസ്സലാം ഹയർ സെക്കന്ററി മദ്രസ-നജാത്ത് പബ്ലിക് സ്കൂൾ എന്നിവ സംയുക്തമായി റിപ്പബ്ലിക് ദിനം ആഘോഷിച്ചു. പി.ടി. കുഞ്ഞിമുഹമ്മദ് ഹാജി പതാക ഉയർത്തി. പി.ആർ.റാഫി മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു.

സാദിഖ് റഹ്മാനി റിപ്പബ്ലിക്ദിന സന്ദേശം നൽകി. പരിയാരത്ത് ശാഫി, ഹാഫിള് ആബിദ് പ്രസംഗിച്ചു. വിദ്യാർത്ഥികൾ അണിനിരന്ന ബാലഇന്ത്യ ശ്രദ്ധേയമായി. അന്നസ്വീഹ കൈയ്യെഴുത്ത് മാസിക സെക്രട്ടറി പ്രകാശനം ചെയ്തു. എസ്.കെ.എസ്.ബി.വി റെയ്ഞ്ച് വൈസ് പ്രസിഡന്റ് ആശിഖ് ഏറ്റുവാങ്ങി. സൈഫുദ്ദീൻ മുസ്‌ലിയാർ, ജമാലുദ്ദീൻ ഹുദവി പ്രസംഗിച്ചു. അബ്ദുല്ല ഹുദവി പ്രാർത്ഥന നടത്തി.

# ശിൽപശാല സംഘടിപ്പിച്ചു

**തലക്കുളത്തൂർ:** റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഏകദിന ശിൽപശാല-വഴിയൊരുക്കം-1432 ജംഇയ്യത്തുൽ മുഅല്ലിമീൻ കോഴിക്കോട് ജില്ലാ അധ്യക്ഷൻ സയ്യിദ് സൈനുൽ ആബിദീൻ തങ്ങൾ ഉദ്ഘാടനം ചെയ്തു.

റെയ്ഞ്ച് പ്രസിഡന്റ് ടി.അക്ബർ ശാഹിദ് അൻവരി അധ്യക്ഷതവഹിച്ചു. സമസ്തഃ മാനേജർ പിണങ്ങോട് അബൂബക്കർ ക്ലാസെടുത്തു.

റെയ്ഞ്ച് ജനറൽ സെക്രട്ടറി എം.ടി. മൂസ ദാരിമി സ്വാഗതം പറഞ്ഞു. റെയ്ഞ്ചിലെ പൊതുപരീക്ഷാ റാങ്ക് ജേതാക്കൾക്കുള്ള അവാർഡ്ദാനം അത്തോളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കാഞ്ഞീരോളി മുഹമ്മദ് കോയ നിർവഹിച്ചു. റെയ്ഞ്ച് സെക്രട്ടറി പി. മൂസ മുസ്‌ലിയാർ നന്ദി പറഞ്ഞു.



*തലക്കുളത്തൂർ റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഏകദിന ശിൽപശാലയിൽ പിണങ്ങോട് അബൂബക്കർ ക്ലാസെടുക്കുന്നു.*



*റിപ്പബ്ലിക് ദിനത്തിൽ മൊറയൂർ റെയ്ഞ്ച് എസ്.കെ.എസ്.ബി.വി സംഘടിപ്പിച്ച ബാലഇന്ത്യ അബ്ദുസ്സമദ് പൂക്കോട്ടൂർ ഉദ്ഘാടനം ചെയ്യുന്നു.*

# 'മതവിദ്യ മനസ്സിനെ സംസ്കരിക്കാൻ'

**മുള്ളൂർക്കര:** ഭൗതിക വിദ്യാഭ്യാസം മനുഷ്യന് ബുദ്ധിപരമായ വികാസമാണ് നൽകുന്നതെങ്കിൽ മതപരമായ വിദ്യാഭ്യാസംമൂലം മനുഷ്യന് മാനസികമായ വികാസവും സംസ്കാരവുമാണ് ലഭിക്കുന്നതെന്ന് സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ് അംഗം കെ.എം. അബ്ദുല്ല മാസ്റ്റർ പ്രസ്താവിച്ചു.

മുഅല്ലിം ദിനത്തിന്റെ ഭാഗമായി മുള്ളൂർക്കര റെയ്ഞ്ച് കമ്മിറ്റി സംഘടിപ്പിച്ച മുഅല്ലിം-മാനേജ്മെന്റ് കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എം.പി. കുഞ്ഞിക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. മുഫത്തിശ് പി സൈനുദ്ദീൻ മുസ്‌ലിയാർ, സുന്നി മഹല്ല് ഫെഡറേഷൻ മേഖലാ പ്രസിഡന്റ് ഹാജി സി.വി. ഹംസ മൗലവി, റെയ്ഞ്ച് പ്രസിഡന്റ് വി. മുഹമ്മദലി ബാഖവി, സെക്രട്ടറി പി. മുഹമ്മദലി മുസ്‌ലിയാർ, ഹാജി കെ.എ. മുഹ്‌യുദ്ദീൻ പ്രസംഗിച്ചു.

വിചാരപഥം

# ആദരങ്ങൾ

▸▸ പിണങ്ങോട്

പ്രമുഖ വ്യവസായി ശ്രീ ചിറ്റിലപ്പള്ളി ഒരു കിഡ്നിയും അത് വെച്ചു പിടിപ്പിക്കാനുള്ള പൂർണ്ണ ചെലവും വാഗ്ദാനം ചെയ്തത്രെ! നിർധനനായ കിഡ്നി ആവശ്യക്കാരന് ഇങ്ങനെ ഒരു സഹായം ചെയ്യാൻ മനസ്സ് കാണിച്ച വ്യവസായിയെ മാധ്യമലോകം അധികം ശ്രദ്ധിച്ചില്ല. മേൽവാർത്ത വായിച്ച ഐ.എ.എസുകാരനും മുൻ കോഴിക്കോട് ജില്ലാ കലക്ടറുമായിരുന്ന സൂരജ് തന്റെ കിഡ്നി സംഭാവന ചെയ്യാൻ അനുവാദം ചോദിച്ചു ചീഫ് സെക്രട്ടറിക്ക് കത്തയച്ച വാർത്തയും വാർത്തയായില്ല.

പള്ളി ഉണ്ടാക്കുന്നത് വാർത്തയല്ലെന്നും പൊളിക്കുന്നതാണ് പ്രധാന വാർത്തയെന്നും മാധ്യമക്കാർ പഠിച്ചുവച്ചിട്ടുണ്ടല്ലോ. 2011 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് 31 പത്മഭൂഷൻ ബഹുമതിയും 84 പത്മശ്രീ ബഹുമതിയും കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ സിവിലിയൻ ബഹുമതിയായ ഭാരതരത്നക്ക് യോഗ്യരായ ആരും കഴിഞ്ഞ വർഷം (2010) ഇന്ത്യയിലുണ്ടായില്ലെന്നതിനാൽ ആ ബഹുമതിക്കാരും അർഹത നേടിയതുമില്ല. മൂന്നു മലയാളികൾക്ക് പത്മഭൂഷനും പതിനഞ്ച് മലയാളികൾക്ക് പത്മശ്രീയും കിട്ടി.

ഉഷാഉതുപ്പിനും കൊടുത്തു ഒരു പത്മശ്രീ -സ്റ്റേജിളക്കി പാടുന്നത് മഹാകാര്യമാണെന്ന് വിചാരിക്കുന്നവർക്ക് സന്തോഷമായി. എന്നാൽ ഒ.എൻ.വിക്കും ഡോക്ടർ ആസാദ് മൂപ്പനും ലഭിച്ച അംഗീകാരത്തിന് തിളക്കവും അർത്ഥവും ഉണ്ട്.

“വൈദ്യം വ്യാപാരവൽക്കരിക്കപ്പെട്ട കാലത്ത് മികച്ച ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് മൂപ്പൻ വഹിച്ചിട്ടുണ്ട്. നല്ല ഫീസും വൻതുകയും വേണമെങ്കിലും മികച്ച ഉപകരണവും വൃത്തിയും വിദഗ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയ ആശുപത്രി സ്ഥാപിച്ചു എന്നത് മനസ്സുകൊണ്ട് സന്തോഷിക്കേണ്ട കാര്യമാണ്. പണക്കാർക്ക് മാത്രമല്ല, പണം കടം വാങ്ങിയാലും വിദഗ്ധ ചികിത്സ ലഭിക്കുന്ന സൗകര്യം സൗകര്യം തന്നെയല്ലേ?

കുറച്ചു കാലങ്ങളായി ചലച്ചിത്ര അവാർഡുകൾ പോലെ സിവിലിയൻ അവാർഡുകളും ചില കൈകൾ വഴി കിട്ടുന്നതാണെന്ന് വരുന്നുണ്ട്. ഇത്ര സുഖമുള്ള ഏർപ്പാടല്ല. പ്രത്യേകിച്ച് ചലച്ചിത്ര മേഖലയ്ക്ക് നൽകുന്ന അവാർഡ് ഓക്കാനംവരുത്തുന്നതാണ്.

സകല ആഭാസങ്ങളും പ്രചരിപ്പിക്കുന്ന തിന്മയുടെ അച്ചുതണ്ടാണ് ‘സിനിമ’. കള്ളം, പൊലിപ്പിക്കൽ, ചീത്തവിളി, വഞ്ചന-ഇതൊക്കെ അഭിനയിച്ചു കാണിക്കുന്നവന് പ്രതിഫലം കോടികൾ. അത്തരക്കാർക്ക് ദേശീയാംഗീകാരവും കൂടിയായാൽ സാംസ്കാരികം എന്നു പറയുന്നതെന്താണ്? കിടപ്പറ രഹസ്യം, മുഴുത്ത തെറിപ്രയോഗം-ഇതൊക്കെ സിനിമയിൽ സാധാരണം. രാജ്യത്തെ പാവപ്പെട്ടവന്റെ നികുതിപ്പണം ഈ കോടീശ്വരൻമാർക്ക് അവാർഡ് നൽകാനുപയോഗപ്പെടുത്തുന്നത് പന്തിയല്ലെന്ന് തോന്നുന്നത് ബുദ്ധിഭ്രമം കൊണ്ടല്ല.

ക്രിക്കറ്ററെ ലേലംകൊണ്ട വാർത്ത പത്രങ്ങളിൽ വന്നിരുന്നുവല്ലോ. എത്ര കോടികളാണിവർ വാരുന്നത്. എന്താണവരിൽനിന്നും കളിയിൽനിന്നും ലഭിക്കുന്ന സന്ദേശം. ഒരു സിനിമാനടന് കേണൽ പതവി, വേറൊരാൾക്ക് ഡോക്ടറേറ്റ്, ചിലർക്ക് പത്മഭൂഷൻ, ചിലർക്ക് പത്മശ്രീ. സമൂഹത്തിന് നന്മയുടെ ഒരു സന്ദേശവും നൽകാതെ കോടികൾ വാരിക്കൂട്ടിയതിനാണോ ഈ ബഹുമതികൾ?

അഭിനയം എന്ന സിദ്ധിക്കാണെങ്കിൽ ‘ഏകലോചന’ പോലുള്ള ഉന്നത സിദ്ധികളായിരുന്നില്ലേ പരിഗണിക്കുക. 105 കോടി ജനങ്ങൾ പാർക്കുന്ന ഭാരതത്തിൽ പലപ്പോഴും ഇത്തരം സിവിൽ ബഹുമതികൾ സാധാരണക്കാരിൽ യാതൊരു ചലനവും ആദരവും സൃഷ്ടിക്കാത്തതിന്റെ കാരണം ഉത്തരവാദപ്പെട്ടവർ പഠിച്ചു നോക്കണം.

നല്ല കവിത രചിച്ചു സാഹിത്യത്തെ സമ്പന്നമാക്കിയ ഒ.എൻ.വിയും, മികച്ച ചികിത്സ ഒരുക്കി സമൂഹപ്രതിബദ്ധത പുലർത്തിയ മൂപ്പനും ആദരിക്കപ്പെടുന്നത് ന്യായം.

പള്ളികൾ നിർമിക്കാൻപോലും കമ്മീഷൻ വാങ്ങാൻ ചങ്കൂറ്റം(?) കാണിക്കുന്നവർ പാർക്കുന്ന കേരളത്തിൽ ഇതൊന്നും അത്രവലിയ കാര്യമല്ലെന്നറിയാം. 50 ലക്ഷം രൂപ ‘അറബി’ പള്ളിയുണ്ടാക്കാൻ കൊടുത്താൽ 20 ലക്ഷം (40 ശതമാനം) സ്വന്തമെടുത്തു 30 ലക്ഷത്തിന്റെ പള്ളിയുണ്ടാക്കി ഉദ്ഘാടനത്തിന് വന്നു മണി മണിയായി ആയത്തോതി വഅള് പറഞ്ഞു ബിരിയാണി അടിച്ചു പോകുന്നവരും ഈ നാട്ടിൽ പാർക്കുന്നുണ്ടല്ലോ. നല്ല ഒന്നാംതരം മൊബൈൽ, വിലകൂടിയ ലക്ഷറി കാർ, ഫ്ളാറ്റ്-ഇതൊക്കെ നിത്യസംഭവമായ കാലത്ത് പിണറായി വിജയൻ പറഞ്ഞമാതിരി നികൃഷ്ടജീവികൾ എന്നെങ്കിലും ഇവരെക്കുറിച്ച് വിലയിരുത്തേണ്ടേ?

നന്മകൾ കാണുന്ന കണ്ണ് മാധ്യമങ്ങൾക്ക് കുറഞ്ഞുവരികയാണോ? പണം കിട്ടിയാൽ ഏത് ആംഗിളിൽ വെച്ചും പടമെടുത്തു പർവ്വതീകരിച്ചു പണി ഒപ്പിക്കുന്ന ധർമ്മം എന്തു ധർമ്മമാണ്. തങ്ങൾ നടത്തുന്ന സ്വകാര്യ സ്ഥാപനമുറ്റത്ത് തടിച്ചുകൂടുന്ന ജനത്തിന് കണക്കുണ്ടാവുമല്ലോ? കോളേജ് അന്തേവാസികൾ, ആശ്രിതർ, അരിവെപ്പുകാർ, പിന്നെ നാല് ദിക്കിൽ നിന്നു വരുന്ന ഏതാനും ആളുകളും ചേർന്നാൽ അഞ്ചോ പത്തായിരമോ വരും. ഇത് വണ്ണം വെപ്പിച്ചെടുക്കാൻ കോൺട്രാക്ട് എടുത്ത ചാനൽ വിശാരദന്മാർ കാണിക്കുന്നതോ, കാണിച്ചതോ? അപ്പോൾ പണമാണ് പ്രശ്നം. എന്നല്ല പണം മാത്രമാണ് പ്രശ്നം.

ധനമുണ്ടെങ്കിൽ എന്തുമാവാമെന്നല്ല, എന്തുമാക്കിത്തരാം എന്നതാണ് അവസ്ഥ. ഇസ്ലാമിനെ കുറിച്ച് പറയുമ്പോൾ ചിലർക്ക് ചൊറിയുകയാണ്. ദീനിന്റെ വിധിവിലക്കുകളൊന്നും അവർക്ക് സഹിക്കുന്നില്ല. അവർ നീട്ടിവലിച്ച് ആക്ഷേപിക്കുന്നു. പ്രിയപ്പെട്ട സഹോദരങ്ങളെ, മരിക്കണമെന്ന ഓർമ നല്ലതാണ്. കാന്തപുരക്കാർക്ക് മഹ്ശറിൽ ഹിസാബില്ലെന്നു വരില്ലല്ലോ.

**അധികവായനക്ക്:**

* കമാലിയ മെഡിക്കൽ കോളേജ് തർക്കം സംബന്ധിച്ച് കടവ് റിസോർട്ടിൽ നടന്ന അനുരഞ്ജന യോഗത്തിൽ ........നേതാവിന്റെ കോളർ പിടിച്ചെങ്കിൽ!?

* സിദ്ദീഖാബാദ്: ഇ.സുലൈമാൻ മുസ്ലിയാരുടെ നേതൃത്വത്തിൽ നടന്ന ജനറൽബോഡി മീറ്റിംഗിലെ അടിപിടി; പല്ല് പോയവർ, മൂക്ക് പൊട്ടിയവർ, മുഖം കൊണ്ട് അടി തടഞ്ഞവർ!?.

വെറുതെയല്ല സുമനസ്സുകൾ ഇവരെ ഭയക്കുന്നത്.